ബലാൽസംഗം ചെയ്യപ്പെട്ട സ്ഥിതിയാണ് ഉള്ളത്, ബാക്കി സംഗതികൾ നിങ്ങളോടു തുറന്നു പറഞ്ഞാൽ ഞങ്ങളുടെ ജീവൻതന്നെ അപകടപ്പെടും. അതുകൊണ്ട് ഞങ്ങൾ പറയുകയില്ല എന്നാണ്. വളരെ നിർബന്ധിച്ചതിനുശേഷം മാത്രമാണ് അവർ സംഗതികൾ തുറന്നു പറഞ്ഞത്. ഇപ്പോഴും അവർ ഭയത്തോടുകൂടിയാണ് ജീവിക്കുന്നത്. ഇൻഡ്യാ രാജ്യത്ത് എവിടെയും തൊഴിൽ തേടി പോകുന്നതിനും ജീവിക്കുന്നതിനും ഉള്ള സാഹചര്യം ഉണ്ടാകേണ്ടത് വളരെ പ്രധാനമാണ്. ഇക്കാര്യത്തിൽ ഈ ഗവൺമെന്റ് എന്താണ് ചെയ്തത്? കേരളത്തിലെ ജനങ്ങളുടെ വികാരം കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ? യു.പി. ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ? ഗവൺമെന്റ് ഈ നിയമസഭയുടെയും ഗവൺമെന്റിന്റെയും വികാരം അറിയിക്കുകയും മാനമായി ജോലി ചെയ്യാനുള്ള അവകാശം, ഈ രാജ്യത്ത് തന്റെ മാനം സംരക്ഷിക്കുന്നതിനുള്ള അവകാശം ഈ രാജ്യത്തെ സ്ത്രീകൾക്ക് ഉണ്ടാകുമോ എന്നും അതിന് എന്തു നടപടിയാണ് സ്വീകരിച്ചതെന്നും അറിയേണ്ടതായി ഉണ്ട്.

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): സർ, ബസ്തിയിൽ നടന്ന സംഭവവികാസങ്ങൾ വളരെയധികം ആശങ്കയോടും ഉത്കണ്ഠയോടുംകൂടിയാണ് നമ്മുടെ ജനങ്ങൾ അറിഞ്ഞത്. അതിനെ സംബന്ധിച്ചുള്ള പത്രവാർത്തകൾ അറിഞ്ഞ ഉടനെതന്നെ ഞാൻ യു. പി. യിലെ മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടു. അദ്ദേഹത്തിന് കേരളത്തിലെ ജനങ്ങളുടെയും ഗവൺമെന്റിന്റെയും ഈ കാര്യത്തിലുള്ള ആശങ്ക അറിയിച്ചുകൊണ്ട് ഞാൻ ഒരു കത്ത് അയച്ചിരിക്കുകയാണ്. ഇതിനിടയിൽ യു.പി. ഗവൺമെന്റ് ഇക്കാര്യത്തിൽ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. അവർ ഇതിനെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഞാൻ അങ്ങോട്ട് അയച്ചിട്ടുള്ള കത്തിന് ഉടനെതന്നെ മറുപടി കിട്ടും, വിശദീകരണം കിട്ടും എന്നു ഞാൻ പ്രതീക്ഷിക്കുകയാണ്. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച വികാരത്തോടു പൂർണ്ണമായി യോജിക്കുന്നു. ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും ജനങ്ങളുടെയും വികാരമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. ഇക്കാര്യത്തിൽ ഗവൺമെന്റ് നമ്മുടെ കഴിവിൽ ഉള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

IV ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജററിലെ ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ച

ധനാഭ്യർത്ഥന II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന രണ്ടാം ധനാഭ്യർത്ഥനയുടെ പേരിൽ 4,50,55,000 രൂപയുടെ ഗ്രാന്റ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri N. I. Devassikutty: Sir, I move that the total allotment of Rs. 4,50,55,000 under Demand II- Heads of States, Ministers and Headquarters Staff be reduced by Rs. 100.

Shri M. P. Gangadharan: Sir, I move that the total allotment of Rs. 4,50,55,000 under Demand II - Heads of States, Ministers and Headquarters Staff be reduced by Rs. 100.

Shri V. Eacharan: Sir, I move that the total allotment of Rs. 4,50,55,000 under Deamnd II-Heads of States, Ministers and Headquarters Staff be reduced by Rs. 100. (To discuss the administrative matters)

Shri T. K. Ramakrishnan: Sir, I move that the total allotment of Rs. 4,50,55,000 under Demand II-Heads of States, Ministers and Headquarters Staff be reduced by Rs. 100. (To discuss in general)

Shri C. Vasudeva Menon: Sir, I move that the total allotment of Rs. 4,50,55,000 under Demand II - Heads of States, Ministers and Headquarters Staff be reduced by Rs. 100.

(To discuss the general policy)

Shri M. K. Krishnan: Sir, I move that the total allotment of Rs. 4,50,55,000 under Demand II - Heads of States, Ministers and Headquarters Staff be reduced by Rs. 100.

(To discuss in general)

Shri A. Neelalohithadasan Nadar: Sir, I move that the total allotment of Rs. 4,50,55,000 under Demand II - Heads of States, Ministers and Headquarters Staff be reduced by Rs. 100.

[Mr. Dy. Speaker in the Chair]

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: സർ, ഞാൻ ഈ ഡിമാൻഡിനെ എതിർക്കുകയാണ്. ഇവിടെ കുറെക്കാലമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രവണത വളർന്നുവരികയാണ്. അതിൽനിന്ന് ഒരു രാഷ്ട്രീയ പാർട്ടിയും അതീതമല്ല. എങ്കിലും ഇന്നത്തെ സർക്കാർ തസ്തികകൾ സൃഷ്ടിക്കുന്നതിൽ ഒരു മൽസരം തന്നെ നടത്തുന്നുവെന്ന് ആണ് എന്റെ ആക്ഷേപം. ഇതു കാരണം സ്റ്റേററിന്റെ വികസന പ്രവർത്തനങ്ങൾക്കു ചെലവാക്കാനുള്ള തുകയിൽ നിന്ന് ഭീമമായ ഒരു സംഖ്യ ശമ്പളം കൊടുത്തു മുടിക്കുന്നു എന്നുള്ളതാണ് ആക്ഷേപം. ഇക്കാര്യത്തിൽ ഒരു വെടിനിറുത്തൽ പ്രഖ്യാപനം എല്ലാ പാർട്ടികളും പ്രത്യേകിച്ച് ഇന്നത്തെ ഗവൺമെൻറും എടുക്കേണ്ടതാണ്. ഈ ഗവൺമെൻറു സ്റ്റേററിലെ പൊതു വികസന പ്രവർത്തനങ്ങളിൽക്കൂടി രാഷ്ട്രീയ വിവേചനം കാണിക്കുന്നു എന്നു ഞാൻ കുററപ്പെടുത്തുകയാണ്. ഇറിഗേഷൻ രംഗത്തായിരുന്നാലും പ്രത്യുൽപ്പാദന രംഗത്തായിരുന്നാലും അതുപോലെതന്നെ തൊഴിലാളികളുടെ കാര്യത്തിലായിരുന്നാലും വ്യാവസായികമായ കാര്യങ്ങളിലായിരുന്നാലും ഇത് മുഴച്ചു നിൽക്കുകയാണ്. അതിന് പല ഉദാഹരണങ്ങൾ ഉണ്ടെങ്കിലും ചില ഉദാഹരണങ്ങൾ മാത്രം പറയുവാൻ ആഗ്രഹിക്കുകയാണ്. മലപ്പുറം ഡിസ്ട്രിക്ടിലെ പൊന്നാനി താലൂക്കിലും തൃശ്ശൂർ ജില്ലയിലെ തലപ്പള്ളി താലൂക്കിലും ഉൾപ്പെട്ട ആയിരക്കണക്കിന് പുഞ്ചനിലങ്ങൾക്കു ഗ്യൂണം കിട്ടുന്നതിനും പമ്പു ചെയ്തു വെള്ളം വററിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

ചെലവു ചുരുക്കിക്കൊണ്ടു നടത്തുന്നതിന് സഹായകമായ, സ്രായിക്കടവ്, നരണിപ്പുഴ, ഉപ്പുങ്ങൽകടവ് എന്നീ സ്ഥലങ്ങളിലായി ബണ്ടുകൾ നിർമ്മിക്കുന്നതിനും റഗുലേറ്റർ കം ബ്രിഡ്ജ് ഉണ്ടാക്കുന്നതിനും കഴിഞ്ഞ ബഡ്ജററിൽ പണം ഉൾക്കൊള്ളിച്ചിരുന്നു. ഇക്കൊല്ലത്തെ ബഡ്ജററു വന്നപ്പോൾ ആ മൂന്നു പ്രധാനപ്പെട്ട പണികളും ബഡ്ജററിൽ നിന്ന് അപ്രത്യക്ഷമായിരിക്കുകയാണ്.

അതിനും പുറമെ സ്കൂളുകൾ അനുവദിച്ച കാര്യത്തിലും എനിക്കു ചിലതു പറയുവാനുണ്ട്. ആർക്ക് അനുവദിച്ചു എന്നുള്ളത് ഞങ്ങളെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ല. എവിടെ അനുവദിച്ചു എന്നുള്ളതിനാണ് പ്രസക്തി. ജനപ്രതിനിധികളുമായി ആലോചിച്ച് സ്കൂളുകളുടെ സ്ഥലം നിർണ്ണയിക്കുന്ന കാര്യത്തിൽ എന്താണ് സർ തെററ്? പിന്നണി പ്രദേശങ്ങൾക്കു അർഹിക്കുന്ന പരിഗണന കൊടുക്കേണ്ടേ? ഇക്കാര്യത്തിൽ നമ്മുടെ പൊതുമരാമത്തു മന്ത്രിയെ അഭിനന്ദിക്കുകയാണ്. അദ്ദേഹം എല്ലാ സ്ഥലങ്ങളിലും പൊതുമരാമത്തു പണികൾ ചെയ്യുന്നതിന് എല്ലാ എം. എൽ. എ. മാരുമായി ആലോചിച്ചുകൊണ്ട് ഒരു പരിപാടി ഉണ്ടാക്കുന്ന സമീപനം തുടർന്നുവരുന്നു. അതുപോലെ മററു മന്ത്രിമാർക്കും ചെയ്തുകൂടേ എന്നാണ് ചോദിക്കാനുള്ളത്. ധാരാളം സ്കൂളുകളുള്ളതിനിടയ്ക്ക് ഒരു സ്കൂൾ അനുവദിക്കുകയും രണ്ടുമൂന്നു മൈലുകൾ നടന്നാൽ മാത്രമേ പ്രൈമറി സ്കൂളിൽ എത്താൻ കഴിയൂ എന്നുള്ള സ്ഥലത്തു സ്കൂളുകൾ അനുവദിക്കാതെയിരിക്കുകയും ചെയ്തിട്ടുണ്ട്. ആ വക കാര്യങ്ങൾ പുനരാലോചിച്ച് അത്തരം പ്രദേശങ്ങൾക്കുകൂടി പരിഗണന കൊടുക്കണമെന്നാണ് പറയാനുള്ളത്. പല ഡിപ്പാർട്ടുമെൻറുകളും ഇന്നു കൈക്കൂലിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. ആർ.ടി.ഒ. ആഫീസുകളുടെ സ്ഥിതി ഗവൺമെൻറ് പ്രത്യേകം പരിഗണിക്കേണ്ട സ്ഥിതിയിൽ ഇരിക്കുകയാണ്. ഏതു കാര്യത്തിന് അവിടെ ചെന്നു അപേക്ഷ കൊടുത്താലും അതോടുകൂടി നിശ്ചിതമായ കൈക്കൂലി തുകയും കൊടുത്തുവെങ്കിൽ മാത്രമേ ഇന്ന് കാര്യങ്ങൾ നടക്കുകയുള്ളു എന്നുള്ള നിലയിലേക്ക് എത്തിയിരിക്കുകയാണ്. ആ കാര്യങ്ങളിലും വേണ്ട നടപടികൾ എടുത്തു അതൊന്നു ശുദ്ധമാക്കാൻ ശ്രമിച്ചാൽ തരക്കേടില്ല. എക്സൈസുകാരുടെ കാര്യവും ഒട്ടും വ്യത്യസ്തമല്ല. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ കർശനമായി നിയമം പാലിക്കാൻ പുറപ്പെട്ടാൽ, മദ്യഷാപ്പുകളിലെ കുത്തകകൾക്കെതിരായി എന്തെങ്കിലും ചെയ്താൽ അവൻെറ സ്ഥിതി സ്ഥലംമാററം ആയിരിക്കുമെന്നതിൽ സംശയമില്ല. അതുകൊണ്ട് അവനും വീറോടെ കൈക്കൂലി വാങ്ങിക്കുന്നതിൽ വ്യാപൃതനാകുകയാണ്.

പൊതുമരാമത്തു പണികൾക്കു ടെണ്ടർ വിളിച്ച് ചെലവു ചെയ്യുന്ന സംഖ്യയിൽ ഭീമമായ സംഖ്യ ഇന്നു പല തരത്തിൽ വീതം വച്ചു പോകുന്നു എന്നുള്ളത് സത്യമാണ്. അതുകൊണ്ട് ഈ പണികളൊക്കെ മോശമായിത്തീരുകയും വേഗത്തിൽ നാശമാവുകയും ചെയ്യുന്നു. അതുകൊണ്ടു ഗവൺമെൻറിൻെറ ആഭിമുഖ്യത്തിലുള്ള കൺസ്ട്രക്ഷൻ കോർപ്പറേഷനെക്കൊണ്ടു ഇത്തരം ജോലികൾ ചെയ്യിപ്പിച്ചാൽ ഒരു പരിധിവരെ അഴിമതികൾ ഇല്ലാതാക്കാൻ കഴിയും.

തൊഴിലില്ലായ്മ ഇല്ലാതാക്കാൻവേണ്ടി ഒരു വ്യവസായം നടത്താൻ ശ്രമിച്ചാൽ, അവർക്കു സഹായം കിട്ടേണ്ട സ്ഥാപനങ്ങളിൽനിന്ന് നിരുൽസാഹപ്പെടുത്തുകയാണ് ചെയ്യുന്നത് എന്നത് സത്യമാണ്. കുറെ പണവും മുടക്കിയിട്ട് കെ.എഫ്.സി. മാതിരിയുള്ള സ്ഥാപനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷയുമായി ചെന്നാൽ പല കാരണങ്ങൾ പറഞ്ഞ് നീട്ടി നീട്ടി കൊണ്ടുപോകുന്ന അവസ്ഥയാണുള്ളത്. അവർക്കു കൊടുക്കേണ്ട പെർസന്റേജു കൈക്കൂലി കൊടുത്തില്ലെങ്കിൽ പണം കിട്ടാതെയിരിക്കുന്ന പരിതഃസ്ഥിതി നിലനിൽക്കുന്നുണ്ട്. കുറെ പണം മുടക്കി കഴിഞ്ഞതുകാരണം ആ കുരുക്കിൽനിന്നും രക്ഷപ്പെടാനായി അവസാനം ആ കൈക്കൂലി കൊടുക്കുന്ന പ്രക്രിയയിൽ ചെന്നുപെട്ട് അവൻ രക്ഷപ്പെടും. അങ്ങനെ ആ പ്രക്രിയ തുടർന്നു പോകുന്ന ഗതിയാണ് വ്യവസായ സംരംഭങ്ങൾക്ക് അനുഭവമാകുന്നത്.

പ്രഗൽഭനായ ഒരു ആരോഗ്യമന്ത്രിയാണ് ഇന്നുള്ളത്. സർ, ആശുപത്രികളിലെ മരുന്നുകളുടെ പോരായ്മകൊണ്ട് സാധാരണക്കാരായ ജനങ്ങൾ ഇന്നു വളരെയധികം കഷ്ടപ്പെടുന്നുണ്ട്. അവശരായ ഇവർക്ക് ഡോക്ടർമാർ കുറിച്ചു കൊടുക്കുന്ന മരുന്ന് വാങ്ങാൻ വിഷമമാണ്. പ്രൈവററ് ആശുപത്രികളിൽ പണം ഈടാക്കുന്നതുമാതിരി സമ്പന്നരായവരിൽ ഒരു പരിധിവരെയുള്ളവരിൽനിന്നു ചികിൽസയ്ക്കു പണം ഈടാക്കുകയും, ആ പണംകൊണ്ട് സാധാരണക്കാർക്കു കൂടുതൽ മരുന്നു കൊടുക്കാൻ നടപടിയെടുക്കുകയോ അതിന് മററു സംവിധാനമെന്തെങ്കിലും കണ്ടെത്തുകയോ ചെയ്യണമെന്നാണ് എനിക്കുപറയുവാനുള്ളത്.

സർ, ഈ സഭയിലെ അങ്ങേ ഭാഗത്തുനിന്ന് ബഡ്ജററു ചർച്ചയിൽ ചിലർ, ഞങ്ങളുടെ നേതാവ് ശ്രീ. കരുണാകരൻ ഗുരുവായൂരിൽ പോയി തൊഴുന്നു എന്നോ തുലാഭാരം നടത്തുന്നു എന്നോ ഒക്കെ കളിയാക്കി സംസാരിക്കുകയുണ്ടായി. ഗുരുവായൂരിൽ പോകുന്നതിൽ എന്ത് അസാംഗത്യമാണുള്ളത്? ഈശ്വരവിശ്വാസമുള്ളവർ ചെയ്യുന്ന സംഗതിയാണ്. പല മതക്കാരും പലവിധത്തിൽ ആചരിക്കുന്നു എന്നുള്ളതൊഴിച്ചാൽ ഒരുവ്യത്യാസവുമില്ല. അപ്പുറത്തിരിക്കുന്ന ചില സുഹൃത്തുക്കൾ ശ്രീ. ആന്റണിയും കൂട്ടുകാരും അതുപോലെതന്നെ ശ്രീ. പി. കെ. വാസുദേവൻ നായരും കൂട്ടുകാരും, ഏലംകുളത്തു ശങ്കരൻ നമ്പൂതിരിപ്പാടിന്റെ മുൻപിൽ ഈ സഭയിൽത്തന്നെ എത്ര തവണ ഏത്തമിട്ടിട്ടുണ്ട്? ശ്രീ എ.കെ. ആന്റണി ദിവാസ്വപ്നം കാണുന്ന ആ മൂന്നാംചേരിക്കുവേണ്ടി അദ്ദേഹം ഇ.എം.എസ്സിന്റെ മുൻപിൽ ഭക്തിപുരസ്സരം എത്ര തുലാഭാരം നടത്തിയിട്ടുണ്ടു സർ? എന്നിട്ടാണ് അവർ ചന്ദ്രഹാസമിളക്കി ഞങ്ങളുടെ നേർക്കു വരുന്നത്.

സർ, പോലീസിന്റെ രംഗത്തും ചിലതൊക്കെ ചെയ്യാനുണ്ട്. പോലീസുകാർ ആശുപത്രികളിലൊക്കെ ഗാർഡ് നിൽക്കുന്ന ഏർപ്പാടുണ്ട്. അവർ മാറിമാറി നിൽക്കുന്ന അവസരത്തിൽ മറേറയാൾക്കു കിടക്കാനും മററും സൗകര്യങ്ങളില്ലാത്തതുകൊണ്ട് വളരെ കഷ്ടപ്പെടുന്നുണ്ട്. മാറി മാറി ഗാർഡുനിൽക്കേണ്ടിവരുന്നവർക്ക് കിടക്കാനും മററുമുള്ള സൗകര്യങ്ങളുണ്ടാക്കുന്നത് മനുഷ്യത്വപരമായ ഒരു പ്രവൃത്തിയായിരിക്കും. പല കേസുകളിലും കുററകരമായ അനാസ്ഥ പോലീസ് ഡിപ്പാർട്ടുമെൻറിൽ ഉണ്ടാകുന്നുണ്ട്. നിലമ്പൂർ ഭാഗത്ത് പൂക്കോട്ടുംപാടം എന്ന സ്ഥലത്ത് ഒരു സിനിമാ ടാക്കീസ് നാലുദിവസംമുൻപ് തീകത്തിച്ചു. പോലീസ് നായ്ക്കളെ ഉപയോഗിച്ചിട്ട് തെളിവു കിട്ടിയിട്ടുണ്ടെങ്കിലും ഒരു നടപടിയും എടുത്തിട്ടില്ലെന്നാണറിയുന്നത്. എല്ലാ പാർട്ടികളും ഒരുമിച്ച് പ്രതിഷേധം മുഴക്കുകയും ഒക്കെ ഉണ്ടായിട്ടുണ്ടെങ്കിലും ഇതുവരെ ഒരു നടപടിയും എടുത്തിട്ടില്ല. ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ട് ഡിമാൻഡിനെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. നൂറുദ്ദീൻ: സർ, നമ്മുടെ സംസ്ഥാനം കഴിഞ്ഞ കുറേക്കാലം ഭരണരംഗത്തെ അസ്ഥിരതകൊണ്ട് വിഷമിച്ചിരുന്ന സംസ്ഥാനമായിരുന്നു. ഈ സംസ്ഥാനം ഉടലെടുത്തശേഷം, ഇന്നു കേരളം ഭരിക്കുന്ന ഐക്യകക്ഷിസംവിധാനം നമ്മുടെ സംസ്ഥാനത്ത് ഉടലെടുക്കുന്നതുവരെയും ഈ സംസ്ഥാനത്തിന്റെ ഒരു തീരാശാപമായിട്ട് ജനങ്ങൾ കണക്കാക്കിയിരുന്നതാണ് ഭരണരംഗത്തെ അസ്ഥിരത. എന്നാൽ ആ ധാരണ മാററാനും ഭരണരംഗം കൂടുതൽ സ്ഥിരമെന്നും കൂടുതൽ ഭദ്രമെന്നും ബോദ്ധ്യപ്പെടുത്താനും കേരളസംസ്ഥാനത്ത് ഇന്നു ഭരിക്കുന്ന, ഈ ഭരണത്തിന് നേതൃത്വം നൽകുന്ന, ഐക്യകക്ഷിസംവിധാനത്തിനു കഴിഞ്ഞിട്ടുണ്ടെന്നുള്ളത് അഭിമാനാർഹമായ വസ്തുതയാണ്. ഭരണ സ്ഥിരതകൊണ്ടുമാത്രം കാര്യമായില്ല; ഭരണകൂടത്തിന്റെ നടപടികൾ കൂടി നോക്കണം. അങ്ങനെ നോക്കിയാലും ഈ ഭരണകൂടം ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃക കാണിച്ചുകൊടുക്കുമാറുള്ള നടപടികൾ ഈ കഴിഞ്ഞ കാലയളവിൽ ചെയ്തിട്ടുണ്ട് എന്നുള്ളതും അതിലേറെ നേട്ടമാണ്, അഭിമാനാർഹമാണ്. കാർഷികരംഗത്തായാലും ജൻമികുടിയാൻ രംഗത്തായാലും തൊഴിലില്ലാത്തവർക്കു നൽകുന്ന വേതനത്തിന്റെ കാര്യത്തിലായാലും വിദ്യാഭ്യാസരംഗത്തായാലും രാഷ്ട്രീയരംഗത്തായാലും എല്ലാം, ഇൻഡ്യയ്ക്കാകെ മാതൃക കാണിക്കാൻ ഈ ഭരണകൂടത്തിനും ഐക്യകക്ഷിസംവിധാനത്തിനും കഴിഞ്ഞിട്ടുണ്ട്. സർ, ഈ ഐക്യകക്ഷിസംവിധാനത്തെക്കുറിച്ചും നമ്മുടെ രാജ്യത്താകെ വരാനിരിക്കുന്ന പുതിയ രാഷ്ട്രീയ ശക്തിയുടെ ആവശ്യകതയെക്കുറിച്ചുമെല്ലാം ഊന്നൽ നൽകിക്കൊണ്ടുള്ള അഭിപ്രായപ്രകടനങ്ങൾ നടക്കുന്ന ഈയവസരത്തിൽ ആ പുതിയ രാഷ്ട്രീയശക്തി എന്തിനുവേണ്ടിയായിരിക്കണമെന്നുള്ള കാഴ്ചപ്പാടിനു വെളിച്ചം നൽകാനുപകരിക്കുമാറുള്ള ഒരു ബഡ്ജററിനെ പററി ഉള്ള ചർച്ചയാണ് നമ്മുടെ നിയമസഭയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ പ്രതിനിധികരിച്ചുകൊണ്ട് കേരള സംസ്ഥാനത്തിലെ കോൺഗ്രസ് ഘടകം അഖിലേന്ത്യാടിസ്ഥാനത്തിൽ വളർന്നുവരേണ്ട മൂന്നാമത്തെ ശക്തിയെക്കുറിച്ചു പറഞ്ഞപ്പോൾ പലരും പുച്ഛിച്ച് ആക്ഷേപിക്കുകയുണ്ടായി. പക്ഷേ ദിവസംകഴിയുന്തോറും ആ രംഗത്തേക്ക്, ഞങ്ങളുടെ ഭാഗത്തേക്ക്, കൂടുതൽ കൂടുതൽ ആളുകൾ, കൂടുതൽ കൂടുതൽ അഭിപ്രായങ്ങൾ, വന്നുകൊണ്ടിരിക്കുന്നു എന്നുള്ളത് സന്തോഷമുള്ള കാര്യമാണ്. സർ, കേരളത്തിലെ സ്ഥിരതയുള്ള ഭരണകൂടത്തെ നോക്കി ചില സുഹൃത്തുക്കൾ ആക്ഷേപങ്ങൾ ചൊരിയാതിരുന്നില്ല. ഈ കക്ഷിക്കു ഭരിക്കാൻ അർഹതയില്ലെന്നും ഭരണകൂടത്തിന്റെ അടിത്തറ തകർന്നിരിക്കുന്നുവെന്നും പരാതിപ്പെട്ടു നമ്മുടെ പ്രതിപക്ഷത്തെ ഞങ്ങളുടെ പഴയ സുഹൃത്തുക്കളാണ് ഏററവും കൂടുതലായി ആക്ഷേപമുന്നയിച്ചത്. ഒരു ഉപതിരഞ്ഞെടുപ്പിൽ ഐക്യകക്ഷിക്കു മൂന്നാമത്തെ സ്ഥാനമേ കിട്ടിയുള്ളൂ, അതുകൊണ്ട് അടിത്തറ തകർന്നു; ഐക്യകക്ഷിയിലെ ഒരു കക്ഷിയിൽനിന്ന് അല്പം ചിലയാളുകൾ പ്രതിപക്ഷത്തേക്കുമാറി, വേറെ ഒരു ചെറിയ കക്ഷിയും മാറി. അതുകൊണ്ട് അടിത്തറ തകർന്നു—ഇതൊക്കെയാണു വാദം. ഉപതിരഞ്ഞെടുപ്പിലുണ്ടാകുന്ന പരാജയം ആ ഭരണകൂടത്തിന്റെ അടിത്തറ തകർക്കലാണെന്നും അതിന്റെ ഫലമായി രാജിവയ്ക്കണമെന്നും ആണെങ്കിൽ ഞാൻ ചോദിക്കട്ടെ, കോൺഗ്രസ് ഉൾക്കൊള്ളുന്ന കഴിഞ്ഞ ഗവൺമെന്റിന്റെ ആഭ്യന്തരവകുപ്പുമന്ത്രിയായിരുന്ന ഇന്നത്തെ പ്രതിപക്ഷ നേതാവ് ഭരിക്കുമ്പോഴല്ലേ പറവൂരിൽ ഉപതിരഞ്ഞെടുപ്പു നടന്നത്? കോൺഗ്രസ് ആ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടപ്പോൾ രാജിവച്ച് മാതൃക കാണി

LIBRARY ARCHIVES Kerala Legislative Assembly

ക്കാതെ, ഇന്ന് തിരുവനന്തപുരം ഈസ്ററിലെ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു, അതുകൊണ്ട് രാജിവയ്ക്കണം എന്നു പറയുന്നതിന് എന്താണ് അർത്ഥം? സർ, പറവൂരിൽ മാത്രമല്ല കണ്ണൂർ ജില്ലയിൽ ഇരിക്കൂറിലും തിരഞ്ഞെടുപ്പു നടന്നു. ആ തിരഞ്ഞെടുപ്പിലും പരാജയപ്പെട്ടു. പക്ഷേ ഇന്ന് ഈ ഗവൺമെൻറിനോട് രാജിവയ്ക്കാൻ പറയുന്ന ഇന്നത്തെ പ്രതിപക്ഷ നേതാവായ അന്നത്തെ ആഭ്യന്തരമന്ത്രിക്കോ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന സുഹൃത്തുക്കൾക്കോ കഴിഞ്ഞില്ല. അതുകൊണ്ട് ഒന്നുകിൽ അദ്ദേഹം അന്നു സ്വീകരിച്ച നിലപാടു തെററ് അല്ലെങ്കിൽ ഇന്നു പറയുന്നതു തെററ് എന്നെങ്കിലും സമ്മതിക്കേണ്ടിവരും. ഇവിടെ ഐക്യമുന്നണി നിലവിലുണ്ട്. ആ ഐക്യമുന്നണിയിൽനിന്ന് പ്രതിപക്ഷനേതാവിൻെറ പാർട്ടിയിലേക്കു ചില സുഹൃത്തുക്കൾ പോയിട്ടുണ്ട്. മററു ചില കക്ഷിയിലെ ചില അംഗങ്ങളും പോയിട്ടുണ്ട്. പക്ഷേ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വമ്പിച്ച ഭൂരിപക്ഷം കിട്ടിയ ഐക്യമുന്നണിയുടെ ഭൂരിപക്ഷത്തിൻെറ തെല്ലുപോലും കുറയ്ക്കാൻ ഈ പോക്കുകൊണ്ടു കഴിഞ്ഞിട്ടില്ല എന്നുവരുമ്പോൾ അത് എങ്ങനെ സർ അടിത്തറതകരൽ ആകും? 111 അംഗങ്ങളുടെ ഭൂരിപക്ഷം കിട്ടിയ സ്ഥാനത്ത് 22 ആൾക്കാർ പോയാൽ അതു ജനാധിപത്യത്തിൽ അടിത്തറ തകർച്ചയാണെങ്കിൽ ആ ജനാധിപത്യത്തിൻെറ അർത്ഥം എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. ഇതു പറയുമ്പോഴും ഞങ്ങൾ വിഭാവന ചെയ്യുന്ന, കേരളത്തിൽമാത്രമല്ല ഇൻഡ്യയിലാകെ വളർന്നുവരേണ്ട മൂന്നാമത്തെ ശക്തിക്ക് ഊന്നൽ നൽകിക്കൊണ്ട് വേണം മുന്നോട്ടു പോകാനെന്നു ഞങ്ങളിപ്പോഴും വിശ്വസിക്കുന്നു. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഏററവും വലിയ ഭീഷണിയായി ഉയർന്നുനിൽക്കുന്നത് ആർ.എസ്.എസ്സിനും ജനസംഘത്തിനും നിയന്ത്രണമുള്ള ജനതയിലെ ഒരുവിഭാഗമുൾക്കൊള്ളുന്ന ഒരു ശക്തിയാണ്. അതോടൊപ്പം സഞ്ജയൻ നേതൃത്വം നൽകുന്ന, സഞ്ജയൻെറ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഇന്ദിരാ ഏകാധിപത്യ പാർട്ടിയും മറുഭാഗത്തുണ്ട്. സർ, ആർ.എസ്.എസ്സിനെതിരായി ഞാൻ സംസാരിക്കുമ്പോൾ മാർക്സിസ്ററു പാർട്ടിയിലെ സുഹൃത്തുക്കളുടെ അഭിപ്രായപ്രകടനങ്ങളെ ഞാൻ കാണാതിരിക്കുന്നില്ല. പക്ഷേ ഞാൻ ചോദിക്കട്ടെ, ധാർമ്മികമായി ആർ.എസ്.എസ്സിനെ എതിർക്കാൻ മാർക്സിസ്ററുപാർട്ടിക്ക് അവകാശമുണ്ടോ? ഇന്നു കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ജനതാ ഭരണകൂടത്തിൻെറ സാമ്പത്തികസഹായമുൾപ്പെടെയുള്ള സഹായങ്ങൾ സ്വീകരിച്ചുകൊണ്ട് ഇൻഡ്യയിലൊട്ടാകെ വളർന്നുവലുതായി പ്രവർത്തിക്കുന്ന ശക്തിയാണ് ആർ. എസ്. എസ്. എന്തിനു പറയുന്നു, വയോജനവിദ്യാഭ്യാസത്തിൻെറ പേരിൽ 200 കോടി രൂപയാണ് കേന്ദ്രത്തിലെ ജനതാ ഭരണകൂടം ആർ.എസ്.എസ്സിൻെറ നിയന്ത്രണത്തിലുള്ള സംഘടനകൾക്കു കൊടുത്തിരിക്കുന്നത്. ആ സംഖ്യ ഉപയോഗപ്പെടുത്തിയാണ് അഖിലേന്ത്യാടിസ്ഥാനത്തിൽ ആ സംഘടന പ്രവർത്തിക്കുന്നത്. അങ്ങനെ ആർ.എസ്.എസ്സിനു വളരാനും പ്രവർത്തിക്കാനും പ്രോൽസാഹനം നൽകുന്ന, സാമ്പത്തികസഹായമുൾപ്പെടെയുള്ള സഹായം നൽകുന്ന, നിലപാടു സ്വീകരിച്ച ആ ഭരണകൂടത്തിനു പിൻതുണ നൽകുകയും എന്നിട്ട് ആർ.എസ്.എസ്സിനെ എതിർക്കുന്നുവെന്നു പറയുകയും ചെയ്യുന്നതിലുള്ള യുക്തി എനിക്കു മനസ്സിലാകുന്നില്ല. ആർ.എസ്.എസ്സിനെ എതിർക്കുന്നതിൽ മാർക്സിസ്ററു പാർട്ടിക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ അവരാദ്യമായി ചെയ്യേണ്ടത് ആ സംഘടന വളരാൻ സാഹചര്യം സൃഷ്ടിക്കുന്ന ജനതാ ഭരണകൂടത്തിനു നൽകുന്ന പിൻതുണ പിൻവലിക്കുകയാണ്. അത്രയെങ്കിലും ആത്മാർത്ഥത കാണിക്കണമെന്നുമാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

10 ഓ.ന.] സർ, മഹാത്മാഗാന്ധിയുടെ നേതൃത്വത്തിലും ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലും ആർ. എസ്. എസ്സിനെതിരായും വർഗ്ഗീയ പിന്തിരിപ്പൻ ശക്തികൾക്കെതിരായും ഇൻഡ്യയിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് നടത്തിയ പോരാട്ടം ആർക്കും നിഷേധിക്കാൻ സാധിക്കുകയില്ല. അതിന്റെ അടിസ്ഥാനത്തിൽ ഇവരുടെ ഈ പ്രവർത്തനങ്ങൾകൊണ്ട് ഇൻഡ്യയ്ക്കും കേരളത്തിനും വിപത്തായിരിക്കും. അതുകൊണ്ട് ആർ. എസ്. എസ്. സംഘടനയെ കൂടുതൽ കർശനമായി നിയന്ത്രിക്കാനും അവരുടെ പ്രവർത്തനങ്ങൾ തടയാനും രാഷ്ട്രീയരംഗത്തും പ്രചരണരംഗത്തും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനുമുള്ള ഏർപ്പാടുകൾ നാം ആരംഭിക്കണമെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്.

സർ, നമ്മുടെ സംസ്ഥാനത്തിന് ഏററവും കൂടുതൽ വിഷമതയുണ്ടാക്കുന്ന ഒരു പ്രശ്നമാണ് ഇവിടത്തെ തൊഴിലില്ലായ്മ പ്രശ്നം. കാർഷികരംഗത്തെ അഭിവൃദ്ധികൊണ്ടല്ലാതെ ഈ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുകയില്ല. അതുപോലെ കാർഷികരംഗത്തെ പ്രവർത്തനങ്ങൾകൊണ്ടല്ലാതെ ഈ രംഗത്തെ പട്ടിണിക്ക് പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയില്ല. പൊതുവേ നമ്മുടെ രാജ്യത്ത് ഇൻഡ്യാക്കാർക്ക് മാതൃക കാണിക്കുമാറുള്ള ഒരു ബഡ്ജററ് അവതരിപ്പിച്ച് ആ ബഡ്ജററിനെക്കുറിച്ചുള്ള ചർച്ച നടന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, കൃഷിക്കാർക്ക് കൂടുതൽ പ്രോൽസാഹനം നൽകിക്കൊണ്ട് മുമ്പോട്ടു പോകുന്ന ഈ അവസരത്തിൽ ഒരു കാര്യം മറക്കാൻ പററില്ല. കൃഷിക്കാർക്ക് കൂടുതൽ സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ സംസ്ഥാനത്ത് ഇന്ന് കശുവണ്ടി രംഗത്ത് കൃഷിക്കാർ അനുഭവിക്കുന്ന വിഷമതകളും ബുദ്ധിമുട്ടുകളും പരാധീനതകളും നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. അതിന്റെ നേരെ നാം കണ്ണടച്ചിട്ട് കാര്യമില്ല. കണ്ണൂർ ജില്ലയിലെ മലയോര പ്രദേശത്തെ കുടിയേററ കർഷകർ അനുഭവിക്കുന്ന വിഷമതകൾ എണ്ണിയെണ്ണി വിവരിക്കാൻ സാധിക്കാത്തവിധം കൂടുതലാണ്. 3.80 രൂപയായി വില നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആ അടിസ്ഥാനത്തിൽ സംഭരിക്കാനുള്ള സംവിധാനം ഇതുവരെ കണ്ണൂർ ജില്ലയിൽ ഒരിടത്തും തന്നെ ഉണ്ടായിട്ടില്ല. കഴിഞ്ഞ കൊല്ലം പതിനായിരക്കണക്കിന് ടൺ കശുവണ്ടി സംഭരിക്കാൻ കഴിഞ്ഞ നമ്മുടെ സംസ്ഥാനത്ത് ഈ വർഷം 1000 കിലോപോലും സംഭരിക്കാൻ ഉള്ള സാഹചര്യം ഉണ്ടായിട്ടില്ല. ഈ കശുവണ്ടി സംഭരിക്കാനുള്ള ഡിപ്പോകൾ ഇതുവരെയായി സഹകരണ സംഘങ്ങൾ തുറന്നിട്ടില്ല. അവർ അതിന് പല ന്യായങ്ങളും പറയുന്നുണ്ട്. ജില്ലാ ബാങ്കിൽനിന്നും പണം എടുത്താൽ എടുക്കുന്ന തീയതി മുതൽ തന്നെ 15 ശതമാനം പലിശ കൊടുക്കണം. ഡിപ്പോ തുറന്ന് ഒരാളെ അവിടെ നിയമിച്ചാൽ അയാൾക്ക് ദിവസം 8 രൂപ കൂലി കൊടുക്കണം. തൊട്ട് അടുത്ത സ്ഥലത്ത് 6.10 വില ഉള്ളപ്പോൾ കൃഷിക്കാരന് ഈ ഡിപ്പോയിൽ കൊണ്ടുപോയി വില കുറച്ച് കൊടുക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് സർക്കാർ ആവശ്യപ്പെടുന്ന കേന്ദ്രങ്ങളിൽ അവർ കശുവണ്ടി കൊടുക്കാൻ ഇഷ്ടപ്പെടുകയില്ല എന്നത് സ്വാഭാവികമാണ്. പുറത്തു കൊണ്ടുപോയി നിയന്ത്രണം കാരണം കൊടുക്കാനും സാധിക്കുന്നില്ല. കശുവണ്ടി തീരെ കിട്ടാതിരിക്കണമെന്നാണ് ഈ നയം കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ അതിനോട് എനിക്ക് എതിർപ്പില്ല. സർക്കാർ മേഖലയിൽ കൂടുതൽ കശുവണ്ടി സംഭരിച്ചുകൊണ്ട് തൊഴിലാളികൾക്ക് ജോലി കൊടുക്കാൻകൂടി ഉപകരിക്കത്തക്കവിധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷനെ കൂടുതൽ ശക്തിപ്പെടുത്തണമെന്നുള്ള കാഴ്ചപ്പാടാണ് ഉള്ളതെങ്കിൽ ഇന്ന് നൽകുന്ന വിലയിൽ അൽപ്പം കൂടുതൽ അനുവദിച്ചുകൊണ്ട് ഈ രംഗത്ത് കൂടുതൽ ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെതന്നെ സംഭരണരംഗത്ത് ഇന്ന് ഉള്ള സ്തംഭനാവസ്ഥ പരിഹരിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം. സർവ്വീസ് സഹകരണസംഘങ്ങൾ ഇന്ന് സ്വീകരിക്കുന്ന സമീപനമനുസരിച്ചാണെങ്കിൽ കണ്ണൂർ ജില്ലയിൽ ഒരു സ്ഥലത്തും ഒരു അണ്ടിപോലും സർക്കാർ മേഖലയിലേക്ക് വരാൻ സാദ്ധ്യമല്ല. അതുകൊണ്ട് സർവ്വീസ് സഹകരണസംഘങ്ങൾക്ക് പ്രയാസമുണ്ടെങ്കിൽ അണ്ടി സംഭരിക്കുന്നതിനു ഡിപ്പോ തുറക്കുന്നതിന് സഹായം ചെയ്തുകൊടുക്കാനുള്ള മററ് എന്തെങ്കിലും സംവിധാനത്തെകുറിച്ചുകൂടി ഗവൺമെൻറ് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇല്ലെങ്കിൽ നമ്മുടെ സംസ്ഥാനം കണ്ണൂർ ജില്ല പ്രത്യേകമായും ഈ രംഗത്ത് പരാജയം ഉണ്ടാകുമെന്നുള്ള കാര്യം ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

സർ, നമുക്ക് ഭരണരംഗത്ത് ഇന്നത്തേതിനേക്കാൾ കുറേക്കൂടി കാര്യക്ഷമത ഉണ്ടാക്കേണ്ടതുണ്ട്. കാര്യക്ഷമത കുറയുന്നതിൽ ഒരു പ്രത്യേക വിഭാഗത്തെമാത്രം കുററപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഉദ്യോഗസ്ഥൻമാരെ മാത്രം കുററപ്പെടുത്തിയിട്ടു കാര്യമില്ല. അതുപോലെ സെക്രട്ടേറിയററിലെ ഉദ്യോഗസ്ഥൻമാരാണെങ്കിൽ അവരെ മാത്രം കുററപ്പെടുത്തിയിട്ട് കാര്യമില്ല. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം സ്വതന്ത്രഭാരതത്തിലെ ഉദ്യോഗസ്ഥൻമാരുടെ സമീപനം എന്തായിരിക്കണം, കാഴ്ചപ്പാട് എന്തായിരിക്കണം, കടമ എന്തായിരിക്കണമെന്നുള്ളത് ആലോചിച്ച് അതിന്റെ അടിസ്ഥാനത്തിൽപോലും ആ വിധത്തിലുള്ള ഒരു സംവിധാനം നമുക്ക് ഉണ്ടാക്കി തീർക്കാൻ കഴിയുന്നില്ല. അതിന് ഉത്തരവാദി ആരാണ് എന്നുള്ളത് ഞാൻ പറയുന്നില്ല. കേരള പിറവിക്കുശേഷം കേരളത്തിലും അഖിലേന്ത്യാടിസ്ഥാനത്തിലും ഭരണം കൂടുതൽ കാര്യക്ഷമമാക്കി തീർക്കത്തക്കവിധത്തിലുള്ള നടപടികളുമായി മുമ്പോട്ടു പോകുമ്പോൾ ഉദ്യോഗസ്ഥ രംഗത്ത് ഉള്ള ഉദ്യോഗസ്ഥൻമാരുടെ സമീപനം, ഉദ്യോഗസ്ഥൻമാരുടെ ലക്ഷ്യബോധം തുടങ്ങിയവയെല്ലാംകൂടി കണക്കിലെടുക്കാതിരിക്കാൻ നിവൃത്തിയില്ല. ആ വിധത്തിലുള്ള പുതിയൊരു സമീപനം സ്വീകരിക്കാനുള്ള ഉത്തേജനംകൂടി ഉദ്യോഗസ്ഥ സുഹൃത്തുക്കൾക്ക് നൽകിക്കൊണ്ട് നമ്മുടെ ഭരണം കൂടുതൽ കാര്യക്ഷമമാക്കാനുള്ള മററു നടപടികളുമായി മുമ്പോട്ടു പോകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സി. വാസുദേവമേനോൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. അടുത്ത ദിവസം നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി റേഡിയോയിലൂടെ ഒരു പ്രസംഗം ചെയ്തതാണ് എന്നുള്ള നിലയിൽ പത്രത്തിൽകൂടി കണ്ടത് അഴിമതി നമ്മുടെ രാജ്യത്ത് സമൂഹത്തിന്റെ ഒരു ഭാഗമായി കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ്. അതുകൊണ്ട് എന്റെ മന്ത്രിസഭയിലും അതെല്ലാം കാണുമെന്നായിരിക്കും ആ പറഞ്ഞതിന്റെ വിവക്ഷ. ഈ മന്ത്രിസഭയുടെ ആവിർഭാവം തന്നെ അഴിമതിയിലൂടെ ആണ്. ഇന്നും അഴിമതിയിലാണ് പ്രവർത്തിക്കുന്നത്. ഒരു പക്ഷേ അദ്ദേഹം തന്റെ മന്ത്രിസഭയിൽ അഴിമതി നടക്കുന്നില്ലെന്നും താൻ

LIBRARY ARCHIVES Kerala Legislative Assembly

അതിന് കൂട്ടുനിൽക്കുന്നില്ലെന്നും മുഖ്യമന്ത്രിയെന്നുള്ള നിലയിൽ ഒരു പക്ഷേ സഭയിൽ നിഷേധിച്ചേക്കാം. ഒരു കാലത്തും സഖാവ് വാസുദേവൻ നായർക്ക് അത് നിഷേധിക്കാൻ സാധിക്കുകയില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം വ്യക്തമായും അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ അങ്ങനെ നടക്കുന്നുണ്ടെന്നുള്ള കാര്യം ശ്രീ. വാസുദേവമേനോൻ എന്നുള്ള നിലയിൽ അദ്ദേഹം തന്നെ സമ്മതിക്കും.

ഇവിടെ ഭരണകക്ഷികൾക്കെത്തുള്ള പാർട്ടികൾ തമ്മിൽ സ്കൂൾ അനുവദിച്ചതിനെ സംബന്ധിച്ചിടത്തോളം തർക്കം ഉണ്ട്. വ്യവസായ വകുപ്പിലെ കാര്യങ്ങൾ എന്നോടാലോചിച്ചിട്ടല്ല നടത്തുന്നത് എന്ന ന്യായമാണ് വിദ്യാഭ്യാസമന്ത്രിയും പറയുക. പോലീസ് വകുപ്പിൽ ആളുകളെ നിയമിക്കുന്നത് അവരുടെ ഇഷ്ടത്തിനനുസരിച്ചാണ്. അതുപോലെ എന്റെ വകുപ്പിലെ കാര്യങ്ങൾ എന്റെ ഇഷ്ടത്തിനനുസരിച്ചു നടത്തുമെന്ന് അന്ന് വിദ്യാഭ്യാസമന്ത്രി പറഞ്ഞതായി അറിയാൻ കഴിഞ്ഞു. ഇങ്ങനെ ഓരോ വകുപ്പും തമ്മിൽ തമ്മിൽ സ്വന്തം ഇഷ്ടാനുസരണം കാര്യങ്ങൾ നടത്തുകയാണ്. ഇതൊന്നും തന്നെ രാജ്യതാൽപ്പര്യത്തിനു വേണ്ടിയല്ല. സങ്കുചിതമായ സ്വാർത്ഥ താൽപ്പര്യങ്ങൾക്കുവേണ്ടിയാണ് ചെയ്യുന്നത് എന്ന് മാത്രമല്ല ഈ സംസ്ഥാനത്ത് ജാതി.മത സംഘടനകൾക്ക് ഈ മന്ത്രിസഭ അങ്ങേയററത്തെ പ്രോൽസാഹനവും സ്വാതന്ത്ര്യവും നൽകിവരുന്നുണ്ട്. ഇവിടെ അദ്ധ്വാനിക്കുന്ന തൊഴിൽ സംഘടനകളും, ട്രേഡ് യൂണിയൻ സംഘടനകളും സമരം നടത്തിയാൽ ശക്തിയായി നേരിടുമെന്നു പറഞ്ഞുകൊണ്ട് പോലീസിനെ സന്നദ്ധമാക്കിക്കൊണ്ട് സാധാരണ രീതിയിലുള്ള പിക്കററിംഗ് സമരംപോലും അടിച്ചമർത്തും. കർഷകത്തൊഴിലാളികളായിട്ടുള്ള ആളുകളെ കയ്യാമം വച്ചുകൊണ്ട് റോഡിലൂടെ കൊണ്ടുപോകുന്ന സ്ഥിതിവിശേഷം ഉണ്ട്.

കഴിഞ്ഞ എട്ടുകൊല്ലക്കാലമായി നടപ്പാക്കും, നടപ്പാക്കും എന്ന്അസംബ്ലിയിൽ ഉറപ്പുതന്ന നെട്ടൂർ കമ്മീഷൻ റിപ്പോർട്ട് ഈ രാജ്യത്ത് ജാതിമേധാവികൾക്കു അടിയറ വയ്ക്കുകയും അവരുടെ സ്വാധീനത്തിനു വഴങ്ങുകയും ചെയ്തുകൊണ്ട് തള്ളിക്കളഞ്ഞിരിക്കുകയാണ്. അവരെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്. അവരെ പ്രോൽസാഹിപ്പിച്ചുകൊണ്ട് അവർക്കു സമ്മതം നൽകികൊണ്ടാണ് ഈ മന്ത്രിസഭ തന്നെ അധികാരത്തിൽ വന്നത്. ഈ രാജ്യത്ത് ട്രേഡ് യൂണിയൻ സംഘടനകൾക്കോ അദ്ധ്വാനിക്കുന്ന സംഘടനകൾക്കോ അല്ല ഈ ഗവൺമെൻറ് പ്രാമുഖ്യം നൽകുന്നത്, ഇതുപോലുള്ള കാര്യങ്ങൾക്കാണ്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് അതിനേക്കാൾ ആനുകൂല്യങ്ങൾ പലതും അവർക്ക് ഉദ്യോഗസംവരണത്തിലും മററും നൽകുകയുണ്ടായി എന്നാണ്. ഫ്ളോറിൽ വന്ന ചോദ്യത്തിന് എന്റെ കൈയിൽ അതിനുള്ള മറുപടിയില്ല, വിവരം ശേഖരിച്ചു വരുന്നുവെന്നാണ് മറുപടി പറഞ്ഞത്. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിററിയിൽ 500-ൽ പരം ആളുകളെ നിയമിച്ചിട്ടുണ്ടെന്നാണ് ഒരു ചോദ്യത്തിനുത്തരമായി വിവരം കിട്ടിയത്. ഇതിൽ ഒരൊററ ആളിനെ മാത്രമാണ് പിന്നോക്ക സമുദായത്തിൽനിന്ന് നിയമിച്ചിട്ടുള്ളത്. ഓരോ ഡിപ്പാർട്ടുമെൻറും ഇതുപോലെ എടുത്തു പരിശോധിച്ചാൽ ഇതു തന്നെയാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ രാജ്യത്ത് ജാതി മേധാവികൾക്ക് അവരുടെ സംഘടനകൾക്ക് വഴങ്ങിനിന്നുകൊണ്ടാണ് പ്രവൃത്തിക്കുന്നത്. അതാണ് ഏററവും വലിയ രാഷ്ട്രീയ അഴിമതി. അധികാരത്തിൽ വരുന്നതിനുവേണ്ടി, ഏതാനും സീററുകൾ കിട്ടുന്നതിനുവേണ്ടി ഉപതിരഞ്ഞെടുപ്പ് വരാൻ പോകുന്നു എന്നു മുന്നിൽ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുകൊണ്ട് ഇതുപോലുള്ള ആനുകൂല്യങ്ങൾ അവർക്കു വഴങ്ങിക്കൊണ്ട് ചെയ്തു കൊടുക്കുന്നു എന്നുള്ളതാണ് വസ്തുത. അതുപോലെ തന്നെ ഇവിടെ അദ്ധ്വാനിക്കുന്ന സംഘടനകൾ സമരം നടത്തിയാൽ അതിനെ ശക്തിയായി നേരിടുമെന്നു പറയുന്നു.

പോലീസിനെ സംബന്ധിച്ചു പറയുമ്പോൾ ബഹുമാനപ്പെട്ട മാണിയാണോ ഈ രാജ്യത്ത് പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്നത്. അതോ നാട്ടിൻപുറത്തെ പ്രമാണിമാരും, പോലീസ് ഉദ്യോഗസ്ഥന്മാരും, കൂടിയാണോ ഈ രാജ്യത്തെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത്. നിരവധി ഉദാഹരണങ്ങൾ പറയാനുണ്ട്. നമ്മുടെ ബഹുമാനപ്പെട്ട മാണിയുടെ മുൻഗാമിയായിട്ടുള്ള ജോസഫ് ഇവിടെയുള്ള സമയത്ത് ഒരു സംഭവത്തെപ്പററി ഞാൻ പറഞ്ഞു. ഒരു പക്ഷെ ബഹുമാനപ്പെട്ട മാണി പറയുമായിരിക്കും, അതെല്ലാം ഒററപ്പെട്ട സംഭവമാണെന്ന്. ഇതെല്ലാം കൂട്ടായി ഒരു ദിവസം നടക്കുന്നതാണോ? മുതലമട വില്ലേജിൽ കൂട്ടായ്മ കവർച്ച നടത്തിയിട്ട് ഒരു കൊല്ലക്കാലത്തിലേറെയായി. ആ കേസ് ഇനിയും ചാർജ് ചെയ്ത് കോടതിയിൽ സമർപ്പിച്ചിട്ടില്ല. അതിനെ സംബന്ധിച്ച് ഞാൻ ഇവിടെ പറഞ്ഞു. ഒരു മാസം കഴിഞ്ഞ് പ്രതികളായി സംശയിക്കപ്പെടുന്ന ആളുകൾ കോടതിയിൽപോയി മുൻകൂർ ജാമ്യം എടുത്തു. എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട കരിപ്പോട് എന്നു പറയുന്ന സ്ഥലത്ത് ഒരു സ്ത്രീയെ നഗ്നയാക്കി റോഡിൽകൂടി നടത്തി, കണ്ണമ്മ എന്നു പറയുന്ന സ്ത്രീയാണ്. ശ്രീ. ഇ. പി. ഗോപാലൻെറ പാർട്ടിക്കറിയാം. അതിൽ പ്രതിഷേധിക്കുന്നതിനുവേണ്ടി ഒരു പൊതുയോഗം കൂടാൻ ഞാനടക്കം ഒരു മൈക്ക് പെർമിഷനുവേണ്ടി വിളിച്ച് ചോദിച്ചിട്ട് അവിടത്തെ സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞത് മൈക്കിന് പെർമിഷൻ തരാൻ തയ്യാറില്ല എന്നാണ്.

കർഷകത്തൊഴിലാളികൾ സമരം നടത്തുമ്പോൾ അതിൻെറ കാര്യം നിശ്ചയിക്കുന്നത് ഇവിടത്തെ തൊഴിൽ വകുപ്പല്ല. അവിടത്തെ ഏതാനും പ്രമാണിമാരായിട്ടുള്ള ആളുകളും സർക്കിൾ ഇൻസ്പെക്ടറും കൂടിയാണ്. വേലന്താവളം എന്നു പറയുന്ന സ്ഥലത്ത് സ്ഥിരമായി ചൂതുകളി നടക്കുന്ന പ്രദേശമാണ്. അവിടത്തെ എം.എൽ.എ.യായ ശങ്കർ ഇവിടെയുണ്ട്. എന്തുകൊണ്ട് അത് തടയാൻ സാധിക്കുന്നില്ല. പോലീസടക്കം കൂട്ടുനിന്നുകൊണ്ടാണ് അത് ചെയ്യുന്നത്.

ഈ അടുത്ത ദിവസം സി.പി.ഐ. കാരനാണെന്നു പറയുന്ന ഒരാളെ വധിച്ചു. അവർ പിന്നീട് അത് നിഷേധിച്ചു എന്നാണ് അറിയുന്നത്. കൊലപാതകങ്ങളും, കൊള്ളയും അവിടെ നടക്കുന്നു. അത് തടയാൻ കഴിയുന്നില്ല. കാരണം പോലീസിനെ ഭരിക്കുന്നത് ഈ മന്ത്രിസഭയും മന്ത്രിയുമാണോ? നാട്ടിൻപുറത്തെ പ്രമാണിമാരായിട്ടുള്ള ആളുകളും അവിടത്തെ പ്രധാനപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരും കൂടിയാണ് അക്കാര്യങ്ങൾ നടത്തുന്നത്. ഇവർക്കു നേരം ഉണ്ടോ? ഇവിടെ ''ഉലകം ചുററും വാലിബൻ''മാരാണ് ഉള്ളത്. അതിനാണ് ഈ പണം. അന്ന് ഉലകം ചുററും വാലിബൻ ഒന്നേ ഉണ്ടായിരുന്നുള്ളു. ഇന്ന് ഇവിടെ നിറച്ചു വാലിബൻമാരാണ്. ഇവിടെ മന്ത്രിസഭക്ക് ഈ പണം പാസാക്കി കൊടുക്കുന്നത് ഉലകം ചുററാൻ വേണ്ടിയാണ്. ജനങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ച് ശ്രദ്ധിക്കാനല്ല. തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടുന്നു. ഈ തൊഴിൽ പ്രശ്നം നിശ്ചയിക്കുന്നത് പ്രമാണിമാരായിട്ടുള്ള ആളുകളുടെ ആജ്ഞ അനുസരിച്ചു പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

അതിനു നിർദ്ദേശം കൊടുക്കുന്നതനുസരിച്ചാണ്. ഒന്നര കൊല്ലത്തിലധികമായി മിനിമം കൂലി കിട്ടാത്തതിനെക്കുറിച്ച് ഞാൻ പറഞ്ഞാൽ ശ്രീ. ശങ്കർ നിഷേധിക്കുമോ? അദ്ദേഹത്തിന്റെ മണ്ഡലത്തിൽപ്പെട്ട ചിററൂർ കിഴക്കൻ ഭാഗങ്ങളിൽ മിനിമം കൂലി കിട്ടുന്നുണ്ടോ? എന്നാൽ മിനിമം കൂലിക്കുവേണ്ടി അവിടെ സമരം നടത്തിയാൽ അതിൽ ഇടപെടുന്നത് ആരാണ്? ലേബർ ഡിപ്പാർട്ടുമെൻറാണോ? സൗകര്യംപോലെ പറയുന്നവരെ എനിക്ക് ആക്ഷേപമില്ല. പക്ഷേ നാട്ടിൽ നടക്കുന്ന കാര്യങ്ങൾ അത്തരത്തിലുള്ളതല്ല എന്നുള്ളത് മനസ്സിലാക്കണം.

അതുപോലെതന്നെ ഇവിടെ വികസന പ്രവർത്തനങ്ങൾക്കു കൂടുതൽ ശ്രദ്ധചെലുത്തുന്നുയെന്നു പറഞ്ഞു. കഴിഞ്ഞ വർഷം 15 ലക്ഷം രൂപ കുരിയാർകുട്ടി പദ്ധതിക്കുവേണ്ടി വകയിരുത്തുകയുണ്ടായി. അത് ശങ്കറിന് താൽപര്യമുള്ള കാര്യമാണ്. കഴിഞ്ഞ കൊല്ലം ഇതിനു 1200 രൂപയാണ് ചെലവാക്കിയത്. വികസനപ്രവർത്തനങ്ങൾക്കുവേണ്ടി കോടിക്കണക്കിന് രൂപ വകയിരുത്തിയിട്ടുണ്ട്. അത് ചെലവാക്കാൻ കഴിയുന്നില്ല. ഈ വികസനപ്രവർത്തനങ്ങൾ നടത്തുന്നതാണോ മന്ത്രിസഭയ്ക്ക് താൽപര്യം?

വ്യവസായത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. വ്യവസായം നടത്താൻ അറിയാവുന്ന ആളുകളെയാണോ നിങ്ങൾ വ്യവസായത്തിന്റെ ഡയറക്ടർ ബോർഡിൽ നിയമിക്കുന്നത്. ബഹുമാനപ്പെട്ട ശങ്കർ പറയട്ടെ കൃഷ്ണൻകുട്ടിയെ ഷുഗർമില്ലിൽ കയററിയത് വ്യവസായം നടത്താൻ വേണ്ടിയാണോ? പണ്ട് കേശവദേവ് ഞാൻ ഇപ്പോൾ ''കമ്മ്യൂണിസ്ററാകു''മെന്ന ഒരു പുസ്തകം എഴുതി. അതുപോലെ ഞാൻ ഇപ്പോൾ പാർട്ടി വിടും എന്നു പറഞ്ഞപ്പോൾ അദ്ദേഹത്തെ ഷുഗർമില്ലിലെ ഡയറക്ടർ ബോർഡിൽ കയററി. മലപ്പുറം സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടർ ആരാണ്? ഈ വ്യവസായത്തിൽ വിദഗ്ദ്ധൻമാരായിട്ടുള്ള ആളുകൾ ഇല്ലാത്തതുകൊണ്ടാണോ അവിടെ ഈ മാനേജിംഗ് ഡയറക്ടറെ വച്ചത്. പ്രീമിയർ ടയേഴ്സിൽനിന്നും സ്വയം രാജിവച്ചെന്ന് പറയിപ്പിച്ച് നിർബന്ധമായി രാജിവയ്പിച്ച ആളാണ്. ഇപ്പോൾ കയർ സൊസൈററിയും, കൈത്തറി സൊസൈററിയും ഉണ്ടാക്കുന്നതെന്തിനാണ്? സ്വന്തമായി ആളുകളെ വിളിച്ചുകൊണ്ടുപോയി അവർക്കെല്ലാം സൗകര്യങ്ങളും ഉണ്ടാക്കാൻ വേണ്ടിയാണ്.

ശ്രീ. ഇ. പി. ഗോപാലൻ: മലപ്പുറം സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടർ പദവിയിലേക്ക് ആരുടെയെങ്കിലും പേര് നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. സി. വാസുദേവമേനോൻ: ഞങ്ങൾ ആരും നിർദ്ദേശിച്ചതല്ല, ഇപ്പോഴുള്ള ആൾ? ഞാൻ ആ കഥ മുഴുവൻ ഇവിടെ പറഞ്ഞ് ശ്രീ. ഇ.പി. ഗോപാലന് അസുഖം ഉണ്ടാക്കണമെന്നു വിചാരിക്കുന്നില്ല. ഞങ്ങളുടെ നിർദ്ദേശത്തിന്റെ യാതൊരു ആവശ്യവുമില്ല. നിശ്ചയിച്ചത് നിങ്ങളാണ്. ഏത് തരത്തിലാണ് എങ്ങനെ വേണമെന്നുള്ളത് ഇ. പി. അടക്കമുള്ളവർക്ക് അറിയാം. മാർക്സിസ്ററ് പാർട്ടിയിൽ നിന്നും രാജിവച്ച് സി.പി.ഐ.-ൽ ചേർന്ന ആൾ തിരഞ്ഞെടുപ്പു ആയ സമയത്ത് ''എന്നെ സ്ഥാനാർത്ഥി ആക്കണം'' ആക്കിയില്ലെങ്കിൽ ഞാൻ പാർട്ടിക്ക് എതിരാകുമെന്നു പറഞ്ഞു. ഉടനെ ഡയറക്ടർ ബോർഡിലേക്ക് സ്ഥാനം കൊടുത്തു. മനസ്സിലായില്ലേ? ഈ വിധത്തി

LIBRARY ARCHIVES Kerala Legislative Assembly

ലാണെങ്കിൽ വ്യവസായം എങ്ങനെ നഷ്ടമാകാതിരിക്കും. മറ്റൊന്നും പറയാൻ ഇല്ലാത്തതുകൊണ്ട് എന്റെ സമയം കളയാൻ വേണ്ടിയാണ് ഇങ്ങനെ ചോദ്യങ്ങൾ ചോദിക്കുന്നത്. ഞാൻ വസ്തുതയ്ക്ക് വിരുദ്ധമായി ഒന്നും ഇവിടെ പറഞ്ഞില്ല. ആ കാര്യങ്ങൾ നിഷേധിക്കാൻ നിങ്ങൾക്ക് ഒട്ടും സാദ്ധ്യമല്ല. അതുകൊണ്ട് ഓരോ വകുപ്പും അഴിമതിയുടെ കൂത്തരങ്ങായി മാറുകയും അവസാനം ഇത് സമൂഹത്തിന്റെ ഒരു ഭാഗമാണെന്നു പറയുകയും ചെയ്യും. ആ വാചകം കേട്ടപ്പോൾ എനിക്ക് ഓർമ്മ വന്നത് മരിച്ചുപോയ പഴയ ശങ്കർജിയെപ്പറ്റിയാണ്. പാലക്കാട്ടെ ഒരു കോൺഗ്രസ് നേതാവ് ശങ്കരപിള്ള എന്നാണ് അദ്ദേഹത്തിന്റെ പേര്. മദിരാശി മന്ത്രിസഭ വന്ന സമയത്ത് അദ്ദേഹം അഴിമതി നടത്തിയെന്ന ആരോപണം ഉണ്ടായി. ഒരു പൊതുയോഗത്തിൽവച്ച് ശങ്കർജിയോട് മന്ത്രി ചോദിച്ചു; വെല്ലത്തിന്റെ അഴിമതി നിങ്ങൾ നടത്തിയെന്ന് പറയുന്നല്ലോ? അതിന് അദ്ദേഹം പറഞ്ഞ മറുപടി "*எல்லோர் குத்திலேயும் காட்டம் இருக்குமாம் என் குத்திலேயும் காட்டம் இருக்குமாம்*" എന്നാണ്. അതുപോലെ സമൂഹത്തിന്റെ മുഴുവൻ അഴിമതി ഞങ്ങളിലും ഉണ്ടെന്നാണ് ന്യായം.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: മലയാളത്തിൽ ഇതിന്റെ അർത്ഥം പറയണം.

ശ്രീ. സി. വാസുദേവമേനോൻ: എല്ലാവരുടെ പൃഷ്ഠത്തിലും കാഷ്ഠം ഉണ്ടാകും. എന്റെ പൃഷ്ടത്തിലും ഉണ്ടാകുമെന്നാണ്; ഇതാണ് അയാൾ പറഞ്ഞത്. അതുപോലെ സമൂഹത്തിലാകെ ഉള്ളതാണ് അഴിമതി. അത് എന്റെ മന്ത്രിസഭയിലും കാണുമായിരിക്കും. ഞാൻ ഇതിനു കൂട്ടുനിൽക്കുന്നു. യാതൊരു മനസ്സാക്ഷികുത്തുമില്ലാതെ അഴിമതിക്ക് കൂട്ടുനിൽക്കുന്നു എന്നാണ് മുഖ്യമന്ത്രി പറഞ്ഞതിന്റെ പൊരുൾ. ഇന്നും അതിനു കൂട്ടുനിൽക്കുന്നതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ ശക്തിയായി എതിർക്കുന്നു.

Shri. M. Ramappa: Sir, I support this Demand. In this connection I would like to point out that whatever be the differences between the Opposition and the treasury bench, we are all interested in the welfare of the State. We are all interested in improving the living conditions of our people. Sir, in the last budget speech, our Hon. Finance Minister has suggested many plans and many schemes for the general improvement of the living condition of our people. We have a comprehensive Agricultural Development Programme of Rs. 300 crores for five years. I don't think that there is any difference of opinion regarding these measures--apart from agricultural development, the other measures also. But the fear both in the Opposition and in the Treasury Bench is whether this will be properly implemented. That is the fear, Sir, the fear is not only restricted to the Opposition but in the Treasury bench also. In this connection I want to quote a sentence from the Vellodi Commission Report which clearly said "The committees and Commissions may be able to formulate proposals for reform, but unless the civil servants are mindful of the responsibility

LIBRARY ARCHIVES Kerala Legislative Assembly

and conduct themselves in a responsible manner, such proposals are bound to be remain a dead-letter". That is the point, Sir. The Governments will change. The attitude of the Government over the people will change. Our Plans and schemes will change. But correspondingly has the Government machinery which has to implement the schemes changed? That is a point which the Opposition also has to consider. Tomorrow they may sit on this side of the House. And then they will have to face the same problem. That is why I like to draw the attention of the Opposition to this fundamental factor. We have had several Five Year Plans. What is the result of all these Plans? The poverty line has gone up; the unemployment figure has gone up. Whom are we to blame? We are more concerned about achieving the financial targets rather than the physical targets. That is the basic approach which has to be changed. It is not only a problem restricted to Kerala, but it is a problem prevailing in all the States as well as in the Centre. My request to the Opposition is that whenever they criticise, this fundamental factor has to be borne in mind. Sir, in the budget, look at the salary bill. It is Rs. 26,741 lakhs whereas tax revenue is only Rs. 25,598 lakhs. I am not against paying a good salary to keep our civil servants above wants. They must be paid well. And you know, how we have revised their salary scales. We are spending crores on that. But have they got the responsibility that they receive their salary from the public, from the tax-payer? The Opposition—they also criticise the Government. But have they spoken at any time to make these public servants feel that they are the servants of the public? They are called public servants. But they behave as if the public are their servants. This attitude must be changed. They have their Union leaders from the Government side. They have their Union Leaders from the Opposition also. But have they taken any step to make these public servants feel about the responsibility to the public; to the tax-payer? Before they criticise the Government they must search their conscience Sir, that is my appeal to the Opposition. When we go to the bank, the Manager or Clerk, never feels that his salary is got from the interest, that is being paid by the customer. When you go to an office the clerk or an officer never thinks that he gets the salary from the tax payers. Unless this conscience is there, I have my own fear, about the extent of success of our plans and schemes. It is a question mark.

We are speaking of corruption, here. We all speak about corruption. Shri Vasudeva Menon, the member from the Opposition also spoke about corruption. He knows the basic problem of a capitalist society. Money value is above human values. So corruption is natural. But it has to be controlled. That is what you and we should think of. Even in yesterday's paper, I saw our Chief Minister has said that corruption was rampant. That is a fact that every one knows. But there is no use of merely harping on that. What is your suggestion to stop corruption? Come with concrete proposals. I have a small paper cutting here. A Minister of the Cabinet rank in Bihar—he says

LIBRARY ARCHIVES Kerala Legislative Assembly

that even he has to pay the clerk some money to get his bill passed. That is the position. That is why I ask you what is your concrete suggestion to stop corruption. We have the Vigilance Officers in various Departments. We have got a separate Vigilance Department itself. But how to make it more effective? How to make the public feel that the public servants has their responsibility towards them? Unless the public conscience is changed, unless the conscience of the civil servant is changed, how can we think of solving this problem? This is the problem that even the Opposition has to face, when come to this side. So let us think together how we can stop these problems and see how we can successfully implement the plans and schemes and improve the living conditions of the people.

The second point is about red tapism. This is also a point which we all have been harping on. You know, if a paper from the Department, comes to the Secretariat, it has to go to the section, then to the Under Secretary, then to the Deputy Secretary and then to many other heads. It takes a lot of time. Unless we go after the papers nothing will move. Our people are experiencing this difficulty more than anybody because people from my area have to come all the way here. You can imagine the difficulty. Now if you go to M.L.A. Quarters after 2'O clock you will find a big crowd waiting there with their Problems. Then we will have to come to the Ministers with them. Nothing will move unless a M.L.A. goes; nothing moves unless a Minister directly intervenes. This attitude should be changed. This is the problem which even the opposition will have to face, when they come and sit in the treasury benches. So let us not use this weapon to criticise this Government. How this problem could be solved; how the administration could be made more effective are problems which we all should consider. Then there is another problem which I would like to bring to your notice. We all have a cry against the centre that the Centre is neglecting Kerala, due attention is not being paid to the Backward States. I request the Government to see that such complaints are never made in our State. I point out this because I come from a very backward area which is admitted as backward by our Government. For the improvement of my area, Kasargod, the Government had constituted a committee called the Kasaragod Development Committee. Excuse me if I look parochial. I have been harping on this and I think I will have to go on harping this even hereafter. The Committee had submitted its report in 1972 and Government had accepted the recommendations I got only one or two instances just to show how far the area is backward. (It has been pointed out in the report.)

In the case of electricity, it has been pointed out in the report "that there has been wide and striking disparity in the matter of electric supply in the border villages of the Karnataka State touching Kasaragod area and the border villages of Kerala State on this side. The differences has to be wiped out as early as possible by a purposeful programme of extension of electricity in the Kerala border villages".

LIBRARY ARCHIVES Kerala Legislative Assembly

Sir, Karnataka is deficit in electricity. We are supplying electricity to them. All the villages of Karnataka side were electrified but not on our side. Of course, our K.S.E.B. has a programme, the Cheif Minister has assured that electricity will touch every village by the end of this financial year. Of course, the Governor had announced a crash programme for electrification of all those villages. Of course, the K.S.E.B. had a programme for electrification of all these villages by the end of 1974. What is the position. Even now, electricity has not touched every village in my area and you know the extension of village in my area—it is 30 square kilometres. In a village of 30 square kilometres, at one point if the electricity touches, the Electricity Board's record will show that the whole village is electrified. Such thing has to be changed because it will be difficult for me to face the people there. The people may have a feeling that they are not treated in a proper manner. That they are treated in a stepmotherly manner. I will have to answer them sir. So you will have to improve the position. As regards schools also you will find that the committee had made a clear recommendation that, every year, 5 L. P. schools have to be opened; 3 U.P. schools have to be upgraded as High schools every year in my Kasaragod Taluk. Then only that area can be brought on a par with the rest of the State. But how far the Government have taken steps for this, Sir? I leave it to them to decide.

In the case of irrigation you will find, in 1958, the Payaswini scheme was included in the master plan. This is 1979. Twenty years have lapsed. But what has happened to the Payaswini scheme? Nobody knows. So I would like to draw the attention of the Government that there must be a uniform development of all areas within the State so that the people may feel that due attention has been paid to those backward areas.

Another thing I would like to point out is that Kerala is a narrow strip of land and my area is in the northernmost tip of the State. This disadvantage of distance has become a curse to us; because, for every thing people of that area cannot come over here and you can realise the difficulties of the people. I have already brought this to the notice of the Government in my speech in the general discussion of the budget.

There is a system called "working arrangement" here. People who are posted somewhere, are brought here and made to work and get their salary, whereas the system in my area is different. There are vacancies and additional charge is given to those working in a post. For example the Junior Engineer in charge of Manjeswar block is in charge of Kasargod Block also. You will find, in the Electricity Board 30% of the posts are still lying vacant. This position is there because of the disadvantage of distance, that we are facing. The Ministers have no time to visit there. The Secretaries don't find any time to visit that distant place. So I appeal to the Government that this problem also must be looked into.

LIBRARY ARCHIVES Kerala Legislative Assembly

Another problem is regarding the linguistic minorities. Our area is the area of linguistic minorities. I have no doubt that our Government have done its best to safeguard the interests of the linguistic minorities.

There is a State level committee for linguistic minorities with the Chief Minister as Chairman. There is a Joint Secretary as the Special Officer for the linguistic minorities. There are several G.Os. passed by the Government to safeguard the interests of the linguistic minorities. But my grievance is that, inspite of all these orders you will find, as I said earlier, a lot of things have to be done for the implementation of these G.Os.

You can find, for example, in the Manjeswar block, there are ten posts of Village Extension Officers only two posts are filled up with Kannada knowing candidates and the rests are filled up from the Employment Exchanges. Sir, there is a definite G. O. from the Government saying that only people knowing the local language should be recruited. Sir, I have to tell you with regret that, out of these ten posts, eight were without any knowledge of the Kannada or the local language. Panchayat records are all kept in Kannada. I can tell you, in 5 Panchayats, clerks are there without any knowledge of Kannada. But all the records are kept in Kannada. 15 of the village officers have no knowledge of Kannada. So, in this state of affairs, those people feel that they are being neglected.

From some parts of the floor of the House, there have been complaints that the R.S.S. were exploiting the relegious feelings of the people. The same forces were exploiting the linguistic feelings of the people. So I appeal to the Government to see that our feelings are not being exploited.

I will urge the Government to see that these fanatics don't exploit the feeling of the people and thereby throwing some mud against the Government.

I support this demand Sir.

ശ്രീ. ലോനപ്പൻ നമ്പാടൻ: ഞാൻ ഈ ഡിമാൻറിനെ അംഗീകരിക്കുന്നു. കഴിഞ്ഞകാലത്തെ ബ്രിട്ടീഷ് ഭരണമണ്ഡലത്തിൽ ഉണ്ടായിരുന്ന പാഴ്മരങ്ങളാം മുറിച്ചുമാററിയാൽ മാത്രമേ ജനകീയ ഭരണം കാഴ്ചവയ്ക്കാൻ സാധിക്കൂ. കണക്കു പരിശോധിക്കുന്നതുപോലെതന്നെ ജോലി പരിശോധിക്കുന്നതിനും ഒരു സംവിധാനം ഉണ്ടാകണം. ഏററവും കുറഞ്ഞ ജോലിക്കു ഏററവും കൂടുതൽ വേതനമെന്ന തത്വമാണ് സെക്രട്ടേറിയേററിലെ ജീവനക്കാർ അവലംബിച്ചു വരുന്നത്. സെക്രട്ടേറിയററിലെ പകുതി ജീവനക്കാർ ഒരു ജോലിയും ചെയ്യുന്നില്ല. പകുതി പേർ രണ്ടും മൂന്നും മണിക്കൂർ ജോലിചെയ്യുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മററു മന്ത്രിമാരും സെക്രട്ടേറിയററിലെ ഓഫീസ് മുറികം ഒന്നു പരിശോധിക്കാൻ തയ്യാറാകണം. കസേരകാം ഒഴിഞ്ഞുകിടക്കുന്നതായിട്ടാണ് പലപ്പോഴും കാണാൻ സാധിക്കുന്നത്. സെക്രട്ടറിമാർ റേഡിയോയും ട്രാൻസിസ്ററും മററും വച്ച് ക്രിക്കററ് കമൻററിയും സിനിമാപാട്ടുകളും ശ്രവിക്കുന്നതായി കാണാൻ സാധിക്കും. ജീവിച്ചിരിക്കുന്ന ജയപ്രകാശിന്റെ മരണം ആദ്യമായി ശ്രവിച്ചത് സെക്രട്ടേറിയററിലെ ഓഫീസറൻമാരാണ്. അവരാണ് ആദ്യമായി ഓഫീസ് വിട്ടിറങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ഈ ജനന മരണ വൃത്താന്തം മററുള്ളവരെ അറിയിച്ചത്. ഈ വ്യവസ്ഥിതിക്കു മാററം വരുത്തണം. സെക്രട്ടേറിയററിലെ ഓഫീസ് മുറികളിൽ ട്രാൻസിസ്ററും റേഡിയോയും ഉപയോഗിക്കാൻ പാടില്ലയെന്നു കർശനമായി നിർബന്ധിക്കണം.

സർ, വീടും കുടുംബവും ഉപേക്ഷിച്ചു നാടുനന്നാക്കാൻ ഇറങ്ങിയ എം.എൽ.എ. മാരിൽ പലരും ഇന്ന് രോഗികളാണ്. ഈ നിയമസഭയിലെ 6 എം.എൽ.എ.മാർ ഇതിനകം മരണമടഞ്ഞിട്ടുണ്ട്. വയസ്സുകാലത്ത് പെൻഷൻ കിട്ടുമെന്നു വിചാരിച്ചു. പക്ഷേ അപ്പുറത്തുള്ള തിരുമേനി അത് ഇല്ലാതാക്കി. അതിന്റെ ശാപം അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സന്തതി പരമ്പരകൾക്കും ഇരിക്കട്ടെയെന്നു പറയുകയാണ്. ഇതു എനിക്കുവേണ്ടി പറയുകയല്ല. ഒരു അദ്ധ്യാപകനെന്നുള്ളനിലയ്ക്ക് എനിക്കു പെൻഷൻ കിട്ടും. പാവപ്പെട്ട മററു സഹപ്രവർത്തകർക്കുവേണ്ടിയാണ് ഞാൻ അതു പറഞ്ഞത്. അപ്പുറത്തിരിക്കുന്നവർ പ്രായമായവരും പല്ല് ഇല്ലാത്ത കുഞ്ഞിക്കിളവൻമാരുമാണ്. 26 വയസ്സായ ചെറുപ്പക്കാരോടു തിരുമേനിക്ക് എന്താണ് ഇത്ര വിരോധം? ഇപ്പുറത്തിരിക്കുന്നവർ ചുറുചുറുക്കുള്ള ചെറുപ്പക്കാരാണ്; അദ്ധ്വാനവർഗ്ഗത്തിൽപ്പെട്ടവരാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: തിരഞ്ഞെടുപ്പിനു നിൽക്കുന്ന എല്ലാ ആളുകൾക്കും പെൻഷൻ കൊടുക്കണമെന്ന ഒരു തീരുമാനമെടുത്താൽ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്തായിരിക്കും?

ശ്രീ. ലോനപ്പൻ നമ്പാടൻ: ശ്രീ. ബാലകൃഷ്ണപിള്ള ഇനി തിരഞ്ഞെടുപ്പിൽ നിൽക്കുന്നില്ലായിരിക്കാം; അതുകൊണ്ടായിരിക്കാം ഇപ്രകാരം പറഞ്ഞത്. ഗവൺമെൻറ് ജീവനക്കാർക്കുവേണ്ടി ധാരാളം പണം ചെലവഴിക്കുന്നുണ്ട്. അതിനനുസരിച്ചു അവരെക്കൊണ്ടു പ്രവർത്തിപ്പിക്കാൻ കൂടിനോക്കണം. ഇൻഡ്യയിൽ ഏററവും പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ജീവനക്കാർക്ക് 30 കോടി രൂപയുടെ ഉൾപ്പെടെ 5 വർഷത്തിനിടയിൽ 450 കോടി രൂപയുടെ ആനുകൂല്യമാണ് ലഭിച്ചിട്ടുള്ളത്. ജനസംഖ്യയിൽ പകുതിയിൽ കൂടുതൽ ദാരിദ്ര്യരേഖക്കു താഴെയുള്ളവരാണ്. അതുപോലെതന്നെ മൂന്നിൽ രണ്ടു പേർക്ക് എഴുത്തും വായനയും അറിഞ്ഞുകൂട.

ഗവൺമെൻറു അധികാര വികേന്ദ്രീകരണം നടപ്പിലാക്കണം. ജില്ലാതലത്തിലും പഞ്ചായത്തുതലത്തിലും അതു നടപ്പിലാക്കിയേ തീരൂ. ജില്ലാഭരണബിൽ പാസ്സാക്കിയതു ഗവൺമെൻറിന്റെ നേട്ടമായി കരുതുകയാണ്. മന്ത്രിമാർ ദിവസേന ഊരുചുററാൻ പോകുമ്പോൾ അവരുമായി ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളിലെ ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തണം. അതിനുള്ള നിർബന്ധബുദ്ധി അവർക്കു ഉണ്ടാകേണ്ടതുണ്ട്. മാസത്തിലൊരിക്കലെങ്കിലും ജില്ലാ ആസ്ഥാനങ്ങളിൽ പോയി പരാതി ശ്രവിക്കുന്നതിനുള്ള പരിപാടി ഉണ്ടായിരിക്കുന്നത് നിർത്തൽ ചെയ്തിരിക്കുകയാണ്. അത് വീണ്ടും പുനഃരാവിഷ്കരിക്കണം. പഞ്ചായത്തുകളിലും മററും പോയി പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തണം. മന്ത്രിമാർ ജില്ലാതലങ്ങളിലും പഞ്ചായത്തുതലങ്ങളിലും പോയി ഈ രാജ്യത്തെ പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ പഠിക്കുകയും ശാശ്വതമായ പരിഹാരം ഉണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ജില്ലാ കളക്ടർമാർ പഞ്ചായത്തിൽ പോകണം. പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തണം, പരാതികൾ കേൾക്കണം. മന്ത്രിമാർ ജില്ലാതലത്തിലും കളക്ടർമാർ പഞ്ചായത്തുതലത്തിലും പോയി ഈ രാജ്യത്തെ പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ ശരിയായി പഠിക്കുകയും അതിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യേണ്ട താവശ്യമാണ്. ജനങ്ങളുടെ ജീവൽപ്രശ്നങ്ങൾ ഫയലുകൾക്കുള്ളിൽ ഒളിച്ചുവച്ചുകൊണ്ട് കാലതാമസംവരുത്തുന്ന ഭരണസംവിധാനം മാററണമെങ്കിൽ ക്ലാർക്കിന്റെ തടവുകാരനാകാത്ത ഭരണമേധാവികളും ഐ.എ.എസ്. കാരന്റെ തടവുകാരനാകാത്ത മന്ത്രിമാരും ഈ സംസ്ഥാനത്തുണ്ടാകണം. സ്വയം തീരുമാനമെടുക്കാനും നടപ്പാക്കാനുമുള്ള ചങ്കൂററം മന്ത്രിമാർക്കുണ്ടാകണം.

<u>ശ്രീ. എം.വി. രാഘവൻ:</u> ഐ.എ.എസ്. കാരന്റെ തടവുകാരനായിട്ട് നാണംകെട്ട.................... (ബഹളം)

<u>ശ്രീ. ലോനപ്പൻ നമ്പാടൻ:</u> ഈ രാജ്യത്ത് ധാരാളം ബോർഡുകളും കോർപ്പറേഷനുകളുമുണ്ട്. ഇവയെല്ലാം വമ്പിച്ച നഷ്ടത്തിലാണ് കലാശിക്കുന്നത്. ഉത്തരവാദപ്പെട്ടവർ, പ്രാപ്തരും പരിചയസമ്പന്നരുമായിട്ടുള്ള ആളുകളെ ഈ ബോർഡുകളിലും കോർപ്പറേഷനുകളിലും ചെയർമാനായും ഡയറക്ടറായും നിയമിക്കണം. ഇപ്പോൾ അങ്ങനെയല്ല പല ബോർഡുകളിലും കോർപ്പറേഷനുകളിലും നിയമിക്കുന്നത്. യാതൊരു ബന്ധവുമില്ലാത്ത ആളുകളെയാണ് ചെയർമാനായും മാനേജിംഗ് ഡയറക്ടറായും പല ബോർഡുകളിലും കോർപ്പറേഷനുകളിലും വച്ചിട്ടുള്ളത്. ലക്ഷക്കണക്കിനുരൂപയുടെ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ഉത്തരവാദികൾ ഡയറക്ടർ ബോർഡും ചെയർമാനും മാനേജിംഗ് ഡയറക്ടറുമാണ്. ഇവരിൽ നിന്നും ആ നഷ്ടം വസൂലാക്കുന്നതിനുള്ള ഒരു നിയമസംവിധാനം ഈ രാജ്യത്ത് ഉണ്ടാക്കണമെന്നഭ്യർത്ഥിക്കുന്നു. കെ.എൽ.ഡി.എം.എം. ബോർഡിന്റെ കീഴിലുള്ള ഡയറികൾവഴി ഒരു ദിവസം ശരാശരി 46900 ലിററർ പാൽ ഈ സംസ്ഥാനത്ത് വിതരണം ചെയ്യുന്നുണ്ട്. കഴിഞ്ഞ വർഷം തമിഴുനാട്ടിലേക്ക് കയററിഅയച്ച പാൽ എത്രയാണെന്ന് അറിയാമോ? 395274 ലിററർ പാലാണ് അയൽസംസ്ഥാനത്തേയ്ക്കു കയററി അയച്ചത്. 1,71,000 രൂപ നഷ്ടം വന്നു. വെള്ളവും വിദ്യുച്ഛക്തിയും ചുരുങ്ങിയ വിലയ്ക്ക് അയൽ സംസ്ഥാനമായ തമിഴുനാട്ടിന് നൽകുന്നുണ്ട്. ഇപ്പോൾ പാലും നാം നഷ്ടം സഹിച്ചുകൊണ്ട് സംസ്ഥാനത്തിന് വെളിയിലേക്ക് കൊടുക്കുകയാണ്. ഒരു രൂപ എൺപതുപൈസക്ക് ഉൽപ്പാദകരിൽനിന്നും വാങ്ങുന്ന പാല് 2 രൂപ 20 പൈസയ്ക്കാണ് ഇവിടെ വിതരണം ചെയ്യുന്നത്. ഈ പാല് ഒരു രൂപയ്ക്കാണ് തമിഴുനാട്ടിലേക്കു കയററി അയയ്ക്കുന്നത്. ഈ വ്യവസ്ഥിതി മാററണം. ഇതിനുപകരം തമിഴുനാട്ടിൽനിന്ന് കേരളത്തിലേക്കു ഇറക്കുമതി ചെയ്യുന്നത് എന്താണെന്ന് അറിയാമോ പുഴുത്ത പാട്ടതൈര്. എന്താണ് സർ? ഇത് മാററണം. ഈ രാജ്യത്തെ പാവപ്പെട്ട കുട്ടികൾ, ഹരിജനങ്ങൾ, കർഷകത്തൊഴിലാളികൾ അശ്വത്ഥാമാവിനെപ്പോലെ അരിമാവ് കുറുക്കിക്കുടിയ്ക്കണമോയെന്ന് ചോദിക്കുകയാണ്. ഇവിടത്തെ മലയാളികൾ പാല് കുടിച്ചാൽ വയറിളകുമോ? എല്ലാ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും പട്ടണത്തിലും സ്കൂളുകളുടെയും കോളേജുകളുടേയും സമീപത്തിലും മിൽക്ക് ബാറുകൾ തുടങ്ങുന്നതിനുള്ള ഏർപ്പാട് ചെയ്യണം. ഈ രാജ്യത്തെ മദ്യനിരോധന

LIBRARY ARCHIVES Kerala Legislative Assembly

ത്തിനെ എതിർക്കുന്നതിനുവേണ്ടിയാണോ അയൽ സംസ്ഥാനത്തിലേക്ക് ഇത്രയധികം പാല് കയററി അയച്ചുകൊണ്ട് ഇവിടെ നഷ്ടം വരുത്തിയത്. ഇവിടെ ഐ.ആർ.ഡി.പി.യും ഓപ്പറേഷൻ ഫ്ളഡും പ്രവർത്തനത്തിൽ വരുമ്പോൾ കേരളത്തിൽ ധവളവിപ്ലവമുണ്ടാകും കേരളത്തിൽ പാല് ഒഴുകും. പക്ഷേ പാല് ഒഴുകുന്നത് കേരളത്തിലേക്കല്ല തമിഴ്നാട്ടിലേക്കാണ്. ഇതിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി ഈ രാജ്യത്തെ പാവപ്പെട്ട കുട്ടികൾക്ക് സൗജന്യനിരക്കിൽ പ ല് കൊടുക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെൻറ് ആവിഷ്കരിക്കണം. ഈ രാജ്യത്തെ ധാരാളം ഉൽപ്പാദകർ സംയോജിത ഗ്രാമവികസന പദ്ധതിയുടെ അടിസ്ഥാനത്തിൽ കറവപ്പശുക്കളെ വാങ്ങിച്ചിട്ടുണ്ട്. ധാരാളം പാല് ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പാല് കുടിച്ച് ശീലിക്കുന്നതിനുള്ള ഒരു സാഹചര്യം ഇവിടെ ഉണ്ടാക്കണം. പട്ടച്ചാരായം കുടിച്ച് ഭാവിതലമുറ നശിക്കാതിരിക്കുന്നതിനുവേണ്ടി ഈ രാജ്യത്ത് പാല് കുടിക്കാനുള്ള ശീലം ഉണ്ടാക്കികൊടുക്കേണ്ടത് ഗവൺമെൻറാണ്. ലക്ഷക്കണക്കിനുരൂപ മണ്ണിൽ കുഴിച്ചിട്ട് മാളികയുണ്ടാക്കുന്ന ഒരു നടപടി നമ്മുടെ സംസ്ഥാനത്ത് കാണുന്നുണ്ട്. ഇതിന് പരിധി നിശ്ചയിക്കണം. ലക്ഷക്കണക്കിനുരൂപ ചെലവഴിച്ചുകൊണ്ടു വലിയ വലിയ മണിമന്ദിരങ്ങൾ പണിയുന്നതിന് പ്രത്യേക അനുമതി വാങ്ങിക്കണമെന്ന ഒരു നിയമം ഈ രാജ്യത്ത് ഉണ്ടാക്കണം. അതുപോലെതന്നെ നഗരസ്വത്തിന് പരിധി നിശ്ചയിക്കണം. പണത്തിന് പരിധി നിശ്ചയിക്കണം. പാവപ്പെട്ടവർക്ക് വളരെ സുഗമമായി വീട് പണിയുന്നതിനുള്ള സഹായം ഗവൺമെൻറ് നൽകണം. സൗജന്യനിരക്കിൽ സിമൻറ് ലഭിക്കുന്നതിനും വീടുകൾ പണിയുന്നതിനുമുള്ള സഹായം നൽകണം. പാവപ്പെട്ടവർക്ക് അതിനുള്ള സൗകര്യം ഈ ഗവൺമെൻറ് നൽകണം. ഐക്യകേരളം ഉടലെടുത്തിട്ട് ഇരുപത്തിരണ്ട് വർഷങ്ങൾ പിന്നിട്ടു. ഐക്യകേരളം വന്നിട്ടും ഇവിടെ മലയാളം വന്നില്ല. നിയമസഭയിലെ നടപടി മുഴുവൻ ഇംഗ്ലീഷിലാണ്. കാന്തലോട്ട് കുഞ്ഞാമ്പു മന്ത്രിയായിരുന്ന അവസരത്തിൽ മലയാളത്തിൽ ഒരു ബില്ല് അവതരിപ്പിച്ചു. ബാക്കി എല്ലാനടപടികളും ഇംഗ്ലീഷിലാണ്. മെഡിക്കൽ കോളേജിലെ അദ്ധ്യയനഭാഷ മലയാളമാക്കണം. അതുകൊണ്ട് ഒരു പോരായ്മയുമില്ല. പൊതുഖജനാവിൽനിന്നും എൺപതിനായിരത്തിലേറെ രൂപ ചെലവഴിച്ചുകൊണ്ട് ഡോക്ടർമാരെ പുറത്തുവിടുന്നു. അങ്ങനെ പുറത്തുവരുന്ന ഡോക്ടർമാർ കൂടുവിട്ട പക്ഷികളെപ്പോലെ അക്കരയ്ക്ക് പറക്കുകയാണ്. ഇത് അവസാനിപ്പിക്കണം. മലയാളത്തിൽ പഠിച്ച് മലയാളത്തിൽ മരുന്ന് കുത്തിവച്ചാൽ രോഗം മാറും. ഇഞ്ചക്ഷൻ നടത്തിയാൽ മാത്രമല്ല രോഗം മാറുന്നത്. മെഡിക്കൽ കോളേജുകളിൽ മലയാളമാക്കുന്നതിനുള്ള സംവിധാനം ഈ ഗവൺമെൻറ് ഉണ്ടാക്കണം. ഏതാനും കൊല്ലങ്ങൾക്കകം എല്ലാതുറകളിലും മലയാളം ഭരണഭാഷയായി മാററണം. കുറെകൊല്ലങ്ങൾക്കുമുമ്പുവരെ ക്രിസ്ത്യൻ കുർബാനകളും ആരാധനാ ക്രമങ്ങളുമൊക്കെ ലാററിനിലും സുറിയാനിയിലുമായിരുന്നു. കുറെപഴമക്കാരായ ക്രിസ്ത്യാനികൾ തമ്പുരാൻ കർത്താവ് എഴുന്നെള്ളിവരണമെങ്കിൽ സുറിയാനിയിലും ലാററിനിലും കുർബാന ചൊല്ലണമെന്ന് വിശ്വസിച്ചിരുന്നു, ഇന്ന് അതൊക്കെ മാറി. സുന്ദരമായ മലയാളത്തിലാണ് ക്രിസ്ത്യാനികൾ ആരാധനാ ക്രമം നടത്തുന്നത്. ഇന്നുള്ള പല ആളുകളും ഇംഗ്ലീഷിൽ പ്രസംഗിച്ചെങ്കിൽ മാത്രമേ ഇംഗ്ലീഷിൽ ബിൽ അവതരിപ്പിച്ചെങ്കിൽ മാത്രമേ നിയമം നിയമമാവുകയുള്ളുവെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. മലയാളം സാർവ്വത്രികമായ ഭരണഭാഷയാക്കണം. അഴിമതി ഇല്ലാതാക്കാനും കഴിയും. ഇമ്പിച്ചിബാവയും കാന്തലോട്ട് കുഞ്ഞാമ്പുവും നല്ല മന്ത്രിമാരായിരുന്നു. ഇംഗ്ലീഷിൻെറ

LIBRARY ARCHIVES Kerala Legislative Assembly

കുറവുകൊണ്ട് മോശക്കാരായിട്ടില്ല. ഈ രാജ്യത്ത് നല്ല ഭരണം ഉണ്ടാകേണമെങ്കിൽ അഴിമതിയില്ലാത്ത ഭരണം ഉണ്ടാകണമെങ്കിൽ മലയാളം സാർവ്വത്രികമാക്കണം. ജില്ലാ താലൂക്ക് അടിസ്ഥാനത്തിൽ പുനർവിഭജനം നടത്തണം. അതിനുവേണ്ടി ഗവൺമെൻറ് മുമ്പോട്ടുവരണം. ആർ.ഡി.ഡി. ആഫീസുകൾ നിർത്തൽ ചെയ്യണം. പ്രൈമറിവിദ്യാഭ്യാസത്തിന് പ്രത്യേക ഡയറക്ടറെ നിയമിക്കണം. അങ്ങനെ അഴിമതിയില്ലാത്ത നല്ല ഭരണം ഈ രാജ്യത്ത് ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. ഭാസ്കരൻ:</u> സർ, സംസ്ഥാനത്തിലെ ഭരണത്തലവൻമാരുടേയും മന്ത്രിമാരുടേയും ചെലവിനുവേണ്ടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഈ സംസ്ഥാനത്തിലെ വികസന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം കൊടുക്കാത്ത, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി വ്യക്തമായ പരിപാടിയില്ലാത്ത, ക്രിയാത്മകമായ സമീപനമില്ലാത്ത ഒരു ഭരണമാണ് ഇവിടെ നടക്കുന്നത് എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നത്. സ്വജനപക്ഷപാതവും അഴിമതിയും നിറഞ്ഞ ഒരു ഭരണമാണ് ഈ സംസ്ഥാനത്തുള്ളത്. അതുമാത്രമല്ല ഏതു രംഗത്തും അവഗണന നിഴലിച്ചു കാണുകയാണ്. സർ, മലബാറിനെ പ്രത്യേകിച്ച് കണ്ണൂർ ജില്ലയെ അവഗണിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ ഈ ധനാഭ്യർത്ഥനയെ വളരെ ശക്തിയായി എതിർക്കുന്നത് എന്നു സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഒരു സംശുദ്ധമായ ഭരണം കെട്ടിപ്പടുക്കുന്നതിന് നേതൃത്വം കൊടുക്കേണ്ടുന്ന മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥൻമാരും അവരുടെ ഭരണ ചെലവിനുള്ള തുക ഈ ധനാഭ്യർത്ഥന വഴി ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഉടനീളം അഴിമതി അഴിഞ്ഞാടുകയാണെന്ന് നമ്മുടെ മുഖ്യമന്ത്രിതന്നെ ആകാശവാണിയിലൂടെ കുററം സമ്മതിച്ച വസ്തുത ഞാൻ ഇവിടെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അടി മുതൽ മുടിവരെ അഴിമതി നടമാടുന്ന ഒരു ഭരണകൂടത്തിൻെറ ദൈനംദിനചെലവിലേക്കുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ സ്വാഗതം ചെയ്യാൻ എൻെറ മനഃസാക്ഷി എന്നെ സമ്മതിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ഈ ധനാഭ്യർത്ഥനയെ ഞാൻ വളരെ ശക്തിയുക്തം എതിർക്കുകയാണ്. ഇവിടെ കാലാകാലമായി ചില മന്ത്രിമാർ ചില വകുപ്പുകൾ കൈയടക്കി വച്ചിരിക്കുകയാണ്. ചില വകുപ്പുകൾ ചില മന്ത്രിമാരുടെ കുത്തകയാണ്. ഈ കുത്തക അവസാനിപ്പിക്കണം. ഇതിനൊരു മാററം നിർബന്ധമായും ആവശ്യമാണ്. വ്യവസായ വകുപ്പിൽ വിദ്യുച്ഛക്തി വേഗത്തിലാണ് അഴിമതികൾ നടമാടുന്നത് എന്ന വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ കാലത്ത ഉണ്ടായിട്ടുള്ള തേക്കിൻകഴ സംസ്കരണം, ഉദ്യോഗസ്ഥൻമാരുടെ ജോലി സ്ഥിരത തുടങ്ങിയ വസ്തുതകളാണ് ഞാനിവിടെ ഉപോൽബലകമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. സർ, വ്യവസായ വകുപ്പിൻെറ കീഴിലുള്ള ഓരോ വ്യവസായവും നഷ്ടത്തിലേക്ക് വഴുതി വീണുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ടവരുടെ നികുതിയിൽനിന്നുമുള്ള കോടിക്കണക്കിനു രൂപ ഈ വകുപ്പിലേക്ക് ചോർന്നുപോയ്ക്കൊണ്ടിരിക്കുകയാണ്. സർ, മന്ത്രിമാരാകാൻ കഴിയാത്ത ആളുകളെ കോർപ്പറേഷൻെറ ചെയർമാനായി അവരോധിക്കപ്പെടുന്നു. സ്റേററിൻെറ നികുതിയിൽനിന്നുള്ള ഒരു വരുമാനമാണ് അത്തരം ആളുകളുടെ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നതെന്ന ചൂണ്ടിക്കാ

LIBRARY ARCHIVES Kerala Legislative Assembly

ണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. വികസനത്തിന് മുൻതൂക്കം കൊടുക്കാത്ത, ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകാത്ത, തൊഴിലില്ലായ്മക്ക് ശാശ്വതമായ ഒരു പരിഹാരം കണ്ടെത്താൻ സാധിക്കാത്ത ഇന്നത്തെ ഈ ഭരണകൂടം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. സർ, അവഗണനയെപ്പറ്റി പറയുമ്പോൾ ഞാൻ പലതും ഓർത്തുപോകുകയാണ്. കഴിഞ്ഞ നിയമസഭയിലും ഈ വസ്തുത വളരെ വ്യക്തമായി അവതരിപ്പിക്കുകയുണ്ടായി. ഭാരതപ്പുഴക്കപ്പുറത്ത് കേരളം ഇല്ലെന്നുള്ള ഒരു വസ്തുത ഉയർന്നുകൊണ്ടിരിക്കുകയാണ്. ഭരണരംഗത്തുള്ള എന്റെ ആത്മസുഹൃത്ത് ശ്രീ. രാമപ്പ പോലും വസ്തുതകൾ ഇവിടെ വ്യക്തമാക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് കാസർകോടുഭാഗങ്ങളിൽ ഭരണമില്ലെന്ന് എന്റെ സുഹൃത്ത് അദ്ദേഹത്തിന്റെ സംഭാഷണത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. അത് ഞാൻ ഇവിടെ ഊന്നിപ്പറയുകയാണ്. വ്യാവസായികമായും വിദ്യാഭ്യാസപരമായും.........................

ശ്രീ. എം. രാമപ്പ: അങ്ങനെ ഞാൻ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞത് ഗവൺമെന്റ് ആ ഭാഗത്ത് പരിപാടി ഉണ്ടാക്കിയിട്ടുണ്ട് ഇംപ്ലിമെന്റ് ചെയ്യുന്നില്ലെന്നാണ്.

ശ്രീ. പി. ഭാസ്കരൻ: പുതിയ പരിപാടികൾ ആവിഷ്കരിച്ചു അത് പ്രാവർത്തികമാക്കുന്നില്ല. വലിയ വലിയ സ്ക്കീമുകൾ ഗവൺമെന്റ് നമ്മുടെ മുമ്പാകെ അവതരിപ്പിക്കുന്നു. അത് പ്രാവർത്തികമാക്കുന്നില്ല. അതാണ് ഞാൻ പറഞ്ഞത് ഭാരതപ്പുഴയ്ക്കപ്പുറം മലബാർ പ്രദേശത്ത്, പ്രത്യേകിച്ച് കണ്ണൂർ ജില്ലയുടെ മലയോരപ്രദേശങ്ങൾ ഇന്നും വികസിക്കാതെ കിടക്കുകയാണ്, പദ്ധതികൾ നടപ്പിലാക്കാതെ കിടക്കുകയാണ് എന്ന്. വ്യാവസായികമായും വിദ്യാഭ്യാസപരമായും എല്ലാ രംഗത്തും പിന്നോക്കം നിൽക്കുന്ന കണ്ണൂർ ജില്ല അവഗണിക്കപ്പെട്ടിരിക്കുന്നു. സർ, കണ്ണൂരിലെ കാര്യം പറയാൻ ഇന്ന് ഒരു മന്ത്രി ഇവിടെയില്ല. 1957-ൽ ഈ സംസ്ഥാനത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ.എം.എസ്. കണ്ണൂർ ജില്ലയെ പ്രതിനിധാനം ചെയ്ത ആളായിരുന്നു. കണ്ണൂരിനെ പ്രതിനിധാനം ചെയ്തുകൊണ്ട് ശ്രീ. കെ.പി. ഗോപാലൻ മന്ത്രിയായിരുന്നു. പിന്നീടുള്ള മന്ത്രിസഭയിൽ 1962-ൽ ഉണ്ടായിരുന്ന മന്ത്രിസഭയിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ആർ. ശങ്കർ കണ്ണൂരിനെ പ്രതിനിധാനം ചെയ്ത ആളായിരുന്നു. അതുപോലെതന്നെ 1977-ൽ കരുണാകരന്റെയും ആന്റണിയുടെയും മന്ത്രിസഭയിൽ കണ്ണൂരിനെ പ്രതിനിധാനം ചെയ്തുകൊണ്ട് നമ്മുടെ ബഹുമാനപ്പെട്ട കാന്തലോട്ട് കുഞ്ഞാമ്പു മന്ത്രിയായിരുന്നു. 1977-ൽ മുഖ്യമന്ത്രിയായ കരുണാകരന് ജൻമം നൽകിയത് കണ്ണൂർ ജില്ലയാണ്. 3 മുഖ്യമന്ത്രിമാരെ സംഭാവന ചെയ്ത കണ്ണൂർ ജില്ലയ്ക്ക് ഇന്ന് മന്ത്രിമാരില്ലാത്ത അവസ്ഥയാണുള്ളത്. കണ്ണൂർ ജില്ല അവഗണിക്കപ്പെട്ടിരിക്കുന്നു എന്നു സൂചിപ്പിക്കാൻ വേണ്ടിയാണ് കേരള സംസ്ഥാനം രൂപം കൊണ്ടതു മുതലുള്ള ഇതപര്യന്തമുള്ള ചരിത്രം ഞാൻ ഇവിടെ അവതരിപ്പിച്ചത്. എല്ലാ കാലഘട്ടങ്ങളിലും, പി.കെ.വി. മുഖ്യമന്ത്രി ആകുന്നതിനുമുമ്പുണ്ടായിട്ടുള്ള എല്ലാ കാലഘട്ടങ്ങളിലും കണ്ണൂർ ജില്ലയെ പ്രതിനിധാനം ചെയ്തുകൊണ്ട് ഒന്നും രണ്ടും മന്ത്രിമാർ ഉണ്ടായിരുന്നു എന്ന വസ്തുത ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. നാരായണൻ നായർ: ഇനിയും മന്ത്രിസഭ വിപുലീകരിക്കണമെന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം.

ശ്രീ. പി. ഭാസ്കരൻ: എന്നു ഞാൻ പറഞ്ഞില്ല. ഈ സംസ്ഥാനത്ത് ഏററവുമധികം നിയമസഭാ സാമാജികൻമാരെ സംഭാവന ചെയ്ത ജില്ലയാണ് കണ്ണൂർ ജില്ല. 16 നിയമസഭാ സാമാജികൻമാർ കണ്ണൂർ ജില്ലയിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. നിർഭാഗ്യവശാൽ അതിൽ 2 നിയമസഭാ സാമാജികൻമാർ ഇപ്പോഠം നമ്മുടെ കൂടെ ഇല്ല എങ്കിലും 19 നിയമസഭാ സാമാജികൻമാരെ പ്രതിനിധാനം ചെയ്യുന്ന ജില്ല കണ്ണൂർ ജില്ലയാണ്.

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): കണ്ണൂർ ജില്ലയെപ്പററി ഇത്ര ആധികാരികമായി വാദിക്കുന്ന മെമ്പർ കുറഞ്ഞപക്ഷം സ്വന്തം ജില്ലയിലെ മെമ്പറൻമാരുടെ ശരിയായ അംഗസംഖ്യയെങ്കിലും അറിഞ്ഞിരിക്കണം.

ശ്രീ. പി. ഭാസ്കരൻ: ശരിയായ അംഗസംഖ്യ അറിഞ്ഞുകൊണ്ടു തന്നെയാണ് പ്രസംഗിക്കുന്നത്. 16 നിയോജകമണ്ഡലങ്ങളിൽനിന്ന് 16 എം.എൽ.എ.മാർ ഉണ്ട്. കൊടുവള്ളി നിയോജകമണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ഇ. അഹമ്മദ് കണ്ണൂർ ജില്ലക്കാരനാണ്. മലമ്പുഴനിന്ന് തിരഞ്ഞെടുക്കപ്പെട്ട ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ കണ്ണൂർ ജില്ലക്കാരനാണ്. ശ്രീ. കാന്തലോട്ടു കുഞ്ഞാമ്പു കണ്ണൂർ ജില്ലക്കാരനാണ്. അങ്ങനെയാണ് 16-ഉം 3-ഉം 19 എന്നുപറഞ്ഞത്.

ശ്രീ. പി.കെ. വാസുദേവൻ നായർ: ഞാൻ തോൽവി സമ്മതിച്ചു.

ശ്രീ. പി. ഭാസ്കരൻ: ഈ നിലയിൽ കൂടുതൽ സാമാജികൻമാർ പ്രതിനിധാനം ചെയ്യുന്ന കണ്ണൂർ ജില്ലയെ അവഗണിച്ചിരിക്കുകയാണ്.

ശ്രീ. പി.കെ. വാസുദേവൻനായർ: ബഹുമാനപ്പെട്ട മെമ്പറുടെ നേതാവായ ചന്ദ്രശേഖരനെ വിട്ടുകളഞ്ഞോ?

ശ്രീ. പി. ഭാസ്ക്കരൻ: ഏതായാലും എന്റെ കണക്ക് അവതരിപ്പിക്കൽ കുറഞ്ഞു പോയില്ലല്ലോ? കഴിഞ്ഞ കാലത്ത് ശ്രീ. ഇ.എം.എസ്., ശ്രീ. ആർ. ശങ്കർ, ശ്രീ. കരുണാകരൻ തുടങ്ങിയ 3 മുഖ്യമന്ത്രിമാരെ സംഭാവനചെയ്തത് കണ്ണൂർ ജില്ലയാണ്. ആ കണ്ണൂർ ജില്ലയെ അവഗണിച്ചതു സംബന്ധിച്ച് ഒരു പട്ടിക അവതരിപ്പിക്കാൻ വേണ്ടിയാണ് ഞാൻ ഇതെല്ലാം പറയുന്നത്. വളപട്ടണം പാലത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് കൊല്ലങ്ങളായി. ഏററവും പ്രധാനമായ ഒരു പാലമാണ്. എല്ലാ നിയമസഭാ സമ്മേളനങ്ങളിലും ഈ പാലത്തിന്റെ പ്രശ്നം ഉന്നയിച്ചാൽ അടുത്ത മാർച്ചുമാസത്തോടുകൂടി പൂർത്തിയാകും, അടുത്ത വർഷത്തോടുകൂടി പൂർത്തിയാകും എന്നുള്ള മറുപടിയാണ് കിട്ടുന്നത്. ഇന്നും ആ പാലം അനാഥമായി കിടക്കുകയാണ്. അതിന്റെ പ്രവൃത്തി ത്വരിതപ്പെടുത്തണം. മലയോര പ്രദേശങ്ങളിൽ റോഡുകഠം ഇല്ല, പാലങ്ങളില്ല; മലയോര പ്രദേശങ്ങളിൽ വിദ്യാലയങ്ങഠം ഇല്ല. മൂന്നും നാലും നാഴിക നടന്നുവേണം യു.പി. സ്കൂളിലും എൽ.പി. സ്കൂളിലും പോകാൻ. അതുപോലെതന്നെ കണ്ണൂർ ജില്ലയിലെ ബസ്-

LIBRARY ARCHIVES Kerala Legislative Assembly

സ്റേറഷന്റെ കാര്യം. സ്റേററ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബോർഡ് അവിടെ ആഫീസ് കെട്ടിടത്തിൽ ഉയർത്തിയതല്ലാതെ പുതിയ കെട്ടിടത്തിന്റെ യാതൊരു സംവിധാനവും അവിടെ നടന്നിട്ടില്ല. ഒരു ജില്ലയുടെ തലസ്ഥാനമാണ്. വളരെയധികം ആളുകൾ അവിടെയുണ്ട്. ആ ബസ് സ്റേറഷന്റെ പ്രവൃത്തി അടിയന്തിരമായി ആരംഭിക്കേണ്ടതാണ്. ആശുപത്രിയുടെ നില വളരെ ഗുരുതരമാണ്. അതേ സംബന്ധിച്ച് ഒന്നുംതന്നെ പറയാൻ ഈയവസരത്തിൽ ആഗ്രഹിക്കുന്നില്ല. ആ വകുപ്പിനെ സംബന്ധിച്ചുള്ള ചർച്ച വരുമ്പോൾ അതേപ്പററി സംസാരിക്കാം. ഹൈസ്ക്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകൾ കണ്ണൂർ ജില്ലയിൽ ധാരാളമുണ്ട്. ഇക്കാര്യം വിദ്യാഭ്യാസമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കോളേജുകൾ വളരെ കുറവാണ്. കശുവണ്ടിയുടെ പ്രശ്നമാണ് ഏററവും പ്രധാനമായിട്ടുള്ളത്. ഭരണരംഗത്തു നിന്നുതന്നെ ബഹുമാനപ്പെട്ട നൂറുദ്ദീൻ അത് വ്യക്തമാക്കുകയുണ്ടായി. കഴിഞ്ഞ കൊല്ലം 6 രൂപ 10 പൈസ കിട്ടിയിരുന്ന കശുവണ്ടിക്ക് ഇന്ന് 3 രൂപ 80 പൈസയാണുള്ളത്. 10,000 കണക്കിന് കശുവണ്ടിത്തൊഴിലാളികൾ കഷ്ടത അനുഭവിക്കുകയാണ്. പോലീസും എക്സൈസ് വകുപ്പും വീടുകളിൽ സൂക്ഷിച്ചിരുന്ന കശുവണ്ടി ബലാൽക്കാരമായി എടുത്തുകൊണ്ടുപോകുന്ന അവസ്ഥയാണുള്ളത്. കശുവണ്ടി കർഷകരുടെ പ്രശ്നത്തിൽ അടിയന്തിരമായ പരിഹാരം കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ ഏററവുമധികം ബീഡി തൊഴിലാളികൾ അധിവസിക്കുന്ന ജില്ലയാണ് കണ്ണൂർ ജില്ല. കണ്ണൂർ ജില്ലയിൽ ഒരു ഇ.എസ്.ഐ. ആശുപത്രിക്കുവേണ്ടി 20 ഏക്കർ സ്ഥലം എടുത്തിട്ട് വർഷം പലതായി. ഇതേവരേയും ആ തൊഴിലാളികൾക്കു വേണ്ടി ഒരു ഇ.എസ്.ഐ. ആശുപത്രി ഉണ്ടാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. 20 ഏക്കർ സ്ഥലം സർക്കാരിന്റെ കൈയിൽ ഉണ്ട്. മഹാനായ ഒരാളുടെ പേരിൽ—കൃഷ്ണമേനോന്റെ പേരിൽ—കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിന് 15 ഏക്കർ സ്ഥലം കിട്ടിയിട്ടും അവിടെ ഒരു കെട്ടിടം ഉണ്ടാക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ഇത് കണ്ണൂർ ജില്ലയോടു കാണിച്ചിട്ടുള്ള, മലബാറിനോടു കാണിച്ചിട്ടുള്ള, വടക്കൻ മേഖലയോടു കാണിച്ചിട്ടുള്ള ഏററവും വലിയ അവഗണനയാണ്, അനീതിയാണ് എന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ കണ്ണൂർ ജില്ലയിൽ ഒരു ആയുർവ്വേദ കോളേജും ഒരു മെഡിക്കൽ കോളേജും ആവശ്യമാണ്. കസ്തൂർബാ മെഡിക്കൽ കോളേജിൽ ആ പ്രദേശത്തുള്ള ആളുകൾക്ക് ലക്ഷക്കണക്കിനു രൂപ സംഭാവന കൊടുത്താൽ മാത്രമേ പ്രവേശനം കിട്ടുകയുള്ളു. മലബാർ പ്രദേശത്തിന്റെ ഏററവും വടക്കു കിടക്കുന്ന പ്രദേശത്ത് ഒരു മെഡിക്കൽ കോളേജും ഒരു ആയുർവ്വേദ കോളേജും ആവശ്യമാണെന്ന് ഈയവസരത്തിൽ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ ടൂറിസ്ററ് കേന്ദ്രങ്ങൾ. അഴീക്കോട് ഹാർബറിന്റെ പ്രവർത്തനം മരവിച്ചുകിടക്കുന്നു. കണ്ണൂർ ജില്ലയിൽ വിമാനത്താവളത്തിന് എല്ലാവിധ സൗകര്യങ്ങളുമുണ്ട്. കണ്ണൂർ ജില്ലയിൽ ഒരു വിമാനത്താവളം ഉണ്ടാക്കാനുള്ള സംവിധാനം ഉണ്ടാക്കുക, മരവിച്ചു കിടക്കുന്ന അഴീക്കോട് ഹാർബറിന്റെ പ്രവർത്തനം ആരംഭിക്കുക തുടങ്ങിയ പ്രശ്നങ്ങൾ ഈയവസരത്തിൽ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ കണ്ണൂർ ജില്ലയിലെ അഡീഷണൽ മുൻസിഫ് കോടതിയുടെ കാര്യം. വളരെ കൊല്ലങ്ങളായി പ്രവർത്തിച്ചുകൊണ്ടിരുന്ന കണ്ണൂർ ജില്ലയിലെ മുൻസിഫ് കോടതി രണ്ടു മാസത്തിനപ്പുറം നിറുത്തൽ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരിക്കയാണ്. വളരെയധികം വക്കീലന്മാരുടെ പ്രക്ഷോഭണങ്ങൾ, നാട്ടുകാരുടെ പ്രക്ഷോഭണങ്ങൾ, സാമൂഹ്യപ്രവർത്തകരുടെ പ്രക്ഷോഭണങ്ങൾ ഉണ്ടായിട്ടും അത് പുനഃസ്ഥാപിച്ചു കിട്ടിയിട്ടില്ല. കണ്ണൂരിൽ ഒരു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി ആവശ്യമാണെന്ന് ബാർ അസോസിയേഷനും സാമൂഹ്യസംഘടനകളും രാഷ്ട്രീയ പ്രവർത്തകന്മാരും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അക്കാര്യം ചർച്ച ചെയ്തിട്ടില്ല, അതിനു പരിഗണന നൽകിയിട്ടില്ല എന്നു പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ വളരെ ശക്തിപൂർവ്വം എതിർക്കുകയാണ്.

ശ്രീ. കല്ലട നാരായണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ
11 a.m.] സന്തോഷപൂർവ്വം സ്വീകരിക്കുകയാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി ഇൻഡ്യയിൽ തുടർന്നുവന്ന തെററായ അശാസ്ത്രീയമായ പ്ലാനിംഗിന്റെ ഫലമായി ഇൻഡ്യയിലെ പട്ടിണിക്കാരുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. അതുപോലെതന്നെ പണക്കാരുടെ എണ്ണവും വർദ്ധിച്ചിരിക്കുകയാണ്. ഇന്നു നമ്മുടെ രാജ്യത്ത് 50 ശതമാനത്തോളം വരുന്ന ആളുകൾ ദാരിദ്ര്യരേഖക്ക് താഴെ നിൽക്കുന്നവരാണ്. അവരുടെ ജനസംഖ്യ പരിശോധിക്കുമ്പോൾ 30 കോടിയാണ്. ഒരാളിന് ഒരു ദിവസം ശരാശരി 93 നയാപൈസ മാത്രമേ വരുമാനമുള്ളു. പക്ഷേ വെറും 30 കോടി രൂപയോളംകൊണ്ട് ബിസിനസ് ആരംഭിച്ച ടാററായെപോലുള്ള ആളുകൾ ഇന്നു 9,000-ത്തിലധികം കോടി രൂപയുടെ ഉടമകളാണ്. അതാണ് ഞാൻ സൂചിപ്പിച്ചത്. തെററായ അശാസ്ത്രീയമായ ഒരു പ്ലാനിംഗിന്റെ ഫലമായിട്ടാണ് ഇൻഡ്യയിൽ ഇതു സംഭവിച്ചതെന്ന്. അതിൽനിന്നു വ്യത്യസ്തമായ ചില കാര്യങ്ങൾ പരിശോധിക്കേണ്ട സന്ദർഭമാണ് ഇപ്പോൾ. ഒറീസ്സയിലാണെങ്കിൽ 67 ശതമാനം ആളുകൾ ദാരിദ്ര്യരേഖക്ക് താഴെ നിൽക്കുന്നവരാണ്. ബീഹാറിൽ അത് 64 ശതമാനമാണ്. പശ്ചിമ ബംഗാളിൽ 62.28 ശതമാനമാണ്. കേരളത്തിൽ അത് 62.25 ശതമാനമാണ്. തമിഴ്നാട്ടിൽ 60.71 ആണ്. ഹരിയാനയിൽ 32.24, പഞ്ചാബിൽ 21.62 ആണ്. ഏതായാലും ഇൻഡ്യയിൽ ഇങ്ങനെയുള്ള ഒരു വൈകൃത ചിത്രം നിലനിൽക്കുകയാണ്. സാമൂഹികരംഗത്തും സാമ്പത്തികരംഗത്തുമെല്ലാം പിന്നണിയിൽ നിൽക്കുന്ന ചില സംസ്ഥാനങ്ങളുടെ കണക്കാണ് ഞാൻ ഉദ്ധരിച്ചത്. ഇതിൽ കേരളവും മോശമല്ല. കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മുടെ സാമൂഹിക സാമ്പത്തികരംഗത്ത് സമൂലമായ പരിവർത്തനം വരുത്താൻ വേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ ഈ ഗവൺമെൻറ് ശ്രമിച്ചിട്ടുണ്ട്. അതിന് ഒട്ടേറെ പദ്ധതികളുണ്ട്. ആ പദ്ധതികളുടെ വിശദാംശങ്ങളിലേക്ക് കടക്കാൻ ഇപ്പോൾ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഈ പദ്ധതികളുടെയെല്ലാം നടത്തിപ്പിന് വിലങ്ങുതടിയായി നിൽക്കുന്നത് ഇവിടത്തെ സിവിൽ സർവ്വീസിന്റെ കാര്യക്ഷമതാ കുറവാണെന്നു പറയാൻ എനിക്ക് യാതൊരു മടിയുമില്ല. വില്ലേജാഫീസ് മുതൽ സെക്രട്ടേറിയററുവരെയുള്ള നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ വീക്ഷണത്തിൽ കാലത്തിനനുസരണമായ മാററം ഉണ്ടാകണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. സാധാരണക്കാരുടെ പാവപ്പെട്ട തൊഴിലാളികളുടെ വികാരം ഉൾക്കൊള്ളാൻ ഇവിടത്തെ ഉദ്യോഗസ്ഥ വൃന്ദത്തിന് ഇനിയും കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് ഈ പദ്ധതികളുടെയെല്ലാം പരാജയത്തിന് കാരണം. അതുകൊണ്ട് അടിമുതൽ മുടിവരെ ഒരു മാററം ഇന്ന് അനിവാര്യമായിത്തീർന്നിരിക്കുന്നു. ഞാൻ ആരേയും കുററപ്പെടുത്താൻ ആഗ്രഹിക്കുകയല്ല. ഈ സെക്രട്ടേറിയററിൽ കടന്നു ചെന്നാൽ ചില കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാണാൻ കഴിയും. കേരളശബ്ദം വീക്കിലിയിൽ ഇന്ദ്രജിത്ത് എഴുതിയ ''എത്രയെത്ര മദാലസ രാത്രികൾ'' എന്നൊരു ലേഖന പരമ്പര ഉണ്ട്. ഇതു വായിച്ചുകൊണ്ടിരിക്കുന്ന വനിതകളെയാണ് പലപ്പോഴും സെക്രട്ടേറിയറ്റിൽ കടന്നു ചെന്നാൽ കാണാൻ കഴിഞ്ഞിട്ടുള്ളത്. അതു പോലെതന്നെ മേശയുടെ അടിഭാഗത്ത് വായിക്കുന്നതിനുവേണ്ടി നോവലുകളും മററു പുസ്തകങ്ങളും വച്ചിരിക്കുന്നതു കാണാം. ഞാൻ അവരെ ആരേയും കുററപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. സത്യം തുറന്നു പറയുകയാണ്. സാധാരണക്കാരുടെ കയ്യിൽനിന്നു നികുതി പിരിച്ചുകൊണ്ട് ഈ സംസ്ഥാനത്ത് സമൂലമായ മാററം വരുത്താൻവേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ ഈ സിവിൽ സർവ്വീസ്, ഈ കാലഘട്ടത്തിന്റെ വികാരം ഉൾക്കൊള്ളാൻ വില്ലേജാഫീസ് മുതൽ ഐ.എ.എസ്. താപ്പാനവരെയുള്ള ആളുകൾ തയ്യാറായില്ലെങ്കിൽ ഗവൺമെന്റിന്റെ നയം എന്തായാലും അതു പരാജയപ്പെടും. ആരു ഭരിക്കുന്നു എന്നുള്ളതല്ല പ്രശ്നം. ആരു ഭരിച്ചാലും ഒരു ബൂർഷ്വാ സമുദായ ഘടനയാണ് ഇവിടെയുള്ളത്. ഒരു മുതലാളിത്ത രാജ്യമാണ് ഇൻഡ്യ. അതിനെ നിയന്ത്രിക്കുന്ന ഐ.എ.എസ്.-കാർ പാവപ്പെട്ട ആളുകളുടെ, സാധാരണ കൃഷിക്കാരുടെ മക്കൾ അല്ല, ജൻമിമാരുടേയും വൻകിട മുതലാളിമാരുടേയും മക്കളാണ്. അവരുടെ വികാരമേ അവർക്ക് ഉൾക്കൊള്ളാൻ കഴിയുകയുള്ളു. സാധാരണക്കാരുടെ വികാരങ്ങൾ മനസ്സിലാക്കാനുള്ള കരുത്ത്, അതിനുള്ള മനസ്ഥിതി ഉണ്ടായില്ലെങ്കിൽ ആര് എന്തു പദ്ധതി ആവിഷ്ക്കരിച്ചാലും അതൊക്കെ പരാജയപ്പെട്ടുപോകുകയേയുള്ളു. അതുകൊണ്ട് കാലഘട്ടത്തിന്റെ വികാരങ്ങൾ ഉൾക്കൊള്ളാൻ നമ്മുടെ ഉദ്യോഗസ്ഥ സുഹൃത്തുക്കൾ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന. ഉദ്യോഗസ്ഥൻമാർ അവരുടെ ആവശ്യങ്ങൾ നേടിയെടുക്കാൻവേണ്ടി ചില മുദ്രാവാക്യങ്ങൾ വിളിക്കാറുണ്ട്. ''തൊഴിലാളി ഐക്യം സിന്ദാബാദ് കർഷക ഐക്യം സിന്ദാബാദ്'' എന്നൊക്കെ പറയാറുണ്ട്. അതിൽ നല്ലൊരു വിഭാഗം ആളുകൾ ഇടതുപക്ഷ ചിന്താഗതിക്കാരാണ്. ഇങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരുടെ സാമ്പത്തിക നേട്ടത്തിനുവേണ്ടിയുള്ള സമരത്തിൽ കർഷകരുടേയും തൊഴിലാളികളുടേയും കശുവണ്ടിത്തൊഴിലാളികളുടേയും സഹായം തേടാറുണ്ട്. ഇതെല്ലാം കഴിഞ്ഞ് തിരിച്ച് സെക്രട്ടേറിയററിൽ ചെന്നിരിക്കുമ്പോൾ പാവപ്പെട്ട കർഷകരുടേയോ തൊഴിലാളികളുടേയോ പ്രശ്നം ചെന്നാൽ അതിനുനേരെ മുഖം തിരിഞ്ഞുനിൽക്കുന്ന കാഴ്ചയല്ലേ കാണുന്നത്? ഈ രാജ്യത്തിന്റെ സമ്പദ്ഘടനയിൽ കോടിക്കണക്കിന് രൂപ സമ്പാദിക്കുന്ന ഈ പാവപ്പെട്ട തൊഴിലാളികളെ സമരത്തിനുവേണ്ടിമാത്രം ഉപയോഗിക്കുകയും സമരം. കഴിഞ്ഞ് ആനുകൂല്യം നേടി ഉദ്യോഗസ്ഥ മണ്ഡലത്തിൽ കടന്നുചെന്നാൽ പൊയ്മുഖങ്ങളായി കഴിയുകയും ചെയ്യുന്ന ഈ സമുദായം ഈ കാലഘട്ടത്തിനനുസരണമായി മാറേണ്ടതല്ലേ? അതു മാറണം. അവരുടെ മനസ്സിൽ മാററം വന്നാൽ മാത്രമേ ആരു എന്തു പദ്ധതി ആവിഷ്കരിച്ചാലും വിജയിക്കുകയുള്ളു. ഇവിടെ വികാസ് ഭവൻ എന്നൊരു ഭവനമുണ്ട്. സെക്രട്ടേറിയററിലെ കുറേ വിഭാഗം അങ്ങോട്ട് മാററിയിട്ടുണ്ട്. അവിടെ നിന്നു ഒരു ഫയൽ വരണമെങ്കിൽ രണ്ടര മാസം വേണം. ചില മന്ത്രിമാരുടെ വകുപ്പുകളുടെ കുറേ ഭാഗം അങ്ങോട്ട് മാററി. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ഒന്നുകിൽ ആ മന്ത്രിമാരുടെ ആഫീസുകൾ അങ്ങോട്ടു മാററണം. അല്ലെങ്കിൽ ആ വകുപ്പുകൾ ഇങ്ങോട്ടു മാററണം. അടിയന്തിര പ്രാധാന്യമുള്ള ഫയലുകൾ വരാൻ രണ്ടും മൂന്നും മാസം വേണ്ടി വരുന്നു എന്ന് എനിക്കറിയാം. അതുകൊണ്ട് ഈ കാലതാമസം ഒഴിവാക്കണം. അതുപോലെതന്നെ ഈ സംസ്ഥാനത്ത് അനുസരിക്കാത്ത

ഒട്ടേറെ ഉദ്യോഗസ്ഥൻമാരുണ്ട്. ഒരു വലിയ നിരതന്നെ ഇവിടെയുണ്ട്. അങ്ങനെ വലിയൊരു നിരയുള്ളതുകൊണ്ട് പാവപ്പെട്ട തൊഴിലാളികളുടെ, കാർഷികത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പലപ്പോഴും നിഹനിക്കപ്പെടുന്നുണ്ട്. അതിന് ഉദാഹരണം ഈ ജില്ലയിൽത്തന്നെയുണ്ട്. ഇവിടെ രണ്ടു ഡെപ്യൂട്ടി ഐ. ജി.-മാരാണ് പ്രവർത്തിക്കുന്നത്. അവർക്ക് എന്താണ് ജോലിയുള്ളത്? താഴെയുള്ളവരുടെ പ്രവർത്തനം നോക്കാൻ വേറെ ഉദ്യോഗസ്ഥൻമാരുണ്ട്. ഈ പോലീസ് സുഹൃത്തുക്കളെ വല്ല റോഡ് പണിക്കോ പാലം പണിക്കോ അയക്കണം. അവർക്ക് ശമ്പളം കൊടുക്കണം. ഇപ്പോൾ വെറുതേ തൊപ്പിയുമിട്ടുകൊണ്ടു രാജാക്കൻമാരെപോലെ ഇരിക്കുകയാണ്. ഒരു പണിയുമില്ല. റോഡ് വെട്ടാനോ, കുളം കുഴിക്കാനോ ഒക്കെ അയക്കുന്നതാണ് നല്ലത്. ഇന്നു പാവപ്പെട്ട ആളുകൾ മർദ്ദനത്തിന് വിധേയരായി, ബലാൽസംഗത്തിന് വിധേയരായി പരാതിയുമായി പോലീസ് സ്റ്റേഷനുകളിൽ ചെന്നാൽ ഒരു ശതമാനത്തിനെങ്കിലും നീതി ലഭിക്കുന്നുണ്ടോ? ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. വർഷങ്ങളായി തുടങ്ങിയതാണ്. തെററായ അശാസ്ത്രീയമായ പ്ലാനിംഗിന്റെ ഫലമായി ആ നടപടിക്രമം ഇന്നും തുടരുകയാണ്. അതിനൊരു മാററം വരുത്തണമെങ്കിൽ സ്വൽപ്പം സമയമെടുക്കും.

മറെറാന്ന് എനിക്ക് പറയാനുള്ളത്, ഇവിടെ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കുവേണ്ടി അവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെൻറ് ഏർപ്പെടുത്തിയിട്ടുള്ളതിനെക്കുറിച്ചാണ്. അത് 1970-ൽ തുടങ്ങിയതാണ്. ചില വകുപ്പുകളിലല്ലാതെ എല്ലാ വകുപ്പുകളിലും ഈ കഴിഞ്ഞ 9 വർഷമായി അതു പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഉദ്യോഗസ്ഥൻമാർക്ക് താൽപ്പര്യമുണ്ടായിരുന്നെങ്കിൽ മനസ്സുണ്ടായിരുന്നെങ്കിൽ, പാവപ്പെട്ടവരോട് കാരുണ്യമുണ്ടായിരുന്നെങ്കിൽ മൂന്നു വർഷംകൊണ്ട് ഈ കാര്യം പൂർത്തിയാക്കാൻ കഴിയുമായിരുന്നു. എല്ലാവർക്കും സംശയമാണ്. പാവപ്പെട്ടവർക്കുവേണ്ടി, കർഷകത്തൊഴിലാളികൾക്കുവേണ്ടി ഒരു ഉത്തരവുണ്ടായാൽ മുകളിലിരിക്കുന്നവർക്ക് എപ്പോഴും സംശയമാണ്, അതിന് ക്ലാരിഫിക്കേഷൻ ചോദിക്കും. അങ്ങനെയാണ് അവരുടെ പോക്ക്. ഈ പോക്ക് ശരിയല്ലെന്നു പറയുകയാണ്. ആര് ഇവിടെ ഭരിക്കുന്നു എന്നുള്ളതല്ല പ്രശ്നം. പാവപ്പെട്ടവർക്ക് എന്തെങ്കിലും ഗുണമുണ്ടാകണമെങ്കിൽ ഉദ്യോഗസ്ഥൻമാരുടെ മനസ്സിൽ കാലഘട്ടത്തിന്റെ വികാരം ഉണ്ടാകണം. പാവപ്പെട്ടവർ ഈ സമൂഹത്തിന്റെ ഒരു ഭാഗമാണ്. ഒന്നര ശതമാനത്തോളംവരുന്ന ഉദ്യോഗസ്ഥൻമാർ മാത്രമല്ല ഇവിടെയുള്ളതെന്നു മനസ്സിലാക്കണം. വില്ലേജാഫീസുമുതൽ മുകളിലേക്കുള്ള ആഫീസുവരെയുള്ള ഉദ്യോഗസ്ഥൻമാരുടെ മനസ്സിൽ ശരിയായ ഒരു മാററമുണ്ടാകണം. പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട ആളുകൾ അല്ലെങ്കിൽ പാവപ്പെട്ട ആളുകൾ ഒരു സർട്ടിഫിക്കററിനുവേണ്ടി വില്ലേജാഫീസിൽ കടന്നുചെന്നാൽ അവിടെ എന്തെല്ലാമാണ് നടക്കുന്നതെന്നു അറിയാം. ഞാൻ പരത്തിപ്പറയാൻ ആഗ്രഹിക്കുന്നില്ല. വ്യവസായവകുപ്പിന്റെ ഒരു കാര്യം പറയാം. ഇവിടെ മന്നം ഷുഗർമിൽസ് എന്നൊരു പഞ്ചസാരമിൽ ഉണ്ട്. ആ മില്ലിൽ കടുപ്പക്കാരനായ ഒരു ജനറൽ മാനേജരുണ്ട്. അയാളുടെ പേരിലുള്ള അഴിമതികൾ എന്താണെന്നുള്ളത് അക്കമിട്ടു പറയാം. പക്ഷെ സമയമില്ലാത്തതുകൊണ്ട് ഞാൻ അത് ഇപ്പോൾ പറയുന്നില്ല. അതേപ്പററി അന്വേഷിച്ച് ആ ഉദ്യോഗസ്ഥൻ തെററാണ് ചെയ്തിട്ടുള്ളതെങ്കിൽ കാര്യമായി ആ ഉദ്യോഗസ്ഥനെ

LIBRARY ARCHIVES Kerala Legislative Assembly

ശിക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. പാവപ്പെട്ടവർ തെററു ചെയ്താൽ, കുററം ചെയ്താൽ അവരെ വിരട്ടിയോടിക്കുന്ന സമ്പ്രദായം മാത്രം പോരാ. എത്ര വലിയ ഉദ്യോഗസ്ഥനായാലും ശരി അഴിമതി കാണിച്ചിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കണമെന്നു ഞാൻ പറയുകയാണ്.

സർ, അതുപോലെ കശുവണ്ടിത്തൊഴിലാളികൾ ഇന്നു മുഴുപട്ടിണിയിലാണ്. ഒന്നര ലക്ഷത്തോളംവരുന്ന കശുവണ്ടിത്തൊഴിലാളികൾ ഇന്നു പട്ടിണിയിലാണ്. അവരിൽപ്പെട്ട ആയിരക്കണക്കിന് ആളുകൾ ഇന്നു സെക്രട്ടേറിയററു നടയിൽ സത്യാഗ്രഹം ചെയ്യുകയാണ്. എന്തിനു വേണ്ടി? കഴിഞ്ഞ എട്ടൊൻപതു മാസമായി ഒരു നേരത്തെ ആഹാരത്തിന് വകയില്ലാതെ അവർ പട്ടിണി കിടക്കുകയാണ്. കഴിഞ്ഞകാര്യത്തെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ഞാനും അണ്ടി ആഫീസിൽ പോയി പണിയെടുത്ത ഒരു തൊഴിലാളിയായിരുന്നു. എനിക്കറിയാം അവരുടെ വേദനയും വിഷമവും എന്താണെന്നുള്ളത്. ഞാൻ ബി.എസ്സി.ക്കും, ബി.എഡിനും പഠിക്കുന്ന കാലത്ത് ഒഴിവുകാലങ്ങളിൽ അണ്ടി ആഫീസിൽപോയി അണ്ടി തല്ലുന്ന ജോലി ചെയ്തിട്ടുണ്ട്. എനിക്കറിയാം അവരുടെ വികാരങ്ങൾ എന്താണെന്നുള്ളത്. അവർ ഇന്നു ആകെ പട്ടിണിയിലാണ്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി അവർ ഇന്നു സെക്രട്ടേറിയററു നടയിൽ സത്യാഗ്രഹം നടത്തുകയാണ്. അവർക്ക് ഒരു നേരത്തെ ആഹാരം നൽകാൻ ഗവൺമെൻറിന് കഴിയണം. അതുപോലെതന്നെ ഈ സമ്മേളനകാലത്തുതന്നെ കശുവണ്ടിതൊഴിലാളികൾക്കുവേണ്ടിയുള്ള ഒരു ക്ഷേമനിധി ബിൽ പാസാക്കിയെടുക്കുന്നതിനുള്ള എല്ലാ നടപടികളും കൈക്കൊള്ളണം. ഗവൺമെൻറ് അതിൽനിന്നും ഒരിക്കലും പുറകോട്ടു പോകരുത്. കഴിഞ്ഞ എട്ടൊൻപതു മാസക്കാലമായി കൊല്ലംജില്ല മുഴുവൻ സ്തംഭിച്ചുനിൽക്കുകയാണ്. കൊല്ലം ജില്ല മുഴുവൻ പട്ടിണിയുടെ കൊടും ക്രൂരതയിലാണ്. ആളുകൾ മരിക്കുന്നില്ല എന്നുമാത്രമേയുള്ളു. അങ്ങനെ വേദന തിങ്ങി ഇന്നു വ്യവസായങ്ങൾ സ്തംഭിച്ചതുകൊണ്ട് കൊല്ലം ജില്ല എരിപൊരികൊള്ളുകയാണ്. ഏതു ഗവൺമെൻറു ഭരിച്ചാലും ഗവൺമെൻറ് ആവിഷ്കരിക്കുന്ന പദ്ധതികളും നടപടികളും വിജയിപ്പിക്കണമെങ്കിൽ താഴെക്കിടയിലുള്ള ഉദ്യോഗസ്ഥൻമാർ മുതൽ മുകളിലേക്കുള്ള ഉദ്യോഗസ്ഥൻമാർ വരെയുള്ള ആളുകളുടെ മനസിൽ കാലഘട്ടത്തിൻെറ വികാരം ഉൾക്കൊള്ളണം. ഒരു സോഷ്യലിസ്ററു വ്യവസ്ഥിതിയിലേക്ക് നീങ്ങുന്ന ഈ രാജ്യത്ത് അതിനനുസരിച്ചുള്ള മാററം ഇവിടത്തെ ഉദ്യോഗസ്ഥൻമാരുടെ ഇടയിൽ ഉണ്ടായില്ലെങ്കിൽ ഇവിടെ ഒരു ചുക്കും നടക്കാൻ പോകുന്നില്ലെന്നുള്ള വ്യക്തിപരമായ അഭിപ്രായമാണ് എനിക്കുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

ശ്രീ. എൻ. ഭാസ്കരൻ നായർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഇന്ന് ഗവൺമെൻറിൻെറ കീഴിലുള്ള ഏകദേശം 80 ശതമാനത്തോളം നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷനിൽ കൂടിയാണ് നടത്തുന്നത്. എന്നു മാത്രമല്ല ഗവൺമെൻറ് രൂപീകരിക്കുന്ന ബോർഡുകളിലും, കോർപ്പറേഷനുകളിലും, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തണമെന്നും അത് നിലവിലിരിക്കുന്ന സംവരണ വ്യവസ്ഥയനുസരിച്ച് ആയിരിക്കണമെന്നും വാദിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. അപ്രകാരം ചെയ്യുന്നതിനുള്ള തീരുമാനം എടുത്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടവുമാണ് ഇത്. എനിക്കു വളരെ

2/463—10

LIBRARY ARCHIVES Kerala Legislative Assembly

വിനീതമായി ഈ അവസരത്തിൽ പറയുവാനുള്ളത് പബ്ലിക് സർവ്വീസ് കമ്മീഷനെസംബന്ധിച്ചിടത്തോളം നിഷ്പക്ഷമായി, നീതിപൂർവ്വകമായി പ്രവർത്തിക്കേണ്ട ഈ കമ്മീഷൻ അവരുടെ കർത്തവ്യം വേണ്ട വിധം ചെയ്യുന്നില്ലെന്നും ബഹുജനങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രവർത്തനത്തിൽ അതൃപ്തിയും വിശ്വാസമില്ലായ്മയും വന്നുചേർന്നിരിക്കുകയാണെന്നുമാണ്. ഇന്ന് പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഭരിക്കുന്ന പാർട്ടികളുടെ പിണിയാളുകളുമായി പ്രവർത്തിക്കുന്ന ഒരു വിഭാഗം ആളുകളുണ്ടെന്നും ഭരിക്കുന്ന പാർട്ടികളുടെ ചൊൽപ്പടിയിൽ നിൽക്കുന്ന ആളുകളാണ് പബ്ലിക് സർവ്വീസ് കമ്മീഷനെന്നും പരക്കെ പരസ്യമായി പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. ഏതെങ്കിലും നിയമനം വേണമെങ്കിൽ ഏതെങ്കിലും ഭരണഭാഗത്തിരിക്കുന്ന രാഷ്ട്രീയപാർട്ടികൾ വിചാരിച്ചെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ എന്നു നിഷ്പക്ഷമായും, നീതിപൂർവ്വകമായും പ്രവർത്തിക്കേണ്ട പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇന്ന് ഭരിക്കുന്ന പാർട്ടികളുടെ ആധിപത്യം സ്ഥാപിച്ചുകൊണ്ട് അവരിൽ കൂടിയാണ് നിയമനങ്ങളെല്ലാം നടത്തുന്നത് എന്നുമുള്ള പ്രഖ്യാപനങ്ങൾ എല്ലാം സ്ഥാനങ്ങളിലും എത്തിയിട്ടുണ്ട്. മററൊരു സംഗതി എനിക്കു പ്രത്യേകമായി എടുത്തു കാണിക്കാൻ ഉണ്ട്. ഇന്ന് നിലവിലിരിക്കുന്ന സംവരണ വ്യവസ്ഥ പാലിക്കണമെന്നും പിന്നോക്ക വിഭാഗക്കാരായ ആളുകൾക്ക് അവർ അർഹിക്കുന്ന രീതിയിലുള്ള സംവരണം കൊടുക്കണമെന്നും വാദിക്കുന്നുണ്ട്. എന്നാൽ ഇന്ന് പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ ചെയർമാനും മററ് ആറു അംഗങ്ങളും ഉള്ളതിൽ ഒരാൾ പോലും മുന്നോക്ക വിഭാഗത്തിൽപ്പെട്ട ആൾ ഇല്ലെന്നുള്ളത് നാം പ്രത്യേകം ചിന്തിക്കേണ്ടതാണ്. അങ്ങനെ മുന്നോക്ക വിഭാഗത്തിൽപ്പെട്ട ഒരാൾ പോലും പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗമല്ലാത്ത സ്ഥിതിക്ക് മുന്നോക്കമെന്നു പറയുന്ന ഏതാനും ആളുകൾ എങ്കിലും കേരളത്തിൽ ഉണ്ടെന്നുള്ള വസ്തുത അംഗീകരിച്ച് മുന്നോക്ക വിഭാഗത്തിന്റെ സംരക്ഷണത്തിന് പബ്ലിക് സർവ്വീസ് കമ്മീഷനിൽ ആ വിഭാഗത്തിൽനിന്ന് ഒരു അംഗത്തെക്കൂടി നിയമിക്കേണ്ടത് ആവശ്യമാണെന്നു പ്രത്യേകം എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ മുന്നോക്ക സമുദായത്തിൽനിന്ന് ഒരാളെക്കൂടി നിയമിച്ചെങ്കിൽ മാത്രമേ നീതിപൂർവ്വകമായിട്ടുള്ള നിഷ്പക്ഷമായിട്ടുള്ള, നിയമവിധേയമായ ഒരു കമ്മീഷനാകയുള്ളൂ.

മററൊരു കാര്യം എനിക്കു പറയുവാനുള്ളത് ഇവിടെ നമ്മുടെ മന്ത്രിമാരുടെ പേഴ്സണൽ സ്ററാഫിനെക്കുറിച്ചാണ്. മന്ത്രിമാരുടെ പേഴ്സണൽ സ്ററാഫിന്റെ എണ്ണം എത്രമാത്രം വർദ്ധിപ്പിച്ചാൽ പോലും എനിക്കു അതിൽ പരാതിയില്ല. പക്ഷേ അതിനു ഒരു ക്ലിപ്തത വേണം. ഓരോ മന്ത്രിമാർക്കും ഇഷ്ടമുള്ള രീതിയിലാണ് പേഴ്സണൽ സ്ററാഫിനെ എടുത്തിരിക്കുന്നത്. അതിന്റെ ഷെഡ്യൂൾസ് നോക്കുകയാണെങ്കിൽ അത് കാണാൻ സാധിക്കും. ചീഫ് മിനിസ്ററർക്ക് 19 ആളുകൾ, അഗ്രിക്കൾച്ചറൽ മിനിസ്ററർക്ക് 17 ആളുകൾ, ലേബർ മിനിസ്ററർക്ക് 27 ആളുകൾ, വർക്ക്സ് മിനിസ്ററർക്ക് 23 ആളുകൾ, റവന്യൂ മിനിസ്ററർക്ക് 20 ആളുകൾ, എഡ്യൂക്കേഷണൽ മിനിസ്ററർക്ക് 23 ആളുകൾ, ലോക്കൽ അഡ്മിനിസ്ട്രേഷൻ മിനിസ്ററർക്ക് 20 ആളുകൾ, ഇൻഡസ്ട്രീസ് മിനിസ്ററർക്ക് 22 ആളുകൾ, ഹരിജൻ വെൽഫെയർ മിനിസ്ററർക്ക് 20 ആളുകൾ, ഫുഡ് മിനിസ്ററർക്ക് 16 ആളുകൾ, ഹെൽത്ത് മിനിസ്ററർക്ക് 19 ആളുകൾ, ട്രാൻസ്പോർട്ട് മിനിസ്ററർക്ക് 22 ആളുകൾ, ഹോം മിനിസ്ററർക്ക് 19 ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ കാണാൻ സാധിക്കും. ലേബർ മന്ത്രിക്ക് മലയാളം ടൈപ്പിസ്ററായി എട്ടു പേരെ നിയമിച്ചതായി കാണാം. എട്ടു മലയാളം ടൈപ്പിസ്ററിന്റെ ആവശ്യം ഉണ്ടോ എന്നു അറിയില്ല, ഈ ലിസ്ററിൽ ഉള്ളതാണ്. അത് ശരിയാണോ എന്ന് പറയണം. അതു കൂടാതെ ഇംഗ്ലീഷ് ടൈപ്പിസ്ററ് ഉണ്ട്, സ്ററെനോഗ്രാഫർ ഉണ്ട്. അതുകൊണ്ട് നമ്മുടെ മന്ത്രിമാരുടെ പേഴ്സണൽ സ്ററാഫിൽ ഈ ആളുകളെ എടുക്കുന്ന അവസരത്തിൽ അതിന് ഒരു ക്ലിപ്തത വേണം. ആർക്കെങ്കിലും പ്രത്യേകമായി തോന്നുന്നതുപോലെ ആവശ്യത്തിലും അതിൽ കവിഞ്ഞും ആരെയെങ്കിലും പ്രീതിപ്പെടുത്തുന്നതിനുവേണ്ടി ഇത്തരത്തിൽ കൂടുതൽ ആളുകളെ എടുക്കുന്ന സമ്പ്രദായം മാററണം. അതിനു ഒരു ക്ലിപ്തത വേണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ഡിമാന്റുകളെ എതിർക്കുന്നു.

ശ്രീ. കെ.പി. രാമൻ: സർ, ഇവിടെ അവതരിപ്പിച്ച ഡിമാന്റിനെ ഞാൻ എതിർക്കുകയാണ്. ഏത് കാര്യവും ശരിയാക്കണമെങ്കിൽ തിരുവനന്തപുരത്തുവരണമെന്ന നിലപാടിന് ഇതുവരെ യാതൊരു മാററവും വന്നു കാണുന്നില്ല. ഞങ്ങളുടെ ഭാഗത്ത്, വടക്കൻ ഭാഗത്ത് ഏതെങ്കിലും കാര്യത്തെ സംബന്ധിച്ചു സംസാരിക്കുമ്പോൾ ചിലർ പറയാറുണ്ട്, തിരുവനന്തപുരത്തു പോയാൽ കൈയോടെ ഓർഡർ വാങ്ങിവരാമെന്ന്. അതിന് ഏറെക്കുറെ കാരണക്കാർ മന്ത്രിമാർ തന്നെയാണ്. ഏതെങ്കിലും പ്രശ്നത്തെസംബന്ധിച്ച് ഒരു വകുപ്പുമന്ത്രിക്ക് പെററീഷൻകൊടുത്താൽ ഏതാനും ദിവസം കഴിയുമ്പോൾ ഒരു മറുപടി കിട്ടും, നിങ്ങൾ അയച്ച പെററീഷൻ കിട്ടി, അതു മേൽനടപടിക്കായി ബന്ധപ്പെട്ട സെക്രട്ടറിക്കു അയച്ചുകൊടുത്തിട്ടുണ്ടെന്ന്, പിന്നീടു ഇക്കാര്യത്തെസംബന്ധിച്ച് യാതൊരു വിവരവും ഈ അപേക്ഷകൻ അറിയുകയില്ല. അതുകൊണ്ട് ഈ അപേക്ഷകൻതന്നെ ഈ പെററിഷൻ പിന്നീട് പലപ്പോഴായി പല മന്ത്രിമാർക്കും അയച്ചുകൊടുക്കും. എന്നിട്ടും ഒരു വിവരവുമില്ലാത്തതുകൊണ്ട് ഏതെങ്കിലും എം.എൽ.എ.-യെ സമീപിച്ച് അദ്ദേഹത്തിന്റെ കൈയിൽ കൊടുക്കും. എം.എൽ.എ. നമ്പരുമായി സെക്രട്ടേറിയററിൽ കറങ്ങി നടന്നാൽ ഫയൽ ക്ലോസ്സ് ചെയ്തു എന്ന മറുപടിയാണ് കിട്ടുന്നത്. അതുകൊണ്ട് ഓരോ മന്ത്രിയും ഇതുമാതിരിയുള്ള അപേക്ഷകൾ ബന്ധപ്പെട്ട സെക്രട്ടറിക്കു അയച്ചുകൊടുക്കുന്നതിനോടൊപ്പം തന്നെ ഇത്ര ദിവസത്തിനുള്ളിൽ അതിനു വേണ്ട നടപടി സ്വീകരിച്ച് വേണ്ട നിർദ്ദേശം വ്യക്തിക്ക് അയച്ചുകൊടുക്കണമെന്നുകൂടി പ്രത്യേകം ചേർക്കേണ്ടതാണ്. അതുപോലെതന്നെ ഇന്ന് തിരുവനന്തപുരത്ത് വരാനോ അവരുടെ പ്രശ്നങ്ങൾ ബന്ധപ്പെട്ട മന്ത്രിമാരെ അറിയിക്കാനോ കഴിയാത്ത ഒരു വിഭാഗം ആൾക്കാർ നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. അവർക്കെല്ലാം കുറെയെങ്കിലും ആശ്വാസമുള്ളത്, ബഹുമാനപ്പെട്ട മന്ത്രിമാർ അവർ താമസിക്കുന്ന സ്ഥലത്തു ഏതെങ്കിലും പരിപാടിക്ക് വരുമ്പോൾ അവരുടെ പ്രശ്നങ്ങൾ മന്ത്രിയെ നേരിട്ട് കണ്ട് അറിയിക്കാമെന്നുള്ളതാണ്. നേരെമറിച്ച് ഏതെങ്കിലും വകുപ്പുമന്ത്രി ഒരു സ്ഥലത്തു വരികയാണെങ്കിൽതന്നെ നിശ്ചിത സമയം കഴിഞ്ഞ് താമസിച്ചാണ് വരിക. വരുമ്പോൾതന്നെ മന്ത്രിയുടെ വാഹനത്തിൽ മന്ത്രിക്ക് ഇരിക്കാൻ ഇടമില്ലാത്തവിധം അവരുടെ പാർട്ടിയിൽപ്പെട്ടവരും സിൽബന്തികളും അദ്ദേഹത്തോടൊപ്പം ഉണ്ടായിരിക്കും. ചടങ്ങ് കഴിഞ്ഞ് ഉടൻതന്നെ മന്ത്രി കാറിൽ കയറി സ്ഥലം വിടുകയുംചെയ്യും. മന്ത്രിയെ കണ്ട് പ്രശ്നങ്ങൾ അറിയിക്കാൻവേണ്ടി കാത്തിരിക്കുന്ന ആളുകൾ നിരാശരായി തിരിച്ചുപോകേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. അത്

LIBRARY ARCHIVES Kerala Legislative Assembly

കാണുമ്പോൾ പലരും പറയാറുണ്ട്, നമ്മുടെ സംസ്ഥാനം ഭരിക്കുന്ന മന്ത്രിമാർ അവരുടെ പാർട്ടിക്കും ബന്ധുക്കൾക്കും വേണ്ടിയാണ് നില കൊള്ളുന്നതെന്ന്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിമാർ പര്യടനം നടത്തുന്ന വേളയിൽ ആളുകളുടെ പ്രശ്നങ്ങൾ കേൾക്കാനും അപ്പോൾ തന്നെ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടിയുള്ള എന്തെങ്കിലും ഒരു സംവിധാനം കൂടി ഏർപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കു കയാണ്. നമ്മുടെ ബഹുമാനപ്പെട്ട ആൻറണി മുഖ്യമന്ത്രി ആയിരുന്ന സമയത്ത് ഓരോ ജില്ലയിലും വരുമ്പോൾ അതുപോലുള്ള ഏർപ്പാടു കളെല്ലാം ചെയ്തിരുന്നു. അത്തരത്തിൽ എന്തെങ്കിലും ഏർപ്പാട് ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്തിലെ തീപ്പെട്ടി വ്യവസായികൾക്ക് ആവശ്യ മായ മരത്തിന് ഇന്ന് അലോട്ട്മെൻറ് കൊടുക്കുന്നത് വ്യവസായ വകുപ്പിൽനിന്നാണ്. അതിന് അനുവാദം നൽകേണ്ടത് വനംവകുപ്പ് ആണ്. ഇതുപോലെ അനുവാദം നൽകേണ്ട ഫയലുകൾ ചീഫ് കൺസർവേററുടെ ആഫീസിൽ കെട്ടികിടക്കുകയാണ്. അതുകൊണ്ട് തക്ക സമയത്ത് അലോട്ട്മെൻറ് കിട്ടുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെ ടുത്തണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. അതു പോലെതന്നെ നമ്മുടെ സംസ്ഥാനത്തിലെ പല ആഫീസുകളിലും സ്ഥലമില്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. വില്ലേജ് ആഫീസിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഒരു സാധാരണക്കാരൻ ഒരു പരാതിസമർപ്പിക്കുന്നതിനു അവിടെ ചെന്നാൽ അവിടെ ഇരിക്കുന്നതിനുള്ള ഇടംപോലുമില്ല. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്കു അവസാനമായി പറയാനുള്ളത്—ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പാവപ്പെട്ട ആളുകൾ ഏതെങ്കിലും പെററിഷൻ കൊടുത്താൽ അതിനു വേണ്ട നടപടി സ്വീകരിക്കുന്നതിന് ഇന്നുള്ള താമസം ഒഴിവാക്കുന്നതിന് സെക്രട്ടേ റിയററിൽ ഇന്ന് കാണുന്ന ചുവപ്പു നാടയുടെ നീളം വെട്ടി കുറയ്ക്കണ മെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[Shri T. M. Jacob in the Chair]

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: സർ, ഞാൻ ഈ ധനാഭ്യർത്ഥ നയെ അനുകൂലിക്കുകയാണ്. മററുപല സംസ്ഥാനങ്ങളേയും അപേക്ഷിച്ച് ഭരണസംവിധാനം ഏറെക്കുറെ മെച്ചമായ രീതിയിൽ നടക്കുന്ന ഈ സംസ്ഥാനത്തിനാവശ്യമായ ധനാഭ്യർത്ഥനകൾ പാസാക്കിയെടു ക്കേണ്ടതു ആവശ്യമാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇത് എൻെറ മാത്രം അഭിപ്രായമല്ല. പ്ലാനിംഗ് കമ്മീഷൻതന്നെ നമ്മുടെ സംസ്ഥാ നത്തെ ഭരണസംവിധാനം മററുപല സംസ്ഥാനങ്ങളേയും അപേക്ഷിച്ച് മെച്ചമാണെന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ അലോട്ട്മെൻറ്, ഭരണസംവിധാനം മെച്ചപ്പെടുത്തുക എന്ന ഇനത്തിൽ, നമ്മുടെ തുക വളരെ കുറഞ്ഞുപോയിട്ടുണ്ടെന്നാണ് എനിക്കു പറയാനുള്ളത്. അതു കൊണ്ട് ഈ ധനാഭ്യർത്ഥനയെ മൊത്തത്തിൽ ഞാൻ അനുകൂലിക്കു കയാണ്. ഇവിടെ ഭരണസംവിധാനത്തെപ്പററി ഒരു ആക്ഷേപം പറഞ്ഞു കേട്ടത് ചില വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാർ അത് കുത്തകയാക്കി വയ്ക്കുന്നു എന്നാണ്. അതിനെക്കുറിച്ച് സ്വാവകാശം ആലോചിച്ചാൽ ഒരുവിധത്തിൽ അതു നല്ലതല്ലേ എന്നു ഞാൻ കരുതുന്നു. സാധാരണ ആ വകുപ്പുമായി കുറെയൊക്കെ ബന്ധപ്പെടാനും പരിചയപ്പെടാനും മന്ത്രിമാർക്ക് അവസരം ലഭിക്കും. നേരെമറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ചെറിയ കാലംമാത്രം ഒരു വകുപ്പ് കൈകാര്യം ചെയ്താൽ ആ മന്ത്രി സെക്രട്ടറിമാരേയും മററു ഉദ്യോഗസ്ഥൻമാരേയും ആശ്രയിക്കേണ്ടി വരും. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ഭരണസംവിധാനം ഏറെക്കുറെ നല്ലതാണെന്ന അഭിപ്രായത്തോട് എല്ലാവരും യോജിക്കു മെന്നാണ് ഞാൻ കരുതുന്നത്. പക്ഷേ അതേയവസരത്തിൽ കുറേയേറെ വിഷമങ്ങളും പ്രശ്നങ്ങളും ഉണ്ട്. ഭരണത്തിൽ അനാവശ്യമായ കാലതാമസം ഉണ്ടാകുന്നുണ്ട്. പല വകുപ്പുകളിലും കടലാസുകൾ നീങ്ങണമെങ്കിൽ വളരെയധികം താമസം വരുന്നുണ്ട്. അതിനുള്ള കാരണം ഇവിടെ പല ബഹുമാനപ്പെട്ട സുഹൃത്തുക്കളും അഭിപ്രായപ്പെട്ടതുപോലെ നമ്മൾ വളരെക്കാലം പഴക്കമുള്ള ഒരു സംവിധാനത്തിലാണ് നിൽക്കുന്നത്. നമ്മുടെ രാജ്യം സ്വതന്ത്രമായിട്ട് പത്തുമുപ്പതു കൊല്ലമായെങ്കിലും സ്വതന്ത്ര രാജ്യത്തിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ആ ഒരു രീതിയിലേക്ക് ഉദ്യോഗസ്ഥ വിഭാഗത്തിൽ ബഹുഭൂരിപക്ഷവും എത്തിയിട്ടില്ല എന്നതാണ് പ്രധാനമായ കാരണം എന്നു ഞാൻ വിശ്വസിക്കുന്നു. നമ്മുടെ രാജ്യത്തെ ഇന്നത്തെ സ്ഥിതിയെന്താണ്? ഫയലുകൾ കുന്നുപോലെ കിടക്കുകയാണ്. ഫയലുകളെ സംബന്ധിച്ചിടത്തോളം ഇത്രയധികം വർദ്ധനവുണ്ടാകുന്നത് കൊറികളുടെ നീണ്ട ഘോഷയാത്രകൊണ്ടാണ്. കൊറി ഇട്ടാൽ പിന്നെ മന്ത്രി എങ്ങനെ ഫയൽ അദ്ദേഹത്തിന്റെ അടുത്തെത്തിയോ അതുമാതിരിതന്നെ എല്ലാവരുടെ മേശകളിൽക്കൂടിയും കീഴോട്ടേയ്ക്കും. വീണ്ടും അത് വൈതരണികളെല്ലാം തരണം ചെയ്ത് മേൽപ്പോട്ടു വരുമ്പോൾ ഒരുപാട് കാലതാമസത്തിന് ഇടവരും. അതുകൊണ്ട് കൊറികളിടുമ്പോൾ വളരെ ആത്യാവശ്യമുള്ള ഒന്നോ രണ്ടോ ആളുകൾക്കുമാത്രം ആ ഫയൽ എത്തിച്ച് നടപടി ആരംഭിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

അതുപോലെതന്നെ ഉയർന്ന ഉദ്യോഗസ്ഥൻമാർക്ക് ധാരാളം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിനനുസരണമായ വിധത്തിൽ താഴ്ന്ന തരത്തിലുള്ള ഉദ്യോഗസ്ഥൻമാരുടെ, ക്ലാർക്കുമാരുടെ എണ്ണം കൂട്ടിയിട്ടില്ല. ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ തസ്തികകൾ ഇങ്ങനെ കൊണ്ടുവരാനുള്ള കാരണങ്ങളെപ്പററി അഭിപ്രായവ്യത്യാസമുണ്ട്. ഇന്നു നമ്മുടെ നാട്ടിൽ പല ആളുകളും എൻ.ഒ.സി. സ്ത്രീധനമായി ഓഫർ ചെയ്യുന്നതു മാതിരി, കുറേക്കാലമായി നമ്മുടെ നാട്ടിൽ ഉയർന്ന ഉദ്യോഗങ്ങൾ സ്ത്രീധനമായി ഓഫർ ചെയ്യുന്ന സമ്പ്രദായം ഉണ്ടായിരുന്നു. അതിന്റെയൊക്കെ ഫലമായിട്ടാണ് ഉയർന്ന തസ്തികകൾ ഇത്രയധികം വർദ്ധിച്ചതെന്നാണ് എന്റെ അഭിപ്രായം. ഉദ്യോഗസ്ഥൻമാരുടെ ജോലിയിൽ സിംഹഭാഗവും ഉദ്യോഗസ്ഥൻമാരുടെതന്നെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ളതാണെന്നാണ് ഇവിടെ നടന്ന പല ചർച്ചകളിൽനിന്നും മനസിലാക്കാൻ സാധിച്ചിട്ടുള്ളത്. ഇവിടെയുള്ള ഫയലുകളിൽ ഏതാണ്ട് 90 ശതമാനവും ഉദ്യോഗസ്ഥൻമാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അല്ലെങ്കിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ളതാണെന്നാണ് പറയുന്നത്. അതുമാതിരി നമ്മുടെ ഉദ്യോഗസ്ഥൻമാർക്കുവേണ്ടി ഒരു ഭീമമായ സംഖ്യ ഏതാണ്ട് 280 കോടി ഉറുപ്പിക നമ്മൾ, ഒരഞ്ചുകൊല്ലത്തെ വികസനത്തിനുവേണ്ടിയുള്ള തുക ഉദ്യോഗസ്ഥൻമാർക്കുവേണ്ടി ചെലവഴിക്കുന്നുണ്ട്. ചില വകുപ്പുകളെപ്പററി പരിശോധിക്കുമ്പോൾ നികുതി പിരിക്കുന്ന സംഖ്യയിൽ കൂടുതൽ അതു പിരിക്കാനുള്ള ചെലവിനായി ഉപയോഗപ്പെടുത്തുന്നു. ഉദാഹരണത്തിന് ഭൂനികുതി. നികുതി പിരിക്കുന്ന സമ്പ്രദായത്തിൽ അതിനാവശ്യമായ ഉദ്യോഗസ്ഥൻമാരും അതുപോലെ ശമ്പളവും കണക്കുകൂട്ടിയാൽ യഥാർത്ഥത്തിൽ അത്രയും

LIBRARY ARCHIVES Kerala Legislative Assembly

സംഖ്യ ഈ വകുപ്പുകളിൽ നിന്നും നികുതിയായി പിരിഞ്ഞു കിട്ടുന്നില്ല. ഈ രീതിയിലുള്ള വകുപ്പുകളെസംബന്ധിച്ചും അതിന്റെ പ്രവർത്തന രീതികളെസംബന്ധിച്ചും ഒരു പുനരാവിഷ്ക്കരണം ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. പൊതുവേ പറഞ്ഞാൽ നിയമസഭയുടെ ആവേശത്തിനനുസരിച്ച് വികസന മേഖലകളിലൊന്നും പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. നമ്മൾ വളരെ ആവേശപൂർവ്വം വളരെയധികം വികാരങ്ങളോടുകൂടി പല നിയമങ്ങൾ പാസാക്കുകയും പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ അതിനനുസരിച്ചുള്ള വേഗത അതിന്റെ പ്രവർത്തന മണ്ഡലത്തിൽ ഇന്നില്ല എന്നുള്ളതാണ് വസ്തുത. മാത്രമല്ല പലപ്പോഴും വികസന രംഗത്ത് നടത്തേണ്ടുന്ന കാര്യങ്ങൾ നിയമസഭയിൽ പാസാക്കിയെടുത്താൽ അതു നടക്കാൻ പാടില്ലെന്നുള്ള നിർബന്ധം കൂടിയുണ്ടോ എന്ന് അനുഭവങ്ങളുടെ വെളിച്ചത്തിൽ ചിന്തിച്ചുപോവുകയാണ്.

അതുപോലെതന്നെ ഉദ്യോഗസ്ഥ രംഗത്ത് വേറൊരു പ്രയാസമുള്ളത് യൂണിയനുകളുടെ ശക്തിപ്രകടനമാണ്. മേലുദ്യോഗസ്ഥൻമാർ എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യാൻവേണ്ടി ഉദ്ദേശിച്ചാൽതന്നെ അവർക്കൊക്കെ ഇന്ന് താഴെയുള്ള ഉദ്യോഗസ്ഥൻമാരെ ഭയമാണ്. കാരണം അവരെക്കാൾ കൂടുതൽ ശക്തി ഇവരുടെ യൂണിയനുകൾക്ക് ഉണ്ടെന്ന് അവർക്കറിയാം. അതുകൊണ്ട് യഥാർത്ഥമായി സത്യസന്ധമായി ഒരു പ്രശ്നത്തിന് പരിഹാരമുണ്ടാക്കിയാൽ അതിന്റെ പേരിൽ യൂണിയനുകളുടെ ശക്തിയുടെ മുമ്പിൽ തന്റെ സ്ഥാനം തെറിച്ചുപോകുമോ എന്ന് മേലുദ്യോഗസ്ഥൻമാർക്ക് ഭയമുണ്ട്. അതുകൊണ്ട് ഈ വികസന രംഗത്തും കാര്യക്ഷമത വർദ്ധിപ്പിക്കുന്ന പ്രവർത്തനത്തിലുമൊക്കെ ഇന്ന് നമ്മുടെ രാജ്യത്ത് ഒരു പോരാട്ടം നടക്കുകയാണ്. ഇങ്ങനെ ഒരു പോരാട്ടമാണ് ഇവിടെ നടക്കുന്നതെന്നുള്ള വിശ്വാസത്തോടുകൂടി ഏററവും ഊർജ്ജിതമായി കാര്യങ്ങൾ നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

വികസനത്തെക്കുറിച്ചു പറയുമ്പോൾ നമ്മുടെ ഗവൺമെൻറ് ഈ പ്രാവശ്യത്തെ ബഡ്ജററ് പ്രസംഗത്തിൽതന്നെ പറഞ്ഞതുപോലെ ചില പരിഹാരമാർഗ്ഗങ്ങളൊക്കെ നിർദ്ദേശിച്ചിട്ടുണ്ട്. വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ ഒരു ഇൻറർ ഏജൻസി കോ—ഓർഡിനേഷൻ ഗ്രൂപ്പ് നിലവിൽ വരുത്താനുള്ള ശ്രമം നടത്തുന്നുണ്ട്. ഇത് വ്യവസായ സംരംഭങ്ങളിലുള്ള വിവിധ പ്രവർത്തനങ്ങൾ ഏകീകരിച്ച് അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടിയാണ്. ഭരണസംവിധാനം മെച്ചപ്പെടുത്താൻ വിശദമായ പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇപ്രകാരം പഠനം നടത്തി റിപ്പോർട്ട് കിട്ടി അതിൻമേൽ നടപടികളെടുക്കുന്നതുവരെ പുതിയ തസ്തികകൾ അത്യാവശ്യമായ സന്ദർഭങ്ങളിലല്ലാതെ ഉണ്ടാക്കുകയില്ലെന്ന് ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്.

സർ, അതുമാതിരി ഭരണവും ധനസംബന്ധവുമായ കാരണങ്ങൾ കഴിയുന്നത്ര സെക്രട്ടേറിയററിൽനിന്നും ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻമാർക്കും അവരിൽനിന്നും താഴെക്കിടയിലുള്ള മററു ഉദ്യോഗസ്ഥൻമാർക്കും നൽകുമെന്നു പറഞ്ഞിട്ടുണ്ട്. ചെലവുചുരുക്കൽ നടപടികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഒരു ഇക്കോണമി സെൽ രൂപീകരിക്കുന്നതാണെന്നും ബഡ്ജററിൽ പറഞ്ഞിട്ടുണ്ട്. സർവ്വീസ്

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധമായ കാര്യങ്ങളിൽ തീരുമാനം എടുക്കാൻ കാലതാമസം വരുന്നത് ഒഴിവാക്കാൻ ഒരു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഏർപ്പെടുത്തുമെന്നു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. പദ്ധതികൾക്കും മറ്റും ഭരണാനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾക്ക് കൂടുതൽ ധനപരമായ അധികാരം നൽകുമെന്നും പറഞ്ഞിട്ടുണ്ട്. ഭരണസംവിധാനത്തിൽ തൊഴിൽ വൈദഗ്ദ്ധ്യം ഉള്ളവർക്കു കൂടുതൽ പ്രാധാന്യം നൽകുകയും ഉദ്യോഗസ്ഥൻമാർക്കു പരിശീലന കോഴ്സുകൾ നടത്തുമെന്നും പറഞ്ഞിട്ടുണ്ട്. ആ വിധത്തിലുള്ള കോഴ്സുകൾ നടത്തിയാൽ മാത്രമേ പലരും പറഞ്ഞ മാതിരിയുള്ള കാലഘട്ടത്തിന്റെ വികാരങ്ങൾ ഉൾക്കൊള്ളാൻ സാധിക്കുകയുള്ളൂ. മാത്രമല്ല സമർത്ഥൻമാരായ ഉദ്യോഗസ്ഥൻമാർക്കു പ്രോൽസാഹനം നൽകാനും സാധിക്കുകയുള്ളൂ. അതേസമയം കാര്യക്ഷമത ഇല്ലാത്ത ഉദ്യോഗസ്ഥൻമാർക്കെതിരെ തക്കതായ ശിക്ഷണ നടപടികൾ എടുക്കുകയും ചെയ്യും. വ്യവസായ സംരംഭങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിനും വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഇന്റർ ഏജൻസി കോ-ഓർഡിനേഷൻ ഗ്രൂപ്പ് ഉണ്ടാക്കുമെന്നും പറഞ്ഞിട്ടുണ്ട്. ഇങ്ങനെയൊക്കെയുണ്ടെങ്കിലും ഒന്നു രണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, ഭരണ വകുപ്പുകളിൽ ഇന്നു രണ്ടു വിധത്തിലുള്ള വകുപ്പുകളാണുള്ളത്. ഒന്ന്, റവന്യൂ ഉണ്ടാക്കുന്ന വകുപ്പുകൾ. രണ്ട്, വികസന രംഗത്തു ചെലവഴിക്കുന്ന വകുപ്പുകൾ. ഇന്നുള്ള സമ്പ്രദായം ചെലവഴിക്കുന്ന വകുപ്പുകളിൽ ഏതാണ്ടു ഇത്ര എമൗണ്ടു ചെലവഴിക്കണമെന്നുള്ള ടാർജറ്റാണു കൊടുക്കുന്നത്. അതേയവസരത്തിൽ റവന്യൂ ഉണ്ടാക്കുന്ന വകുപ്പുകൾക്കുള്ള നിർദ്ദേശം ഇത്ര ടാർജററ് നിശ്ചയിച്ചിരിക്കുന്നു. അതുകൊണ്ടു അത്ര പണം ഉണ്ടാക്കണമെന്നാണ്. അതിനുപകരം ഈ ഓഫീസറൻമാർക്കു ഒരു വർക്കു ലോഡു നിശ്ചയിച്ചാൽ അതായിരിക്കും പ്രവർത്തനം നടത്താൻ സഹായകമാകുക. അതുമാതിരി ഇന്നു നമ്മുടെ ക്ലാർക്കുമാർക്കു ഒരു വർക്കുലോഡില്ല. അതുകൊണ്ടു താഴെക്കിടയിലുള്ള ഉദ്യോഗസ്ഥൻമാർക്കും വർക്കുലോഡു നിശ്ചയിക്കണമെന്നാണ് എന്റെ അഭിപ്രായം. അഴിമതികൾ ധാരാളം ഉണ്ടെന്നൊക്കെ പറയാറുണ്ട്. അതേക്കുറിച്ചു പറയുമ്പോൾ ഇവിടെ താഴെക്കിടയിലുള്ള ഉദ്യോഗസ്ഥൻമാരൊക്കെ ഏതെങ്കിലും സർവ്വീസ് സംഘടനകളിൽ അംഗങ്ങളാണ്. എന്നാൽ ഏതെങ്കിലും ഒരു സർവ്വീസ് സംഘടന ജനങ്ങൾക്കു ദ്രോഹകരമായ പ്രവർത്തനം നടത്തിയ ഉദ്യോഗസ്ഥൻമാരെ, അല്ലെങ്കിൽ കൈക്കൂലി വാങ്ങിയ ഉദ്യോഗസ്ഥൻമാരെ തങ്ങളുടെ യൂണിയനുകളിൽ ചേർക്കുകയില്ലെന്ന ഒരു പ്രഖ്യാപനം നടത്താൻ മുന്നോട്ടുവരുമെങ്കിൽ തീർച്ചയായും ഭരണ രംഗത്തു ഫലപ്രദമായ മാററങ്ങൾ വരുത്താൻ സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. സാധാരണ കൊല്ലം മുഴുവനും അനാസ്ഥരായിക്കഴിയുകയും കൊല്ലാവസാനത്തിൽ എല്ലാ വർക്കുകളുംകൂടി ഒന്നിച്ചു നടത്താനുള്ള വ്യഗ്രത കാണിക്കുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം ഒരു മൂന്നു മാസത്തേക്കുള്ള പദ്ധതികൾ അവർക്കു നൽകുകയും മുമ്മൂന്നു മാസം കൂടുമ്പോൾ ശരിയായ പ്രവർത്തനങ്ങൾ നടന്നോ എന്നുള്ളതിനെക്കുറിച്ചു ഒരു പരിശോധനയും ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. അതുപോലെ തന്നെ ബഡ്ജററു തുകകൾ ലാപ്സായിപ്പോകുന്നത്, അതിന്റെ ഗൗരവം, അതു കൈകാര്യം ചെയ്യുന്നവർക്കു മനസ്സിലാക്കിക്കൊടുക്കുകയും അതിൽ വീഴ്ച്ച വരുത്തിയാൽ അവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുകയും വേണമെന്ന് എനിക്കു അഭിപ്രായമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വേറൊരു കാര്യം എനിക്കു പറയാനുള്ളത് നമ്മുടെ ബഡ്ജററിലെ വലിയ ഒരു ഭാഗം ഇന്നു ശമ്പളത്തിനായി നീക്കിവച്ചിരിക്കുകയാണ്. അതുകൊണ്ടു നമ്മെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ ഒരു നയം തന്നെ ഇവിടെ സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. അതായതു നമ്മുടെ വാർഷിക വരുമാനത്തിൽ ഒരു നിശ്ചിത ശതമാനം വരുമാനം മാത്രമേ ശമ്പളമായി ഉപയോഗിക്കുകയുള്ളു എന്നുള്ള ഒരു നിലപാട് ഒരുനയം ഈ ഗവൺമെൻറ് രൂപീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. എന്നാൽമാത്രമേ ഈ സംസ്ഥാനത്തെ ഭരണ ചക്രം, ഈ രാജ്യത്തെ നിയമ നിർമ്മാതാക്കളുടേയും നിയമസഭാംഗങ്ങളുടേയും ഒക്കെ ആഗ്രഹത്തിനനുസരിച്ചു ഉണ്ടായാൽമാത്രമേ നാം ഒക്കെ ആഗ്രഹിക്കുന്ന മാതിരിയുള്ള പുരോഗതി ഈ സംസ്ഥാനത്ത് ഉണ്ടാകുകയുള്ളു. അതിനുവേണ്ടി ഫലപ്രദമായ പ്രവർത്തനങ്ങൾ നടപ്പാക്കണമെന്നാണ് എന്റെ അഭിപ്രായം.

സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ഇങ്ങനെ സങ്കീർണ്ണമായ നിരവധി നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇവിടെയുള്ള നീറുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണണമെങ്കിൽ നമ്മുടെ ഭരണ ചക്രത്തിന്റെ അലകും പിടിയും ഒക്കെ മാററണം. അതിനു ഉദ്യോഗസ്ഥൻമാർക്കു പുതിയ പുതിയ കോഴ്സുകൾ ഏർപ്പെടുത്തുമെന്നുള്ള വിജ്ഞാപനത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ദീർഘകാലം കഴിഞ്ഞിട്ടും ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം ഒരു മാനസാന്തരം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. പഴയ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അതേ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടാണ് ഇന്നും പ്രശ്നങ്ങളെ സംബന്ധിച്ചുള്ള നയങ്ങൾ രൂപീകരിച്ചു പ്രവർത്തനം നടത്തുന്നത്, എന്നുള്ളത് ആർക്കും നിഷേധിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു നമ്മുടെ രാജ്യത്തുണ്ടായ മാററങ്ങൾക്കനുസരിച്ചു, നമ്മുടെ ജനങ്ങളുടെ വികാരങ്ങൾക്കനുസരിച്ചു ഈ രാജ്യത്തെ ഭരണ ചക്രം തിരിക്കുന്നതിനുവേണ്ടി എല്ലാ രാഷ്ട്രീയ കക്ഷികളും ബഹുജനങ്ങളും ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. കാരണം ഈ ഭരണതലത്തിലെ അഴിമതിക്കു കാരണമുണ്ടാകുന്നത് ഞാൻ പറഞ്ഞപോലെ താഴെയുള്ള ഉദ്യോഗസ്ഥൻമാരുടെ ശക്തി സംഭരണമാണ്. ഈ ശക്തി സംഭരണം നടത്തി എന്തെങ്കിലും മേൽ ഉദ്യോഗസ്ഥൻ പറഞ്ഞാൽ അത് അനുസരിക്കാനുള്ള ഭാവമില്ലാതെ അവരുടെ ആജ്ഞയെ ലംഘിക്കുകയാണ്. അതു കാരണം മേൽ ഉദ്യോഗസ്ഥൻമാർ ഇപ്പോൾ അവരോടു എന്തെങ്കിലും പറയാൻ ഭയപ്പെടുകയാണ്. കാരണം സർവ്വീസ് സംഘടനകളൊക്കെ രാഷ്ട്രീയ ശക്തികളുടെ സ്വാധീന വലയത്തിലാണ്. താൻ എന്തെങ്കിലും നടപടികൾ എടുത്താൽ അതിനു ശിക്ഷ അനുഭവിക്കേണ്ടി വരുമെന്നുള്ള തികഞ്ഞ ബോധ്യം അവർക്കുണ്ട്. അതുകൊണ്ടു മേൽ ഉദ്യോഗസ്ഥൻമാരും കീഴ് ഉദ്യോഗസ്ഥൻമാരുമായുള്ള ബന്ധത്തിനു പുനരാവിഷ്ക്കരണം വേണമെന്നാണ് എന്റെ അഭിപ്രായം. ഇതിനു വേണ്ടിയുള്ള ചില കാര്യങ്ങൾ ബഡ്ജററു പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഇതിൽകൂടുതൽ പ്രായോഗിക സംവിധാനങ്ങൾ നടപ്പിൽ വരുത്തണം. ഈ ബഡ്ജററു നിർദ്ദേശങ്ങളെക്കുറിച്ച് ഈ നിയമസഭയുടെ ആഗ്രഹങ്ങളൊക്കെ നടപ്പിൽ വരുത്തുന്നതിനു ഒരു സംവിധാനം ഉണ്ടാക്കാൻ വേണ്ടി ഉത്തരവാദപ്പെട്ടവർ ആലോചിക്കണമെന്നും അതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. സി. എം. സുന്ദരം:</u> സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. ഇപ്പോഴും ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം നമുക്കെല്ലാം അനുഭവമുള്ളതാണ് വളരെ നല്ല പദ്ധതികളും വികസന പ്രവർത്തനങ്ങളും ജനക്ഷേമത്തെ ആഗ്രഹിച്ചുകൊണ്ടു ചെയ്യുന്നുണ്ടെങ്കിലും ഉദ്യോഗസ്ഥവൃന്ദത്തിൽനിന്നും പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ട് എന്നുള്ളത്. അതിന് ഒരുദാഹരണം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പാലക്കാടുജില്ലയിൽ കഞ്ചിക്കോട് എന്ന സ്ഥലത്ത് മംഗലത്താൻചെള്ള എന്ന പ്രദേശത്ത് ഗിരിവർഗ്ഗക്കാർക്ക് ഗവൺമെൻറിൽനിന്നും 18 വീടുകൾ അനുവദിച്ചുകൊടുത്തു. ആ 18 വീടുകൾ മുഴുവനും കെട്ടിയിട്ടുള്ളത് ശരിയായ രീതിയിലല്ല. അതിൻെറ സ്വിച്ച് ഓൺ സെറിമണിക്കായി ഞാനും കളക്ടറും മററുദ്യോഗസ്ഥൻമാരും അവിടെ എത്തിച്ചേർന്നു. സ്വിച്ച് ഓൺ ചെയ്യേണ്ട സമയമായപ്പോൾ അവിടെ വീടുകൾ ഏൽപ്പിച്ചിരുന്ന ഗിരിവർഗ്ഗക്കാർ വീടിൻെറ ഭാഗത്ത് കാര ഉണ്ടാക്കിയിരുന്ന മണൽ മാററി. അപ്പോൾ കരികൾ എല്ലാം ഒന്നൊന്നായി വീഴാൻ തുടങ്ങി. അങ്ങനെയാണ് അവർക്കു വീടുകൾ കെട്ടിക്കൊടുത്തിരിക്കുന്നത്. വീടുകളെല്ലാം നിലംപതിക്കുന്ന സ്ഥിതി വന്നപ്പോൾ ഗിരിവർഗ്ഗക്കാർ എല്ലാപേരും വേദനയോടുകൂടി ഞങ്ങൾക്ക് നിവേദനം സമർപ്പിക്കുകയുണ്ടായി.

<u>ശ്രീ. സി. വാസുദേവ മേനോൻ:</u> ഇതാണോ നല്ല ഭരണം?

<u>ശ്രീ. സി. എം. സുന്ദരം:</u> ഞാൻ പറയുന്നു, ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ജനക്ഷേമകരമായ വളരെ നല്ലകാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷെ ഉദ്യോഗസ്ഥൻമാർ അതിനെ തുരങ്കം വയ്ക്കുന്ന നടപടികൾ സ്വീകരിക്കുകയാണ്. അതിന് ഈ ഗവൺമെൻറിനെ കുററപ്പെടുത്തിയിട്ടുകാര്യമില്ല. അതുകൊണ്ടു ഞാൻ ഇവിടെ പ്രത്യേകമായി ചൂണ്ടിക്കാണിക്കുന്നത് ഗവൺമെൻറു എന്തുതന്നെ നല്ല കാര്യങ്ങൾക്കു ശ്രമിച്ചാലും ഇവിടെ രണ്ടുചേരിയായിട്ടാണ് പ്രവർത്തനം നടക്കുന്നതെന്നാണ്. ഉദ്യോഗസ്ഥൻമാരെ നിലയ്ക്കു നിർത്തി ന്യായമായി പ്രവർത്തിപ്പിക്കേണ്ട കടമയുണ്ടെന്നു ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്താൻ ഞാനാഗ്രഹിക്കുന്നു. പാലക്കാട് ട്രൈബൽ ഡയറക്ടറേററ് ഉണ്ടായിരുന്ന സമയത്ത് പെട്ടെന്നു ഡയറക്ടറേററിൽ ചെന്നു ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയുമായിരുന്നു. പക്ഷേ ഡയറക്ടറേററ് തിരുവനന്തപുരത്തേക്കു മാററിയപ്പോൾ അവിടെ ഗിരിവർഗ്ഗ പ്രവർത്തനങ്ങൾ ശ്രദ്ധിക്കാനുള്ള സംവിധാനം ഇല്ലാതായിരിക്കുന്നു. ഇപ്പോഴുള്ളത് താലൂക്ക് വെൽഫയർ ഇൻസ്പെക്ടറാണ്. താലൂക്ക് ഇൻസ്പെക്ടറർക്ക് ഹരിജനക്ഷേമവും ഗിരിജനക്ഷേമവും ഒന്നിച്ചു ശ്രദ്ധിക്കാൻ സാധിക്കുകയില്ലായെന്ന കാര്യം ഗവൺമെൻറു ശ്രദ്ധിക്കണം. മാത്രമല്ല, ഭേദപ്പെട്ട ആളുകൾക്കാണെങ്കിൽ ഹൗസിംഗ് ബോർഡിൽ നിന്നും നല്ല നല്ല വീടുകൾ ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. പക്ഷെ സ്വാതന്ത്ര്യം കിട്ടി ഇത്രയും കൊല്ലമായിട്ടും ഇന്നും ആദിവാസികൾക്കും ഹരിജനങ്ങൾക്കും കിട്ടുന്ന വീടുകൾ നിലംപതിക്കുന്നവയാണ്. അവർ ദുരിതം അനുഭവിക്കുകയാണ്. നാം കോടിക്കണക്കിനു രൂപ അവർക്കുവേണ്ടി നീക്കിവച്ചുകൊണ്ടു പ്രവർത്തിച്ചിട്ടും അതൊന്നും അവർക്കു കിട്ടുന്നില്ല എന്ന കാര്യം ഞാൻ വേദനയോടുകൂടി അറിയിക്കുകയാണ്. അതുപോലെ തന്നെ മലമ്പുഴയിൽ ഒരു ഗിരിജന സർവ്വീസ് സഹകരണ സംഘം ഉണ്ടായിട്ടുണ്ടെങ്കിലും അതിലെ ഡയറക്ടർമാർ ഗിരിവർഗ്ഗക്കാരും ഉദ്യോഗസ്ഥൻമാരുമാണ്. ആ സഹകരണസംഘത്തിൽ നല്ല ഉദ്യോഗസ്ഥൻമാർ വന്നെങ്കിൽ മാത്രമേ അതു നന്നായി പ്രവർത്തിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ഒരു റെയിഞ്ച് ഓഫീസർ ഉണ്ടായിരുന്നു. അദ്ദേഹം നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. പിന്നീടുവന്ന ആളുകൾക്ക് ഗിരിവർഗ്ഗക്കാരോടു താൽപ്പര്യം ഇല്ലാത്തതുകൊണ്ടു ആ സഹകരണസംഘം വേണ്ട നിലയിൽ പ്രവർത്തിക്കുന്നില്ല. മാത്രമല്ല ആ സംഘത്തിൽകൂടി തൊഴിൽ കിട്ടേണ്ടതായ ഗിരിജനങ്ങൾക്ക് തൊഴിൽകിട്ടാതെ പഴയ രീതിയിൽ പട്ടിണിയിൽ കഴിഞ്ഞ സ്ഥിതിവിശേഷം ഉണ്ടായിട്ടുള്ളത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുള്ളതാണ്. വേണ്ടവിധത്തിൽ ഇന്നും ആ ഭാഗത്തു ശ്രദ്ധ ഉണ്ടായിട്ടില്ല. ആദിവാസികളുടെയും ഹരിജനങ്ങളുടെയും കാര്യം പറയുമ്പോഴും ഉത്തരേന്ത്യയിൽ അവർക്കുണ്ടായ അനുഭവങ്ങളെപ്പററി ഓർക്കുമ്പോഴും നമ്മുടെ ഗവൺമെൻറു നല്ല നിലയിൽ നീങ്ങുന്നുണ്ടെങ്കിലും ഉദ്യോഗസ്ഥവൃന്ദം ഇത്തരം പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്നത് ഗവൺമെൻറു ശ്രദ്ധിച്ചു വേണ്ടതു ചെയ്യണമെന്നു പറഞ്ഞുകൊണ്ടു ഈ ധനാഭ്യർത്ഥനയെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ടു അവസാനിപ്പിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. എതിർക്കുന്നു എന്നു ഞാനും അനുകൂലിക്കുന്നു എന്നു അപ്പുറത്തിരിക്കുന്നവരും പറഞ്ഞുകൊണ്ട് പ്രസംഗിച്ച കാര്യങ്ങൾ ഒന്നു തന്നെയാണ്. അവർക്കു എതിർക്കുന്നു എന്നു പറയാൻ നിർവ്വാഹമില്ല, അതുകൊണ്ടു അനുകൂലിക്കുന്നു എന്നു പറഞ്ഞു എന്നുമാത്രമേയുള്ളു. അവർ പറയുന്നത് ഉദ്യോഗസ്ഥൻമാരാണ് ഉത്തരവാദികളെന്ന്. ഉദ്യോഗസ്ഥൻമാരുമായി യാതൊരു ബന്ധവുമില്ലാതെ അങ്ങനെ അന്തരീക്ഷത്തിൽ അലഞ്ഞുതിരിയുന്ന മന്ത്രിമാരെ, നിർഭാഗ്യവാൻമാരെ സഹായിക്കുവാൻ നമ്മൾ ചെന്നാൽ ഈ ഉദ്യോഗസ്ഥൻമാരെ നേരെയാക്കാമെന്നാണ് ഈ പറഞ്ഞതിൻെറ ചുരുക്കം. സർ, ഇതെല്ലാം വച്ചുകൊണ്ടാണ് 22-ാം തീയതി ഞങ്ങളുടെ നേതാവ് ഇ.എം.എസ്. ഈ മന്ത്രിസഭ രാജിവച്ച് തിരഞ്ഞെടുപ്പിനെ നേരിടണമെന്നു പറഞ്ഞത്. മുഖ്യമന്ത്രിക്ക് അതു തീരെ പിടിച്ചില്ല. ഭാരതത്തിൽ ഇത്രയും മാതൃകാപരമായ, പുരോഗമനപരമായ ഗവൺമെൻറില്ല, ആ ഗവൺമെൻറു രാജിവയ്ക്കണമെന്നു പറയുകയോ? ഈ ഗവൺമെൻറു രാജിവയ്ക്കണമെന്നു പറഞ്ഞപ്പോഴും അതിൽ ഒരൊററ കാരണമാണ് മുഖ്യമന്ത്രി കണ്ടുപിടിച്ചിട്ടുള്ളത്. ഇ.എം.എസ്. അല്ലേ പറഞ്ഞിട്ടുള്ളത്. അതു വസ്തുനിഷ്ഠമായി പരിശോധിക്കാതെ വ്യക്തിനിഷ്ഠമായി പരിശോധിച്ചു. കാരണം ഇ.എം.എസ്.-ന് മുഖ്യമന്ത്രിയാകണം, അതാണല്ലോ വ്യക്തിനിഷ്ഠത. ശ്രീ. പി.കെ.വി. സ്വന്തം അനുഭവത്തിൽനിന്നും അതു പറയുമ്പോഴും അതിൽ തെററില്ല. കാരണം ശ്രീമാൻ എ.കെ. ആൻറണിക്കു വേണ്ടെന്നു തോന്നിയ, അദ്ദേഹം ന്യായമായും ഉപേക്ഷിച്ച മുഖ്യമന്ത്രിസ്ഥാനം മാർക്കണ്ഡേയൻ ശിവലിംഗത്തെ കെട്ടിപ്പിടിച്ചതുപോലെ കെട്ടിപ്പിടിച്ച് നിമിഷംകൊണ്ട് എഴുന്നേററു സ്വീകരിച്ച ശ്രീ. പി.കെ.വി.ക്ക് ഇ.എം.എസ്. ഇങ്ങനെ വ്യക്തിനിഷ്ഠമായി ചിന്തിച്ചിരിക്കുകയില്ലയെന്നു ചിന്തിച്ചതിൽ പ്രസക്തിയുണ്ട്. പക്ഷേ ഇ.എം.എസ്. അന്നു എങ്ങനെ പോയി എന്നുള്ള കാര്യത്തെപ്പററി ശ്രീ. കൃഷ്ണൻ ഇവിടെ പറഞ്ഞു. അന്നു സി.പി.ഐ. മെമ്പറൻമാർ പറഞ്ഞു; ഇ.എം.എസ്. മന്ത്രിസഭയ്ക്ക് ഭൂരിപക്ഷം നഷ്ടപ്പെട്ടിട്ടില്ല അങ്ങനെയുള്ള സാഹചര്യത്തിൽ ഇരിക്കാൻ പാടില്ലേ? 'ഇരിക്കുന്നില്ല' എന്നു പറയാൻ കാരണം കോൺഗ്രസ്സിനെ തോൽപ്പിച്ച് അധികാരത്തിൽവന്ന ഐക്യമുന്നണിയിലെ ഘടകങ്ങൾ കോൺഗ്രസ്സിൻെറ പിന്തുണയോടുകൂടി കുതികാൽ വെട്ടി ആ ഭരണത്തെ തകർക്കാൻ നോക്കിയതിൽ പ്രതിഷേധിച്ച് ആദർശനിഷ്ഠം കൊണ്ടുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

യാണു അന്നു രാജിവച്ചത്. ആ കാരണം പറഞ്ഞുകൊണ്ട് രാജിവയ്ക്കണമെന്നു പറയുമ്പോൾ ഞങ്ങൾ നല്ല കാര്യങ്ങളാണു ചെയ്യുന്നത് എന്നു മറുപടി പറയുന്നതു ശരിയല്ല. ആ ഭാഗത്തുനിന്നു പ്രസംഗിച്ച ആളുകൾ ആരെങ്കിലും ഈ ഗവൺമെൻറു നല്ല കാര്യങ്ങൾ ചെയ്യുന്നു എന്നു പറഞ്ഞാൽ ഈ ഭരണം ഇപ്പോൾ പരിപൂർണ്ണമായ അഴിമതി നടത്തുകയാണ്. ഞാൻ ഒന്നല്ല, രണ്ടല്ല, ധാരാളം ഉദാഹരണങ്ങൾ പറയാം. സമയമില്ലാത്തതു കൊണ്ടു പറയുന്നില്ലെന്നാണ് ശ്രീ. കല്പട പറഞ്ഞത്. അതുപോലെ മററു മെമ്പറൻമാരും പറഞ്ഞ സംഗതികൾ ഇതെല്ലാം തന്നെയാണ്. ഇത്തരമൊരു ഗവൺമെൻറു എങ്ങനെ പുരോഗമന ഗവൺമെൻറാകും? ഇത്തരമൊരു ഗവൺമെൻറിനു എങ്ങനെ ഞങ്ങൾ പിന്തുണ നൽകും? ഭരണകക്ഷിക്കാർക്കുതന്നെ നിവൃത്തിയില്ലാതെ അനുകൂലിക്കേണ്ടിവരുന്ന സാഹചര്യത്തിൽ പ്രതിപക്ഷങ്ങളുടെ ധർമ്മമെന്ന നിലയിൽ ഈ ഗവൺമെൻറിനെ എതിർത്തു കഴിയുന്നതും വേഗം ഈ ഗവൺമെൻറു രാജിവയ്ക്കണമെന്നു പറയുന്നതല്ലേ ശരി? ഇഷ്ടദാനത്തിൻെറ പേരിൽ പത്തുപതിനയ്യായിരം ഏക്കർഭൂമി പാവപ്പെട്ടവരുടെ കൈവശം വന്നതു കൊടുത്തതു പുരോഗമനമാണോ? 10 കൊല്ലക്കാലമായി നടപ്പിലാക്കുമെന്നു പറഞ്ഞ, സംവരണം അനുഭവിക്കുന്ന ആളുകളുടെ ദേശീയ മുദ്രാവാക്യം എന്നുള്ള നിലയിൽ നടപ്പിലാക്കുമെന്നു പറഞ്ഞ നെട്ടൂർ കമ്മിഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞത് പുരോഗമനമാണെന്നാണോ പി.കെ.വി. പറയുന്നത്? അതുപോലെതന്നെ കരിനിയമങ്ങൾ കൊണ്ടു വന്നതും ഡയസ്നോൺ നടപ്പിലാക്കിയതുമെല്ലാം പുരോഗമനമാണോ? എന്നുമാത്രമല്ല ഈ ബഡ്ജററിൽ ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുവാനും ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുവാനും കർഷകരുടെയും തൊഴിലാളികളുടെയും ജനങ്ങളുടെ ആകെത്തന്നെ ജീവിതം മുന്നോട്ടു കൊണ്ടുപോകാനുള്ള പദ്ധതികൾ ഇല്ലെന്നുള്ളതിൻെറ പേരിലാണ് ഞങ്ങൾ എതിർത്തത്. അതിനു പറഞ്ഞ ന്യായങ്ങളൊന്നും ശരിയല്ലെന്നാണ് ആ ഭാഗത്തുനിന്നു ഇപ്പോൾ പറഞ്ഞിട്ടുള്ള അഭിപ്രായം. സർ, അഴിമതിയുടെ കാര്യത്തെസംബന്ധിച്ച് ഞാൻ വിശദീകരിക്കണമോ? ഇവിടെത്തന്നെ കഴിഞ്ഞ നിയമസഭ സമ്മേളനകാലത്തു മുൻപു ഭരണത്തിലിരുന്ന ആളുകളും ഇപ്പോൾ ഭരണത്തിലിരിക്കുന്ന ആളുകളും തമ്മിൽ നടന്ന അഴിമതിയാരോപണങ്ങൾ സംബന്ധിച്ച് അന്വേഷിക്കണമെന്നു പറഞ്ഞു, അന്വേഷിച്ചോ? ഇല്ല. ഈ നിയമസഭ തുടങ്ങിയശേഷം അഴിമതിയാരോപണം ഉണ്ടായില്ലേ? ഇപ്പോൾ ആദ്ധ്യക്ഷം വഹിക്കുന്ന ശ്രീ. ടി.എം. ജേക്കബ്ബിൻെറ നേതൃത്വത്തിൽ അഴിമതി അവസാനിപ്പിക്കുവാൻവേണ്ടിയുള്ള ഒരു ജാഥ നടത്തി. അതിൻെറ പോസ്ററിലെ ഒന്നാമത്തെ മുദ്രാവാക്യം അഴിമതി അവസാനിപ്പിക്കുകയെന്നുള്ളതായിരുന്നു. ആരുടെ അഴിമതി അവസാനിപ്പിക്കാൻ? കേന്ദ്രത്തിൻെറ അഴിമതി അവസാനിപ്പിക്കാനായിരുന്നില്ല. ഈ ഭരണത്തിൻെറ അഴിമതി അവസാനിപ്പിക്കുവാൻ വേണ്ടിയാണ് ആ ഘോഷയാത്ര നടത്തിയത്. ശ്രീ. എം.വി. രാഘവൻ ഈ നിയമസഭാസമ്മേളനത്തിൽ അഴിമതിയെ സംബന്ധിച്ചു സംസാരിച്ചു കഴിഞ്ഞ ഉടനെതന്നെ അതിൻെറ അല അന്തരീക്ഷത്തിൽ നിൽക്കുമ്പോൾതന്നെ ശ്രീ. പി. ജെ. ജോസഫ് എഴുന്നേററു, പ്രസംഗിക്കുവാൻ. ശ്രീ. രാഘവൻ പറഞ്ഞ കാര്യങ്ങൾ അപ്രധാനങ്ങളല്ല എന്നു പറഞ്ഞുകൊണ്ടാണ് തുടക്കംതന്നെ. അപ്പോൾ ഭരണകക്ഷികളിൽനിന്നുതന്നെ ഉണ്ടായ അഴിമതിയാരോപണങ്ങളെ സംബന്ധിച്ച് അന്വേഷിക്കുവാൻ നിങ്ങൾ തയ്യാറാണോ? എവിടെയാണു അഴിമതി ഇല്ലാത്തത്? വ്യവസായ ലോൺ കിട്ടണമെങ്കിൽ കൈക്കൂലി കൊടുക്കണം, പോലീസിൽ ജോലി കിട്ടണമെങ്കിൽ കൈക്കൂലി കൊടുക്കണം? കള്ളുഷാപ്പു ലേലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുത്തു സർക്കാരിലേക്കു കൂടുതൽ കാശു കൊടുക്കുന്നതിന്റെ ഒരു ഭാഗം കൈക്കൂലിയായി കൊടുക്കണം. പി.എസ്.സി. നിയമനത്തിൽ അഴിമതിനടത്തുന്നു. ഏററവും ഉത്തരവാദപ്പെട്ട ഒരു സ്ഥാപനമാണത്. അതിന്റെ അഴിമതിയെസംബന്ധിച്ച് ഈ നിയമസഭയിൽതന്നെ പറഞ്ഞപ്പോൾ അവർ ഇവിടെ ഇല്ലെന്നു പറഞ്ഞുകൊണ്ട് അതിനെ ന്യായീകരിച്ചു. ഇതുപോലെ എല്ലാ രംഗങ്ങളിലും അഴിമതി നടമാടുന്നു. ട്രാൻസ്ഫറിൽ അഴിമതി. അതിനു കൈക്കൂലി കൊടുക്കണമെന്നു ആർക്കാണു നിശ്ചയമില്ലാത്തത്? അപ്പോൾ ധനകാര്യമന്ത്രി പറയും പൊതുവേ പറഞ്ഞാൽ പോരാ എന്ന്. നിയമസഭാമെമ്പറൻമാർ പൊതുവേ പറയുന്ന കാര്യങ്ങൾ പലരിൽനിന്നും കിട്ടുന്ന വിവരങ്ങൾ വച്ചുകൊണ്ടാണ് ഉത്തരവാദപ്പെട്ട പത്രങ്ങളിൽ വിവരം വരുന്നുണ്ട്. നിങ്ങൾ പരിശോധിച്ചാൽ മനസ്സിലാക്കാൻകഴിയും. ഭരണയന്ത്രം ആകെ അഴിമതി നിറഞ്ഞതും കാര്യക്ഷമമില്ലാത്തതുമാണെന്നു ഭരണകക്ഷിക്കാർ ആരോപണം ഉന്നയിക്കുമ്പോൾ സ്പെസിഫിക്കായി കൊണ്ടുവന്നില്ലെന്ന പേരിൽ അതിനെ നിഷേധിച്ച് അലംഭാവം കൈക്കൊള്ളുന്നരീതി ശരിയല്ല. ഇതാണ് ഈ ഗവൺമെൻറിന്റെ കീഴിൽ നടക്കുന്ന അഴിമതികൾ. അതിനുവേണ്ടി ഒരു പൈസ പാസ്സാക്കിത്തരണമെന്നു പറഞ്ഞാൽ അതിനോടു അനുകൂലിക്കുവാൻ ഞങ്ങൾക്കു നിർവ്വാഹമില്ല. പിന്നെ പുരോഗമനപരമായ ഒരു നടപടിയാണ് പഞ്ചായത്തു തിരഞ്ഞെടുപ്പു നീട്ടിവച്ചത്. ശ്രീ. എ. കെ. ആൻറണി നീട്ടിവയ്ക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് 18 വയസ്സാക്കുകയെന്ന പുരോഗമന പരിപാടി ചെയ്തു. പിന്നീടു നീട്ടാൻ നിവൃത്തിയില്ല. പി.കെ.വി.-ക്കാണെങ്കിൽ അക്കാര്യത്തിൽ ഒരു വിഷമവുമില്ല. അതു ജനാധിപത്യപരമാണ്. കാരണം ഞങ്ങളുടെ ഗവൺമെൻറു ജനാധിപത്യ ഗവൺമെൻറാണ്. ആ ഗവൺമെൻറു നടപടി സ്വീകരിച്ചുകഴിഞ്ഞാൽ പിന്നെ അതെല്ലാം തന്നെ പുരോഗമനപരമാണ്. പിന്നെ ഇവിടെ പ്രതിപക്ഷത്തെ ബഹുമാനിക്കുന്നുണ്ടോ? സർ, ഈ നിയമസഭയുടെ ആദ്യ സമ്മേളനത്തിലെ ആദ്യദിവസംതന്നെ ഞാൻ ഉന്നയിച്ചിട്ടുള്ള ഒരു കാര്യമുണ്ട്. ഡി.ഡി.സി.—യിൽ ആകെയുള്ള 160-ഓളം മെമ്പറൻമാരിൽ എട്ടുപത്തുപേർ മാത്രമാണ് മാർക്സിസ്ററുപാർട്ടിയുടെ ആളുകൾ. എത്രകൊല്ലമായി, പുനഃസംഘടിപ്പിച്ചോ? എത്ര കാലമായി പുനഃസംഘടിപ്പിക്കാമെന്നു പറഞ്ഞിട്ട്? എന്നിട്ടു പുനഃസംഘടിപ്പിച്ചോ? ഗ്രേററർ കൊച്ചിൻഡവലപ്പുമെൻറു അതോറിട്ടിയിൽ എന്റെ നിയോജകമണ്ഡലത്തിന്റെ ഏതാണ്ട് പകുതിയിൽകൂടുതൽ ഭാഗം വരുന്നുണ്ട്. ഞാൻ അതിൽ മെമ്പറല്ല. നാലഞ്ചു മെമ്പറൻമാരുണ്ട്. പക്ഷേ ഞങ്ങളുടെ പാർട്ടിയിൽനിന്നു ഒരൊററയാളും അതിലെ മെമ്പറല്ല. പുനഃസംഘടിപ്പിക്കാമെന്നു നിയമസഭയിൽ പറഞ്ഞു. പുതിയ കൺസൾട്ടേററീവ് കമ്മിററികളുണ്ടാക്കുന്നു. പ്രതിപക്ഷത്തിന്റെ മാത്രമല്ല, ഭരണകക്ഷിയിൽപെട്ട ആളുകളെപ്പോലും ഭരണത്തിൽ പങ്കാളികളാക്കുന്നതിനു വേണ്ടി ഈ കമ്മിററികൾ പുനഃസംഘടിപ്പിച്ചുകൂടേ? ഞാൻ രണ്ടു കമ്മിററിയിലുണ്ട് അതിൽ ഒരു കമ്മിററിയുടെ യോഗം മാത്രം കൂടി, എത്ര കമ്മിററികൾ കൂടിയെന്നുള്ളതു മെമ്പറൻമാരോടു ചോദിച്ചാൽ അറിയാം. എം.എൽ.എ. മാരെ ബഹുമാനിക്കുന്നു എന്നു പറയുന്നു. പ്രതിപക്ഷത്തിന്റെ കാര്യത്തിൽ മാത്രമല്ല, ഭരണകക്ഷിയിൽപെട്ട എം. എൽ. എ. മാർക്കുപോലും ഇത്തരം കാര്യങ്ങളിൽ ആശയവിനിമയം ചെയ്യാനുള്ള സൗകര്യം നിഷേധിച്ചിരിക്കുകയാണ്. എം.എൽ.എ.—മാർ അയയ്ക്കുന്ന കത്തുകളുടെ കാര്യം ശ്രീ. രാമൻ ഇവിടെ പറഞ്ഞു. എം.എൽ.എ.—മാർക്കു വല്ല വിലയുമുണ്ടോ? എന്തെങ്കിലും വിലയുണ്ടോ സർ ഇവിടെ? എം.എൽ.എ.—മാർ കത്തയച്ചാൽ കിട്ടുന്ന മറുപടി എന്താണ്? ആകാശം

LIBRARY ARCHIVES Kerala Legislative Assembly

ഇടിഞ്ഞു വീഴുന്നു എന്നു പറഞ്ഞ് ലോകത്ത് ആരയച്ചാലും കിട്ടുന്ന മറുപടിതന്നെയാണു ഞങ്ങൾക്കും കിട്ടുന്നത്. 'അതേപ്പററി പരിഗണിച്ചു വരുന്നു' പിന്നെ അതിന്റെ ഫാളോ അപ് ഉണ്ടോ? കുറെയെല്ലാം നിഷേധിച്ചുകൊണ്ടുള്ള മറുപടി ചില ഡിപ്പാർട്ടുമെൻറുകളിൽനിന്നും മുൻപു കിട്ടിയിരുന്നു. ഇപ്പോൾ അതും കിട്ടുന്നില്ല. കെട്ടുകൾ ഞങ്ങളുടെ കൈവശമുണ്ട്, ഞങ്ങൾ അയച്ച പരാതികളുടെ. അതി നൊന്നും ഒരു മറുപടി പോലുമില്ല. സർ ഇതിന്റെ അർത്ഥമാണ് ഭരണം നടക്കുന്നില്ലെന്ന്.

അതിന് ഉദ്യോഗസ്ഥൻമാരെ കുററം പറഞ്ഞിട്ട് സ്വയം ആത്മ സംതൃപ്തി അടയരുത്. ഭരണകക്ഷികൾ മന്ത്രിമാരെ കുററം പറയുന്നത് ശരിയല്ല എന്നുള്ളതുകൊണ്ട് അവർ പറഞ്ഞില്ല എന്നേയുള്ളു. ഉദ്യോ ഗസ്ഥൻമാരെ നിയന്ത്രിക്കാനാണ് മന്ത്രിമാർ. മന്ത്രിമാർ നയം രൂപീ കരിച്ച് ആ നയം നടപ്പിലാക്കണം. ഉദ്യോഗസ്ഥൻമാർ പല ഭരണത്തി ന്റേയും കീഴിൽ നിൽക്കുന്നവരാണ്. മന്ത്രിമാർ പുതിയ നയം ഉണ്ടാക്കിയാൽ ആ നയത്തിനൊത്ത് ജനങ്ങളുടെ താൽപ്പര്യം സംരക്ഷി ക്കാനും നയം നടപ്പിലാക്കാനും ജാഗരൂകതയോടുകൂടി ഇരിക്കേണ്ട മന്ത്രിമാർ എന്താണിവിടെ ചെയ്യുന്നത്. ഉത്തരവാദപ്പെട്ട ഒരു പത്രം ഒരിക്കൽ ഒരു മുഖപ്രസംഗം എഴുതി. ഒരൊററ മന്ത്രിമാരും തലസ്ഥാന ത്തില്ല. വരുന്നതിനുമുമ്പേ സർക്കീട്ടാണ്. അസംബ്ലി അവസാനിച്ചാൽ അവിടെ ചെല്ലുന്നതിനു മുൻപ് സർക്കീട്ട്. എന്തെങ്കിലും കമ്മിററി ഉണ്ടെങ്കിൽ ചെല്ലുന്നതിനുമുൻപേ സർക്കീട്ട്, ആഫീസിൽപോലും കയറു ന്നില്ല. ഇത് ഒരു പത്രം മുഖപ്രസംഗം എഴുതിയതാണ്. ഇവിടെ ഒരൊററ മന്ത്രിമാരും ഇല്ലാത്ത ദിവസങ്ങളുണ്ട്. പിന്നെ വല്ലതും ഉദ്യോ ഗസ്ഥൻമാർ ചെയ്യുന്നുണ്ടെങ്കിൽ അത് മന്ത്രിമാരുടെ സിൽബന്തിമാരായ ആളുകൾ വന്നുപറയുന്ന കാര്യങ്ങൾ നടപ്പിലാക്കുക മാത്രമാണ്. സ്പെഷ്യലായി കീഴോട്ടു പോകുന്നതായ കാര്യങ്ങൾ പരിശോധിക്കാൻ മാത്രമാണ് ഈ ഉദ്യോഗസ്ഥൻമാർക്ക് സമയം. സ്വതന്ത്രമായി മര്യാദയ്ക്ക് കാര്യങ്ങൾ നടത്തണമെന്ന് ആഗ്രഹിക്കുന്ന ഒരു ഉദ്യോ ഗസ്ഥനുപോലും സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. അപ്പോൾ എങ്ങനെയാണ് നീതി നടക്കുക. മന്ത്രിമാരെ പ്രീണിപ്പിച്ചാൽ മന്ത്രി മാരുടെ പാർട്ടിയിൽപ്പെട്ട ആളുകളെ പ്രീണിപ്പിച്ചാൽ കാര്യങ്ങൾ നടക്കു മെന്ന നിലയിലേയ്ക്ക് ഉദ്യോഗസ്ഥൻമാർ എത്തിക്കഴിഞ്ഞാൽ ആ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ഭാഗത്തുനിന്നും നീതി കിട്ടാൻ സാദ്ധ്യമല്ല. അങ്ങനെ നീതികിട്ടാതിരിക്കാൻ കാരണം മന്ത്രിമാരുടെ ജാഗ്രത കുറവും സ്വജനപക്ഷപാതവും അഴിമതി കാണിക്കുന്ന കാര്യത്തിൽ താൽപര്യമുള്ള ആളുകളെ പ്രീണിപ്പിക്കാൻ വേണ്ടിയുള്ള നടപടിയുമാണ്. ഇതിന്റെ യെല്ലാം ഫലമായി ഉദ്യോഗസ്ഥൻമാർക്ക് കാര്യമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. പിന്നെ പഴയതിന്റെ അവശിഷ്ടങ്ങളായ പല ഉദ്യോഗ സ്ഥൻമാരുമുണ്ട്. ഉദ്യോഗസ്ഥൻമാരെ ആകെ അടച്ചുപിടിച്ച് കുററം പറഞ്ഞ് രക്ഷപ്പെടാൻ നോക്കുന്നതിനു പകരം സ്വന്തം പാർട്ടിക്കകത്തെ ങ്കിലും—ഇവിടെ പറയാൻ വിഷമമുണ്ടെങ്കിൽ പാർട്ടിയ്ക്കകത്തെങ്കിലും പറഞ്ഞ് ഭരണം നന്നാക്കാനുള്ള ഏർപ്പാട് നിങ്ങൾ ചെയ്യുമോ? നിങ്ങൾ പറയുന്നതിന്റെ പരോക്ഷമായ കുററസമ്മതം ഇവിടെ ഭരണം നടക്കുന്നില്ല എന്നുള്ളതാണ്. ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞല്ലോ ഇവിടെ ചൊറിയണം നടുന്ന കാര്യത്തെപ്പററി സുഗതൻ സർ പറഞ്ഞിട്ടുള്ളതായി. ഉദ്യോഗസ്ഥൻമാരെ കുററം പറഞ്ഞുകൊണ്ട് രക്ഷപ്പെടാൻ നിങ്ങൾക്ക് സാധ്യമല്ല. അഞ്ചു ദിവസമേ ഒരു ഫയൽ വയ്ക്കാൻ പാടുള്ളൂ എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. കഴിഞ്ഞതവണ ഇതേ ഡിമാൻറിനെ സംബന്ധിച്ച ചർച്ചാ വേളയിൽ ശ്രീ. ഇ.എം.എസ്. ചൂണ്ടിക്കാണിച്ചു സെക്രട്ടറിമാരുടെ കോൺഫറൻസിൽ ആറു മാസത്തിൽ കൂടുതൽ ഒരു ഫയൽ നീട്ടിക്കൊണ്ടു പോകാൻ പാടില്ലെന്നു പറഞ്ഞു. ഇവിടെ അഞ്ചു കൊല്ലം എത്തിയ ഫയലുകൾ ഉണ്ടെന്ന് അവിടെ പോയി നോക്കിയാൽ കാണാം. ഞാൻ കൊടുത്ത ഒരു പെററീഷൻെറ കാര്യം റിപ്പോർട്ടിനയച്ചു എന്ന് അഞ്ചു മാസത്തിനു മൻപ് പറഞ്ഞു. ഇന്നലെ ഞാൻ അതിനെപ്പററി അന്വേഷിക്കുമ്പോൾ അത് അവിടെത്തന്നെ ഇരിക്കുകയാണ് അഞ്ചുമാസം ആയിട്ടും റിപ്പോർട്ടു വന്നിട്ടില്ല. ഇതുപോലെ റിപ്പോർട്ട് വരാത്ത എത്ര കേസുകൾ ഉണ്ടെന്നുള്ളതിനെ സംബന്ധിച്ച് നിങ്ങളൊന്നു പരിശോധിക്കുമോ? ആ പരിശോധനയുടെ ഫലം ഇവിടെ അറിയിക്കുമോ? കമ്മ്യൂണിസ്ററ് മന്ത്രിസഭയുടെ കാലത്ത് ഒരു വിജിലൻസ് കമ്മീഷണറെ വച്ചിരുന്നു. ഓ, അത് കമ്മ്യൂണിസ്ററ് മന്ത്രിസഭയുടെ കാലത്ത് കൊണ്ടുവന്നതാണെന്നു പറഞ്ഞ് 1969.ൽ അച്ചുതമേനോൻ മുഖ്യമന്ത്രിയായപ്പോൾ ആ വിജിലൻസ് കമ്മീഷണറെ പിരിച്ചുവിട്ടു. ആ കമ്മീഷണർ മാർക്സിസ്ററു കാരനാണെന്നു പറഞ്ഞുകൊണ്ടാണ് പിരിച്ചുവിട്ടത്. അദ്ദേഹം മാർക്സിസ്ററുകാരനുമായിരുന്നില്ല ഒരു...................കാരനുമായിരുന്നില്ല. എന്നാൽ വേറെ ആളെ വയ്ക്കാമായിരുന്നില്ലേ? വച്ചില്ല. ആ വിജിലൻസ് കമ്മീഷണർ ഇതിനെപ്പററിയെല്ലാം അന്വേഷിച്ച് അദ്ദേഹത്തിൻെറ റിപ്പോർട്ട് നിയമസഭയ്ക്ക് കൊടുക്കുന്ന ഒരു ഏർപ്പാടുണ്ടായിരുന്നു. അങ്ങനെയൊരു സംവിധാനം നിങ്ങൾ ഉണ്ടാക്കിയോ? ഇല്ല. അങ്ങനെ പണ്ടത്തെ കാര്യങ്ങൾ നേരെയാക്കുന്നതിനു വേണ്ടി എന്തെങ്കിലും ചെയ്താൽ അത് കക്ഷി രാഷ്ട്രീയത്തിൻെറ പേരിൽ ഇല്ലാതാക്കുക; അവസാനം അതിനുപകരം ഒരു സംവിധാനം ഉണ്ടാകാതിരിക്കുക. അങ്ങനെ സർക്കാരിനെ സ്വാധീനിക്കാൻ പററുന്ന ആൾക്കാർക്കുമാത്രം നീതി. ഇതാണ് സ്വജനപക്ഷപാതം, അഴിമതി എന്നെല്ലാം പറയുന്നത്. ഞാൻ നീതി ചെയ്താൽ എനിക്കെതിരായി നടപടി ഉണ്ടാകുകയില്ലെന്ന നിഷ്പക്ഷമതിയായ സത്യസന്ധനായ ഒരു ഉദ്യോഗസ്ഥന് തോന്നത്തക്ക നിലയിൽ ധൈര്യം കൊടുക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ഇല്ല. ''എമ്പ്രാനൽപ്പം കട്ടു ഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും'' എന്നു പറഞ്ഞ മാതിരി മുകളിൽ ഉള്ളവർ അന്യായം ചെയ്യുമ്പോൾ പിന്നെ താഴെനിന്ന് എങ്ങനെ നീതി കിട്ടും. മന്ത്രിമാർ ഇത്തരം കാര്യങ്ങൾ ശ്രദ്ധിച്ച് നടപടി എടുക്കുന്നില്ല. അതുകൊണ്ട് മന്ത്രിസഭയ്ക്കും മററും വേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ഡിമാൻറിനെ അനുകൂലിക്കാൻ ഞങ്ങൾക്കു നിവൃത്തിയില്ല. പിന്നെ പ്രധാനപ്പെട്ട കാര്യങ്ങൾ ഞങ്ങൾ പറയുമ്പോൾ ഭരണകക്ഷിക്കാരോടുള്ള വിരോധം കൊണ്ടാണ് പറയുന്നതെന്നാണ് ആരോപണം. ഭരണകക്ഷിക്കാരോടുള്ള വിരോധമൊന്നുമല്ല. ഇതെല്ലാമാണ് വസ്തുത. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ ഗവൺമെൻറിനു ഭരിക്കാൻ അവകാശമില്ല. അവകാശമില്ലെന്നുള്ള കാര്യം ഞങ്ങൾ പറയുമ്പോൾ അത് നിഷേധിച്ചിട്ടു കാര്യമില്ല. ഇവിടെ ഇപ്പോൾ ശ്രീ. സുന്ദരം പറഞ്ഞില്ലേ? ഞാൻ അനുകൂലിക്കുന്നു നല്ല ബഡ്ജററാണിത് എന്നെല്ലാം അദ്ദേഹം പറഞ്ഞു. എന്നിട്ട് അദ്ദേഹം പറഞ്ഞതെന്താണെന്നറിയാമോ? ആദിവാസികൾക്കു കൊടുത്ത കെട്ടിടത്തിൻെറ അടിത്തറ തുരന്നു നോക്കിയപ്പോൾ കരിങ്കല്ല് കാണാനില്ലെന്നാണ്. അങ്ങനെ അടിത്തറ പൊളിഞ്ഞ ഒരു ഗവൺമെൻറാണ് നിങ്ങളുടേത്. ഉത്ഘാടനത്തിനു ചെല്ലുമ്പോൾ മുകൾഭാഗമെല്ലാം ഭംഗിയായി കാണാം. പക്ഷേ അടിത്തറ പൊളിഞ്ഞിരിക്കുന്നു. അതിൻെറ വിശദീകരണം ഞാൻ തരേണ്ട കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ ഏകയോഗക്ഷേമമായിരിക്കുന്നു യോജിപ്പോടുകൂടി പോകുന്നു എന്നാണ് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്. നിങ്ങളുടെ യോജിപ്പ് ഈ പറഞ്ഞ കാര്യങ്ങളിലാണ്. ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാതിരിക്കാൻ നിങ്ങൾക്ക് യോജിപ്പാണ്. അഴിമതി അന്യോന്യംമൂടി വയ്ക്കാൻ നിങ്ങൾക്ക് യോജിപ്പാണ്. അടുത്ത ദിവസം ലെയിസാൺ കമ്മിററി കൂടിയതിനെസംബന്ധിച്ച് ഒരുകാര്യം കേട്ടു. നേരോ നുണയോ എന്നറിയില്ല. വിദ്യാഭ്യാസ വകുപ്പിൽ അഴിമതി നടക്കുന്നില്ലേ? എന്ന് ഒരു കക്ഷി. അങ്ങനെ പറഞ്ഞാൽ നിങ്ങളുടെ വകുപ്പിൽ അഴിമതി നടക്കുന്നില്ലേ? എന്നു മറെറാരു കക്ഷി. നിങ്ങൾ വ്യവസായവകുപ്പ് എത്രകാലമായി തുടർന്നു നടത്തുന്നു, എക്സൈസ് വകുപ്പ് നിങ്ങളുടെ കൈവശമില്ലേ? എന്ന് വേറൊരു കക്ഷി. എന്നാൽ വേണ്ട പരസ്പരം സമാധാനപരമായ സഹവർത്തിത്വം, ആരുമാരും അന്യോന്യം പറയണ്ട. അന്യോന്യം പറഞ്ഞാൽ ഞാൻ കെട്ടഴിക്കും കെട്ടഴിച്ചാൽ നീയും നാറും ഞാനും നാറും നമ്മളാകെ നാറും, അതുകൊണ്ട് പരസ്പരം സമാധാനപരമായ സഹവർത്തിത്വം. ഏകയോഗക്ഷേമമായി ഭരണം ഗംഭീരമായി നടക്കുന്നു എന്ന് എല്ലാപേരും പറയുക. അത് പത്രങ്ങളിലെല്ലാം വരും. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഇ.എം.എസ്. എന്തെങ്കിലും പറഞ്ഞാൽ അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന ആളായിരുന്നതുകൊണ്ട് ഇനിയും അങ്ങനെയാകാൻ കൊതിച്ചുകൊണ്ടാണെന്നു പറഞ്ഞ ആദ്യമേതന്നെ മാററുക. ഇതാണ് നടക്കുന്നത്. പ്രതിപക്ഷത്തിന്റെ സഹകരണം വേണമെന്നു പറയുമ്പോൾ ഞാൻ മുൻപു പറഞ്ഞിട്ടുള്ളതാണ് ശരി. കൺസൽട്ടേററീവ് കമ്മിററി, ഡി.ഡി.സി. ഇതുപോലുള്ളവ പുനഃസംഘടിപ്പിക്കുന്ന കാര്യത്തെപ്പററി പ്രതിപക്ഷങ്ങൾ പറയുന്നതൊന്നും കേൾക്കുന്നില്ല. അതുകൊണ്ട് നിങ്ങൾ ഈ മനോഭാവം മാററി ജനതയുടെ താൽപര്യം സംരക്ഷിക്കാൻ കഴിയുന്ന ഒരു മന്ത്രിസഭ എന്ന നിലയിൽ മന്ത്രിമാർ എന്ന നിലയിൽ നിങ്ങൾക്ക് ഭരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് ഈ ഡിമാൻറിനെ ശക്തിയായി ഞാൻ എതിർക്കുന്നത്. ഞങ്ങൾക്ക് തീർച്ചയായും അപ്പുറത്തുള്ളവരുടെ പിൻതുണ കൈപൊക്കുന്ന കാര്യത്തിലൊഴിച്ച് ഉണ്ടെന്നുള്ള പൂർണ്ണ ബോധ്യം ഈ എതിർക്കുന്ന കാര്യത്തിൽ ധാർമ്മികമായ ധൈര്യം ഞങ്ങൾക്ക് തരുന്നുണ്ട്.

ശ്രീ. ഇ. കെ. പിള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു. ഇവിടെ ഏററവും അവസാനം സംസാരിച്ചു നിറുത്തിയ ബഹുമാനപ്പെട്ട ശ്രീ. ടി.കെ. രാമകൃഷ്ണന്റെ പ്രസംഗം കേട്ടതിനു ശേഷം കൂടിയാണ് ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നത്. ഞാൻ ആ വിഷയത്തിലേക്ക് കടക്കുന്നതിനു മുൻപ് ആദ്യമായി എനിക്കു പറയാനുള്ളത് നമ്മുടെ ഭരണ കാര്യത്തിൽ ഇന്ന് ചില ന്യൂനതകൾ ഉണ്ടെന്ന് തുറന്നു പറയുന്നത് ഒരു കുറവായി പ്രതിപക്ഷം കണക്കാക്കരുത് എന്നാണ്. ഇന്നലെ എന്റെ സുഹൃത്ത് ശ്രീ. എസ്. തോസ് സംസാരിച്ചപ്പോൾ ബ്രിട്ടീഷ് മോഡൽ ജനാധിപത്യത്തെക്കുറിച്ചു പറഞ്ഞു. ഞാൻ ഏതായാലും അപ്പുറത്തിരിക്കുന്നവരോടു പറയുന്നത് ഒരു ഭരണം വിജയിക്കാൻ ക്രിയാത്മകമായ ഒരു പ്രതിപക്ഷം ആവശ്യമാണെന്ന് ജനാധിപത്യ ഭരണസംവിധാനം നിലനിൽക്കുന്ന എല്ലാ രാജ്യങ്ങളിൽനിന്നും നാം മനസ്സിലാക്കിയിട്ടുണ്ടെന്നാണ്. ഇത്തരം ഒരു ക്രിയാത്മക പ്രതിപക്ഷത്തിന്റെ പങ്കാളിത്വമാണോ നമ്മുടെ നിയമസഭയിൽ നമ്മുടെ പ്രതിപക്ഷങ്ങൾ വഹിക്കുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർമാർ ആലോ

LIBRARY ARCHIVES Kerala Legislative Assembly

ചിക്കുന്നത് നന്നായിരിക്കുമെന്ന് ആമുഖമായി പറയട്ടെ. സർ, ഇവിടെ നമ്മൾ ഈ ധനാഭ്യർത്ഥനയെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ നമ്മുടെ ചെലവ് എങ്ങനെ ചുരുക്കാം ഭരണം എങ്ങനെ കാര്യക്ഷമമാക്കാം ഈ രണ്ടു കാര്യങ്ങളെസംബന്ധിച്ച് അവധാനതയോടുകൂടി ചിന്തിക്കുകയും അതിനുള്ള വഴി കണ്ടുപിടിക്കുകയും ചെയ്യുമ്പോൾ അപ്പുറത്തുള്ളവരെന്നോ ഇപ്പുറത്തുള്ളവരെന്നോ ഉള്ള വ്യത്യാസമില്ലാതെ അതിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്ന നല്ല കാര്യങ്ങൾ എടുത്ത് പ്രായോഗികമായി ജനങ്ങൾക്ക് ആശ്വാസം കൊടുക്കണമെന്നുള്ളതായിരിക്കണം ലക്ഷ്യം. ഇക്കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്നുള്ളത് ഏതു ഭാഗത്തുനിന്നുള്ള നിർദ്ദേശങ്ങളും സ്വീകരിക്കാൻ തയ്യാറാകണം. അങ്ങനെയാണെങ്കിൽ നമ്മുടെ രാജ്യത്ത് ഇന്നുള്ള ഭരണച്ചെലവ് കുറെ കുറയ്ക്കാൻ കഴിയും.

12 Noon] അതുപോലെതന്നെ കാര്യക്ഷമതയും കുറെക്കൂടി വർദ്ധിപ്പിക്കാൻ കഴിയും. അതിന് ആദ്യമായിട്ടു ചെയ്യേണ്ടത് നമ്മുടെ രാജ്യത്തെ റവന്യൂ ബോർഡ് നിറുത്തലാക്കണം. റവന്യൂ ബോർഡ് എന്നു പറയുമ്പോൾ അത് ഗവൺമെന്റിനുള്ളിലെ ഗവൺമെന്റാണ്. ഒരൊററവാക്കിൽ പറഞ്ഞാൽ അതിലുള്ള ന്യൂനത, അത് ഉണ്ടാക്കുമ്പോഴുള്ള ഉദ്ദേശലക്ഷ്യങ്ങൾ എന്തായിരുന്നാലും ശരി ഇപ്പോൾ കാര്യങ്ങൾക്കു കാലവിളംബമുണ്ടാക്കാൻ ഉതകുന്നു എന്നുള്ളതിൽകവിഞ്ഞ് ഈ റവന്യൂ ബോർഡ് ഒരു ഭാരമല്ലാതെ ജനങ്ങൾക്കു സഹായമല്ല. അതുകൊണ്ട് റവന്യൂ ബോർഡ് നിറുത്തലാക്കാൻ അടിയന്തിരമായ നടപടി കൈക്കൊള്ളണമെന്ന് ഞാൻ പ്രധാനമായി ചൂണ്ടിക്കാണിക്കുന്നു.

സർ, പ്രവർത്തനത്തെസംബന്ധിച്ചിടത്തോളം നമ്മുടെ സെക്രട്ടേറിയററ് എടുത്തുനോക്കിയാൽ അവിടെ എത്രയോ ആളുകളുണ്ട്. അവരെയെല്ലാം പിരിച്ചുവിടണമെന്നല്ല ഞാൻ പറയുന്നത്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി നാം കൂടുതൽ കൂടുതൽ ആളുകളെ കൊണ്ടുവരുന്നുണ്ട്. അങ്ങനെ കൂടുതൽ ആളുകളെ കൊണ്ടുവരുന്നതിനനുസരിച്ച് കാര്യക്ഷമത വർദ്ധിക്കുന്നുണ്ടോ? ഇന്ന് സെക്രട്ടേറിയററിൽ നടക്കുന്ന കാര്യങ്ങൾ നടത്തുന്നതിന് ഇന്നുള്ളതിന്റെ പകുതി ആളുകൾ മതിയെന്നാണ് ഞാൻ പറയുന്നത്. ഈ രാജ്യം എന്റേതാണ്, ജനസേവനമാണ് എന്റെജോലി അതു നമ്മൾ ചെയ്യണമെന്നുള്ള ആത്മാർത്ഥതയോടുകൂടി പ്രവർത്തിച്ചാൽ ഇന്നുള്ളതിന്റെ പകുതി ആളുകളെക്കൊണ്ട് നടപ്പാക്കാവുന്ന കാര്യങ്ങളാണ് ഇന്നു ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. മററാളുകളെ പിരിച്ചു വിടണമെന്നല്ല. റവന്യൂ ബോർഡ് നിറുത്തലാക്കി അധികമുള്ള സ്ററാഫിനെ കുറവുചെയ്ത് ഇന്നല്ലെങ്കിൽ നാളെ പടിപടിയായി ചെലവുചുരുക്കുന്ന ഒരു സാഹചര്യം വന്നാൽ നന്നായിരിക്കും. അതിനുള്ള ചുവടുവയ്പ്പ് ആരംഭിക്കണമെന്നേ പറയുന്നുള്ളു.

ഇന്ന് ഭരണത്തിന്റെ ജാഗ്രതയെപ്പററി പറയുമ്പോൾ നമ്മൾ മന്ത്രിക്കു പരാതി കൊടുക്കുന്നുണ്ട്. മന്ത്രിക്ക് കൊടുക്കുന്ന പരാതി സെക്രട്ടറിക്കു കൊടുക്കും. സെക്രട്ടറി അഡീഷണൽ സെക്രട്ടറിക്കു കൊടുക്കും. അഡീഷണൽ സെക്രട്ടറി ജോയിന്റ് സെക്രട്ടറിക്കു കൊടുക്കും. ജോയിന്റ് സെക്രട്ടറി ഡെപ്യൂട്ടി സെക്രട്ടറിക്കുകൊടുക്കും. ഡെപ്യൂട്ടി സെക്രട്ടറി അണ്ടർ സെക്രട്ടറിക്കു കൊടുക്കും. അണ്ടർ സെക്രട്ടറി സെക്ഷൻ ഓഫീസർക്കു കൊടുക്കും. സെക്ഷൻ ഓഫീസർ യു.ഡി. ക്ലാർക്കിനു കൊടുക്കും. യു.ഡി. ക്ലാർക്ക് എൽ.ഡി.ക്ലാർക്കിനു കൊടുക്കും, അവിടെ നിന്നും അത് ഡിപ്പാർട്ടുമെന്റ് ഹെഡ്ഡിനു കൊടുക്കും. ഡിപ്പാർട്ടുമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഹെഡ് ആ ഡിപ്പാർട്ടുമെൻറിൻെറ താഴെത്തട്ടിൽ ആരാണോ ഉള്ളത് അതുവരെ പടിപടിയായി എത്തിക്കും. പിന്നീടു അത് അവിടെ നിന്നും നേരത്തെ പറഞ്ഞതുപോലെ മുകളിലോട്ടു വരുന്നു. അത് ഉത്തരവാകുന്നു. ഉത്തരവായാലും താഴോട്ടു പോകണം. നമ്മൾ സാധാരണ പത്രത്തിൽ വായിക്കാറുള്ളതുപോലെ സഞ്ചാരത്തിനുശേഷം മാതൃപേടകത്തിൽ തിരിച്ചെത്തിയെന്ന്. അതുപോലെ ഈ പരാതി സഞ്ചാരമെല്ലാം കഴിഞ്ഞു മാതൃപേടകത്തിൽ ചെന്ന് ഉത്തരവായി ജനങ്ങളുടെ കയ്യിൽ എത്തുമ്പോൾ ജനം മരിക്കും.

സർ, എക്സിക്യൂട്ടീവിൻെറ കാര്യത്തിൽ മാത്രമല്ല ജുഡീഷ്യറിയുടെ കാര്യത്തിലും ധാരാളം അഴിമതികൾ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇതു തുറന്നുപറയാൻ എനിക്കു മടിയില്ല. ഇന്ന് ആ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നമ്മൾ ഇങ്ങനെ തിരുത്തണമെന്ന് ആവശ്യപ്പെട്ടാൽ അതു തെററാണെന്നു പറയുന്നത് ഖേദകരമാണ്. സർ, ഈ അവസരത്തിൽ എനിക്ക് മഹാനായ കെ. സി. കേശവപിള്ളയുടെ ഒരു കവിതയാണ് ഓർമ്മ വരുന്നത്. ഒരു കള്ളൻ മോഷ്ടിക്കാൻ പോയി. കള്ളൻ ഭിത്തി തുരന്നു, ഭിത്തി ഇടിഞ്ഞുവീണ് കള്ളൻ മരിച്ചു. അപ്പോൾ ആ കള്ളൻെറ ഭാര്യ ഒരു അന്യായക്കേസ് ഫയൽ ചെയ്തു. കാരണം ഈ കെട്ടിടം പണിതതുകൊണ്ടാണ് എൻെറ ഭർത്താവ് മരിക്കാൻ കാരണം. അതു കൊണ്ട് പണിയിച്ച ആളുടെ പേരിൽ നടപടിയെടുക്കണം. കോടതിക്ക് അതു ബോദ്ധ്യപ്പെട്ടു. കെട്ടിടം ഉടമസ്ഥനെ വിളിച്ചു, എന്തുകൊണ്ടു നിങ്ങൾ ഈ കെട്ടിടം പണിതു, ഇതു പണിതതുകൊണ്ടല്ലേ അയാൾ മരിക്കാൻ കാരണം. അയാൾ പറഞ്ഞു ഞാൻ നിരപരാധിയാണ്, ഞാൻ പണിതില്ല; പണിയിച്ചതേയുള്ളു. ഉടനെ പണിത ആളെ വിളിച്ചു, അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു, ഞാൻ ഈ ഭാഗം പണിതപ്പോൾ ഒരു ചെറിയ നോട്ടപ്പിശകു വന്നു. ആ ഭാഗം പണിതു കൊണ്ടിരിക്കുമ്പോൾ സുന്ദരിയായ ഒരു സ്ത്രീ അങ്ങോട്ടു കടന്നുപോയി, ആ സ്ത്രീയെ ഒന്നു നോക്കി, നോക്കിയപ്പോൾ അവിടത്തെ പണിയിൽ വന്ന വൈകല്യംകൊണ്ടാണ് ഇടിഞ്ഞു വീണത്. അതുകൊണ്ട് ഞാൻ അല്ല കുററക്കാരൻ, സ്ത്രീയാണ് കുററക്കാരി. ഉടനെ ആ സ്ത്രീയെ കൊണ്ടു വന്നു സ്ത്രീയോടു ചോദിച്ചു, നിങ്ങൾ എന്തിനാണ് ആ സന്ദർഭത്തിൽ പോയത്, നിങ്ങൾ പോയതുകൊണ്ടാണ് കൊലപാതകമുണ്ടായത്. അവർ പറഞ്ഞു എൻെറ സൗന്ദര്യംകൊണ്ടല്ല കുഴപ്പം ഉണ്ടായത്. ഞാൻ അത്ര സൗന്ദര്യം ഉള്ളവളല്ല. എൻെറ കഴുത്തിൽ ഒരു മാല കിടന്നു. സൗന്ദര്യമുള്ള ആ മാലകണ്ടിട്ട് ആ ശിൽപ്പി ഒന്നു ഭ്രമിച്ചു. അതുകൊണ്ട് എൻെറ മാലയിലാണ് നോക്കിയത്. ഈ മാല പണിത തട്ടാനുണ്ട്; തട്ടാനെ വിളിച്ചു ചോദിക്കാൻ പറഞ്ഞു. തട്ടാനോടു ചോദിച്ചു. അദ്ദേഹം നേരെയുള്ള കാര്യം പറഞ്ഞു. ഏതായാലും ഈ കാര്യത്തെസംബന്ധിച്ച് ഒരാളെ തൂക്കിയേ ഒക്കൂ, ഞാനാണെങ്കിൽ കൃശഗാത്രനാണ്. എന്നെ തൂക്കിയാൽ വലിയ തൂക്കം ഉണ്ടാകുകയില്ല; അങ്ങേപ്പുറത്തെ കടയിലെ ചെട്ടിയാരുണ്ട്. കുടവയറുള്ള നല്ല ഭാരമുള്ള അയാളെ തൂക്കണം എന്നു പറഞ്ഞു. ചെട്ടിയെ തൂക്കിലിട്ടാൽ അന്യായപുരി എന്നാണ് അതിൻെറ പേര്. മഹാനായ കെ.സി. കേശവപിള്ള വർഷങ്ങൾക്കു മുമ്പു രചിച്ച ഒരു കവിതയുടെ അർത്ഥമാണ് ഇത്. അതുപോലെ എക്സിക്യൂട്ടീവിനെയും ജുഡീഷ്യറിയെയും സംബന്ധിച്ച നമ്മുടെ പരാതി എന്തായാലും ശരി കടകവിരുദ്ധമായ ഒരു വിധിസമ്പ്രദായമാണ് ഈ രാജ്യത്തുള്ളത്. ഇങ്ങനെയുള്ളവിധി സമ്പ്രദായം ഉണ്ടാകുന്നു എന്നു പറഞ്ഞാൽ അതു ഭരണകക്ഷിയായതുകൊണ്ട് പറയണ്ടെന്നാണോ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട രാമകൃഷ്ണൻ പറയുന്നത്. ഭരണകക്ഷിക്കാരോ പ്രതിപക്ഷമോ കണ്ണടച്ചാലും ഈ രാജ്യത്ത് കണ്ണുതുറന്നു ജീവിക്കുന്ന ജനങ്ങൾ ഇതു കാണുന്നു. ജനക്ഷേമകരങ്ങളായ കാര്യങ്ങൾ കണ്ടെത്താൻ ഭരണകക്ഷിയും പ്രതിപക്ഷവും തമ്മിലുള്ള അന്തരം മറന്നു ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉന്നയിച്ചു യോജിച്ചുപോകണം. ഭരണം നന്നാകണമെങ്കിൽ ഇത്തരം കാര്യങ്ങൾക്കു പരിഹാരം കാണാനുള്ള യോജിച്ച നീക്കം ഉണ്ടാകണം. അവിടെയാണ് പ്രതിപക്ഷത്തിന്റെ റോൾ. അതു പ്രതിപക്ഷം വഹിക്കുന്നുണ്ടോ? കുറ്റം പറയുക. അതു ആർക്കും ആകാം. നമ്മുടെ രാജ്യത്തിന്റെ വിപത്തുകൾ മാറണമെന്ന ബോധത്തോടു കൂടിയുള്ള സമീപനം എത്രപേർക്കുണ്ട്. അങ്ങനെ ഒരു ചിന്ത വരാത്തിടത്തോളം കാലം ഈ ഭരണരംഗത്തു ഈ കുഴപ്പം കിടക്കും. ഏതായിരുന്നാലും ശരി ഭരണരംഗത്ത് വളരെവേഗത ഉണ്ടാകണം. ഇന്ന് ആറു മാസവും രണ്ടുകൊല്ലവും ഒക്കെ ആയ കേസുകൾ ധാരാളം ഉണ്ട്. ഞാൻ പ്രതിനിധീകരിക്കുന്ന താലൂക്കിൽ ഒരു പാലം പണിയുന്നതിനുവേണ്ടി ഒരു സെൻറുകാരനെ ഒന്നു മാററി പകരം ഒരു സെൻറു കൊടുക്കാൻ, ദീർഘകാലം പാട്ടത്തിനു കൊടുക്കാമെന്നു പറഞ്ഞത്, പാട്ടത്തിനു കൊടുക്കാൻ ജില്ലാ കളക്ടർ റെക്കമെൻറു ചെയ്ത ഒരു പേപ്പർ ഇവിടെ വന്നിട്ട് നാലു വർഷം കഴിഞ്ഞിരിക്കുകയാണ്. ഇതു മാറണമെന്നാണ് പറയുന്നത്. ന്യായമായ കാര്യങ്ങൾ പറഞ്ഞാൽ അതിനു ഒന്നോ രണ്ടോ ആഴ്ചയോ മാസമോ എടുത്താൽ തീരുമാനം ഉണ്ടാകത്തക്കവിധത്തിൽ ഭരണത്തിനു വേഗതവേണമെന്നുള്ളത് ഈ രാജ്യത്തെ ജനങ്ങൾ ഇപ്പോൾ ചിന്തിക്കുന്ന കാര്യമാണ്. ഇവിടെ നടക്കുന്ന കാര്യങ്ങൾ തുറന്നു പറയുന്നതുകൊണ്ട് സർവ്വാബദ്ധമാണ്, അത് ഇന്നലെ ഉണ്ടായതാണ് എന്നൊക്കെ രാമകൃഷ്ണൻ പറയുന്ന വാദങ്ങളോട് യോജിപ്പില്ല. ഈ കുഴപ്പങ്ങളൊക്കെ വർഷങ്ങളായി നിലനിന്നു വരുന്നതാണ്. നമ്പൂതിരിപ്പാടിന്റെ കാലത്ത് ഉള്ളതല്ല. അതിനുമുമ്പേ ഉള്ളതാണ്. ഇപ്പോഴും ഉള്ളതാണ്. ഇതു നിയന്ത്രിക്കണമെന്നു പറയുന്നതു മാത്രമേ ഇതിനു അർത്ഥമുള്ളു. അതിന്റെ ഭാഗമെന്നനിലയിൽ തിരുവനന്തപുരത്ത് സെക്രട്ടേറിയററിലുള്ള മന്ത്രിമാരെ വന്നു കാണുന്ന ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടി പാസാക്കിയിട്ടുള്ള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബില്ല് എത്രയും വേഗം നടപ്പാക്കി ഭരണത്തിൽ വികേന്ദ്രീകരണം വരുത്തുക എന്നുള്ള നടപടിയും നമ്മൾ ത്വരിതപ്പെടുത്തണം.

സർ, അതുപോലെതന്നെ അതിന്റെ കീഴിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നത് നല്ലതാണ്. ഇന്ന് ഭരണതലത്തിലെ ഏററവും താഴെ അററത്തെ യൂണിററാണ് പഞ്ചായത്ത്. ഈ പഞ്ചായത്തുകളെ മറികടന്നു കൊണ്ട് പല കാര്യങ്ങളും ഇന്നു നടക്കുന്നുണ്ട്. ഇന്ന് എസ്.എഫ്.ഡി.എ.യുടെ സഹായമുണ്ട്. ആരാണ് യഥാർത്ഥത്തിൽ സഹായം അർഹിക്കുന്ന കൃഷിക്കാരൻ, പരിപാടിയിൽ ആരെയൊക്കെ ഉൾപ്പെടുത്തണം, ആടിനെയും പശുവിനെയും ആർക്കൊക്കെ കൊടുക്കണം എന്നു കണ്ടുപിടിക്കുന്നതിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്തു കമ്മിററികൾക്കു യാതൊരു അധികാരവും ഇല്ല. ബ്ലോക്കിൽനിന്നും നേരിട്ടാണ് ചെയ്യുന്നത്. സാമൂഹ്യപ്രവർത്തനങ്ങളായാലും വികസനപ്രവർത്തനങ്ങളായാലും ശരി അതു താഴെക്കിടയിൽ ചെല്ലുമ്പോൾ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി പഞ്ചായത്തുകൾക്കു അധികാരവും അവകാശവും കൊടുക്കുകയും അവരെ മറികടന്നു പോകാതിരിക്കുന്നകാര്യത്തിൽ ഉറപ്പു വരുത്താനും ശ്രദ്ധിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഭരണം പരിഷ്കരിക്കുന്നതിന് പല റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഇ.എം.എസ്. ചെയർമാനായി ഒരു കമ്മിററിയുടെ റിപ്പോർട്ടു വന്നിട്ടുണ്ട്. വെള്ളോടി കമ്മീഷൻ റിപ്പോർട്ടുണ്ട്. അതിനെസംബന്ധിച്ചൊക്കെ വളരെക്കാലം കൊണ്ടേ പ്രസംഗിക്കാറുണ്ട്. ഈ പ്രസംഗങ്ങളൊക്കെ എത്രയോ കാലംകൊണ്ട് ഈ നിയമസഭയിൽ കേൾക്കുന്നു. ഈ ചർച്ചകളൊക്കെ ഒന്നു ചുരുക്കി, ഈ പ്രസംഗങ്ങളൊക്കെ ഒന്നു നിറുത്തി അതു നടപ്പാക്കാൻ സത്വരനടപടി സ്വീകരിക്കാൻ കഴിയുമോയെന്നുള്ളതിനെപ്പററി നമ്മൾ അവഗാഢമായി ആലോചിക്കേണ്ട കാലം സമാഗതമായിരിക്കുന്നു എന്നാണ് ഈ അവസരത്തിൽ എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്.

സർ, മറെറാരുകാര്യം ബഹുമാനപ്പെട്ട രാമകൃഷ്ണൻ പറഞ്ഞത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ റേഡിയോ പ്രഭാഷണമാണ്. അഴിമതിയുണ്ട്. അഴിമതിയുണ്ട്, സർ. അഴിമതിയുണ്ടെന്നു പറയുമ്പോൾ അത് ആർക്കെങ്കിലും ഒരു ഉപകരണമാകുമെങ്കിൽ എടുത്തുകൊള്ളട്ടെ. ഇന്ന് ഈ രാജ്യത്തെ ഉദ്യോഗസ്ഥൻമാരുടെ ഇടയിൽ അഴിമതി ക്യാൻസർപോലെ പടർന്നു പിടിച്ചിരിക്കുകയാണ്. അത് നമ്മുടെ രാജ്യത്തെ ജനങ്ങളെ യഥാർത്ഥത്തിൽ വിഷമിപ്പിക്കുന്നു. ഇതിനു പരിഹാരമുണ്ടാകണം. ചില ആളുകളുടെ അപ്രീതി ഉണ്ടാകുമെന്നു കരുതി കണ്ണടച്ചിരിക്കാൻ സാദ്ധ്യമല്ല. ഞാൻ ഒരു കാര്യം പറയാം സർ, 1.1.1977-നു മുമ്പുള്ള കൈവശ കൃഷിക്കാരെ ഒഴിപ്പിക്കാൻപാടില്ല തൽക്കാലത്തേയ്ക്ക് എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ അവിടെയൊക്കെ നടക്കുന്ന ഉദ്യോഗസ്ഥൻമാർ ചോദിക്കുന്നത് 1.1.1977-നു മുമ്പാണോ, പിമ്പാണോ, ഞങ്ങളാണ് അത് തീരുമാനിക്കുന്നത്. പുരകൾ ചുട്ടുകരിക്കുന്നു, ഫലവൃക്ഷങ്ങൾ വെട്ടി നശിപ്പിക്കുന്നു. ഉദാഹരണങ്ങൾ എത്രവേണമെങ്കിലും പറഞ്ഞുതരാം. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കടശ്ശേരി ഭാഗത്ത് 200-ൽ പരം റബ്ബർ മരങ്ങൾ കഴിഞ്ഞമാസം വെട്ടി നശിപ്പിച്ചു. ഇടുക്കി ജില്ലയിലെ അടിമാലി റേഞ്ചിൽ വാഴപാറയിൽ 13 വീടുകൾ കത്തിച്ചു നശിപ്പിച്ചു. അടിമാലിയിൽ ആറാം മൈലിൽ രണ്ടു കടകൾ കത്തിച്ചു നശിപ്പിച്ചു. തണ്ണിത്തോടു പഞ്ചായത്തിൽ തേക്കുതോട്ടിൽ വടശ്ശേരിക്കര റേഞ്ചിൽ ഏഴാന്തറ എന്ന സ്ഥലത്ത് 716 അഞ്ചു വർഷം പ്രായമായ, അടുത്ത വർഷം വെട്ടാവുന്ന റബ്ബർ വെട്ടി നശിപ്പിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 1.1.1977-നു ശേഷം കയ്യേറിയതാണോ?

ശ്രീ. ഇ. കെ. പിള്ള: 1.1.77-നു മുൻപുതന്നെ കയറിയതാണ്. സർക്കാരിന്റെ പ്രത്യക്ഷവും പരോക്ഷവുമായ പ്രേരണയോടുകൂടി അവിടെ കയറി താമസിക്കാൻ തുടങ്ങിയ ആളുകളെ കുടിയൊഴിപ്പിക്കുകയും അവരുടെ കുടിലുകൾ പൊളിച്ചുകളയുകയും ചെയ്യുകയാണ്. അവസാനം ഈ ഉദ്യോഗസ്ഥൻമാർ ചെയ്തതെന്താണെന്നറിയാമോ? കൃഷിയിറക്കണമെങ്കിൽ ഫീസ്, കൃഷിയെടുക്കണമെങ്കിൽ ഫീസ്. ഇങ്ങനെ സകലതിനും കൈക്കൂലിയാണ്. ഇവർക്കെതിരായി കൃഷിക്കാർ സംഘടിക്കുമ്പോൾ കൈക്കൂലി കിട്ടാതാകുന്നതിൽ ജ്വരം കൊണ്ടിട്ടു കാര്യമില്ല. ''നീ മന്ത്രിമാരുടെ അടുത്തുപോയി പറയെടാ'' എന്നുപറഞ്ഞ് അവരെ ശകാരിക്കുകയും അടിക്കുകയും അവർ വെള്ളം കുടിക്കുന്ന ഈററക്കുഴൽ കണ്ടിച്ചുകളയുകയുമൊക്കെയാണ് ചെയ്തിരിക്കുന്നത്. അങ്ങനെ, ഈ കർഷകർ കൈക്കൂലി കൊടുക്കുന്നില്ലെന്ന കാരണത്താൽ ഇത്തരം ദ്രോഹ പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരായി കർശനമായ

LIBRARY ARCHIVES Kerala Legislative Assembly

നടപടിയെടുക്കാൻ കഴിയണം. ഇല്ലെങ്കിൽ കല്ലിനോടും കാട്ടാനയോടും മല്ലിട്ടു ജീവിക്കുന്ന ഈ കൃഷിക്കാർ ഇതിനെ നേരിടേണ്ടതായിവരും. സർ, ഇവർക്കെതിരായി നടപടിയെടുക്കുന്നതിലൊന്നും അറച്ചു നിന്നിട്ടു കാര്യമില്ല. സത്യംപറയുന്നതുകൊണ്ട് എന്തുകുഴപ്പം വന്നാലുംശരി അതു സഹിക്കാൻ തയ്യാറാണ്.

അടുത്തതായി ഒരുകാര്യം പറയാനുള്ളത് വികസനമേഖലയെക്കുറിച്ചാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു റോഡുണ്ട്. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി ഈ കാര്യം ശ്രദ്ധിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഒരു ചെറിയ പ്രശ്നം കാട്ടുതീ ആകുന്നു. മേൽപ്പറഞ്ഞ റോഡിൽ ടാറിട്ടിട്ടില്ല. ടാർ കൊടുത്തിട്ടില്ല. ടാർകൊടുക്കുമ്പോൾ റോളർ കൊടുക്കുകയില്ല. ടാറും റോളറും കൊടുക്കുമ്പോൾ ഇഞ്ചിനീയർ ഇല്ല. ''തവിടുള്ളപ്പോ ചക്കരയില്ല, ചക്കരയുള്ളപ്പോൾ തവിടില്ല, തവിടും ചക്കരയുമുള്ളപ്പോൾ ഞാനക്കരെ'' എന്നു പറഞ്ഞ പോലെയാണ് സ്ഥിതി. അതുകൊണ്ടെന്തുണ്ടായി? ആ റോഡിൽകൂടി വണ്ടി ഓടുകയില്ല. വണ്ടിപോയാൽ പിള്ളേരു പിടിക്കും. പിള്ളേരു പിടിച്ചാൽ രക്ഷിതാക്കൾ അറിയും, രാജ്യം മുഴുവൻ വിദ്യാർത്ഥി സമരം പടരും. ഒരു എഞ്ചിനീയറെ തക്കസമയത്തുകൊടുത്ത് ഈ ജോലി ചെയ്യിപ്പിക്കാൻ നടപടിയെടുത്താൽ പ്രശ്നം പരിഹരിക്കാവുന്നതാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. ഇ.കെ. പിള്ള: സർ, ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

ശ്രീ. എ. എ. റഹീം: സർ, സത്യം പറയുന്നവർക്ക് കുറെക്കൂടി സമയം കൊടുക്കണം. അദ്ദേഹം പറയട്ടെ.

ശ്രീ. ഇ.കെ. പിള്ള: രാമകൃഷ്ണനോ പ്രതിപക്ഷമോ ഒന്നും രോഷംകൊണ്ടിട്ടു കാര്യമില്ല. എതിനും ഈ ഗവൺമെന്റ് രാജിവയ്ക്കുക എന്ന ഒരൊററ പോംവഴിയേ ഉള്ളൂ എന്നാണ് ഇ.എം.എസ്. നമ്പൂതിരിപ്പാട് പറഞ്ഞത്. അന്തരിച്ച പനമ്പിള്ളി ഗോവിന്ദമേനോൻ ഇവിടെ പറഞ്ഞ വരികളാണെനിക്ക് ഈ അവസരത്തിൽ ഓർമ്മവരുന്നത്. ''മണപ്പിച്ചുചുംബിച്ചുനക്കിക്കടിച്ചിട്ടിണങ്ങാതെ ദൂരെത്തെറിഞ്ഞാൻ കുരങ്ങൻ''. നമ്പൂതിരിപ്പാട് 1968-ൽ കാണിച്ചപോലെ കാണിക്കാൻ ഞങ്ങൾ തയ്യാറല്ല. ഈ കുഴപ്പങ്ങൾ ഇന്നുണ്ടായതല്ല. ഇ.എം.എസിന്റെ ഭരണകാലത്തും ഉണ്ടായിരുന്നു കുഴപ്പങ്ങൾ, അത് ഇന്നും ഉണ്ട്, അവ പരിഹരിക്കുന്നതിന് ഒരു ചെപ്പടിവിദ്യകൊണ്ടോ ഇന്ദ്രജാലംകൊണ്ടോ മഹേന്ദ്രജാലംകൊണ്ടോ സാധിക്കുകയില്ല. ഭരണമങ്ങിട്ടേച്ചു പോകണമെന്നാണ് അപ്പുറത്തിരിക്കുന്നവർ പറയുന്നത്. കഴിഞ്ഞ പത്തുവർഷമായി കുറുക്കൻ നടന്നപോലെ നടക്കുകയാണ്, ഇപ്പോവീഴും ഇപ്പോത്തിന്നാം എന്നും പറഞ്ഞ് നടക്കുകയാണ്? വീഴുകയില്ല. മാംസബന്ധിതമാണ്, താഴെ വീഴുകയില്ല, പിടിച്ചുവലിച്ചാലും വരത്തില്ല ഭരണത്തിന്റെ കുഴപ്പങ്ങൾ ഇല്ലാതാക്കുന്നതിന് പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും കൊണ്ടുവന്ന എല്ലാ നിർദ്ദേശങ്ങളും സ്വീകരിക്കണമെന്നാണെനിക്കു പറയാനുള്ളത്. ഈ ഗവൺമെന്റ് കാലാവധി മുഴുവൻ ഭരിക്കുമെന്നുള്ളത് അപ്പുറത്തുള്ള ആളുകൾ ഓർക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ തുറന്നുപറയുന്നതു ജനങ്ങൾക്കുവേണ്ടിയാണ്. അല്ലാതെ ഭരണമങ്ങിട്ടേച്ചുപോകാനൊന്നുമല്ല. അതിനുള്ള വെള്ളം ബാലകൃഷ്ണപിള്ളയുംമറ്റുമുള്ളവർ വാങ്ങിവച്ചു കൊള്ളണം, അതുനടക്കുന്ന കാര്യമല്ല, ഈ ഭരണം കാലാവധി മുഴുവൻ ഉണ്ടായിരിക്കുമെന്നു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

[Mr. Speaker in the Chair]

ശ്രീ. വി.ടി. സെബാസ്റ്റ്യൻ: സർ, ഞാൻ ഈ ഡിമാൻറിനെ പിന്താങ്ങുകയാണ്. ഭരണപക്ഷത്തിരിക്കുന്ന ആളുകൾ നിഷ്പക്ഷമായി നമ്മുടെ രാജ്യത്തു നടക്കുന്ന ദുഷിച്ച പ്രവണതകൾ ചൂണ്ടിക്കാണിക്കുമ്പോൾ അതു ഭരണത്തിൻെറ വൈകല്യമാണ്, ഭരണത്തിൻെറ കാര്യക്ഷമതക്കുറവാണ് എന്നരീതിയിൽ പ്രതിപക്ഷം വിമർശിക്കുന്നതിൽ എനിക്കു ഖേദമുണ്ട്. അഴിമതി സമൂഹത്തിൽനിന്നുതുടച്ചുമാററണമെന്ന അഭിപ്രായം എല്ലാ ആളുകൾക്കുമുണ്ടെങ്കിലും അതുമാററാനുള്ള ശ്രമം നമ്മുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ എന്നു നിഷ്പക്ഷമായി വിശകലനം ചെയ്യാനും അതിനുവേണ്ടി പ്രവർത്തിക്കാനുമുള്ള ഒരു തയ്യാറെടുപ്പ് ഇതുവരെ ഉണ്ടായിക്കണ്ടില്ല. അത് നമ്മുടെ ജനകീയ നേതാക്കൻമാർക്കുണ്ടായാൽ തീർച്ചയായും ഒരുപരിധിവരെ അഴിമതി തുടച്ചുനീക്കാൻ കഴിയുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഞാൻ ചോദിക്കട്ടെ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം മാത്രമുണ്ടായ ഒരു പുതിയ പ്രതിഭാസമാണോ അഴിമതി? ഈ രാജ്യം ഭരിക്കാത്ത ഒരു രാഷ്ട്രീയ പ്രസ്ഥാനവും ഇന്നില്ല. കഴിഞ്ഞകാലങ്ങളിലെല്ലാം അഴിമതി നടന്നിട്ടുണ്ട്. ആ അഴിമതി തുടച്ചുനീക്കാനുള്ള ശ്രമം നടത്തുന്നതിനു പകരം ആരെങ്കിലും ഭരണരംഗത്തിരുന്നുകൊണ്ട് അഴിമതിയുണ്ടെന്നു പറഞ്ഞാൽ അതു ഭരണത്തിൻെറ കോട്ടംകൊണ്ടുണ്ടായതാണെന്നു പറയുകയും ആ ഗവൺമെൻറിനെ തകിടം മറിക്കാനുള്ള പ്രക്രിയയുമായി മുന്നോട്ടു നീങ്ങുകയും ചെയ്യുന്നതാണ് അഴിമതി വളരാനിടയാക്കുന്നത്. ഏതെങ്കിലും ഉദ്യോഗസ്ഥൻ അഴിമതി കാണിച്ചാൽ അയാൾക്കെതിരായി നടപടി സ്വീകരിച്ചാൽ അയാളെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുവേണ്ടി അയാളുടെ ന്യൂനതകൾ മാച്ചുവച്ചുകൊണ്ട് അതിൻെറ പിറകേ പോകുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളാണിവിടെയുള്ളത്. അഴിമതിയെക്കുറിച്ച് ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞു. അദ്ദേഹത്തിൻെറ പാർട്ടി ഭരിച്ചത് മാവേലി നാടുഭരിച്ചതുപോലെ ആയിരുന്നു എന്നു പറയാൻ കഴിയുമോ? തീർച്ചയായും അല്ല. അപ്പോൾ, നമ്മുടെ സമൂഹത്തിലുണ്ടായിരിക്കുന്ന അഴിമതി എവിടെനിന്നുത്ഭവിക്കുന്നു, അതു വളരാനുള്ള കാരണമെന്ത് എന്നുള്ളതു മനസ്സിലാക്കി പ്രവർത്തിക്കാനുള്ള ഒരു സമീപനമാണ് നമ്മൾ സ്വീകരിക്കേണ്ടത് എന്നാണെനിക്ക് പൊതുവായി അഭ്യർത്ഥിക്കാനുള്ളത്.

സർ, ഈ രാജ്യത്ത് പോലീസ് നീതി പ്രവർത്തിക്കുന്നില്ല എന്ന് ബഹുമാനപ്പെട്ട മേനോൻ സംസാരിച്ചപ്പോൾ പറഞ്ഞു, അടിയന്തിരാവസ്ഥക്കാലത്തുണ്ടായിരുന്ന അച്ചടക്കം അതേരീതിയിൽ തുടരുന്നില്ല എന്നകാര്യം അംഗീകരിക്കാൻ ഞാൻ തയ്യാറാണ്. പക്ഷേ അടിയന്തിരാവസ്ഥയ്ക്കുമുൻപ് നമ്മുടെ രാജ്യത്തു നിലനിന്നിരുന്നസ്ഥിതിയും ഇന്ന് ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന സിററുവേഷനും നിഷ്പക്ഷമായി വിശകലനം ചെയ്യുമ്പോൾ തീർച്ചയായും നമ്മുടെ സംസ്ഥാനത്ത് ലാ ആൻഡ് ഓർഡർ ഭംഗിയായി നടക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നു തെളിയിക്കാൻ കഴിയും. മാർക്സിസ്റ്റ് പാർട്ടി ഭൂമിപിടിച്ചെടുക്കൽസമരം നടത്തിയപ്പോൾ പോലീസ് അതിനെതിരായി പ്രവർത്തിച്ചപ്പോൾ അതു പോലീസിന്റെ ഭാഗത്തുള്ള ക്രമക്കേടാണെന്നവർക്കു തോന്നിയിരിക്കാം. അതുപോലെ ആർ.എസ്.എസ്. കാരുടെ അക്രമം തടയുന്നതിനുവേണ്ടി പോലീസ് പ്രവർത്തിച്ചാൽ അതും പോലീസിന്റെ മോശമായ പ്രവർത്തനമാണെന്ന് ആർ.എസ്.എസ്. പ്രവർത്തകർക്കു തോന്നിയേക്കാം. കൃഷിക്കാർ അവരുടെ ഉൽപ്പന്നങ്ങളുമായി മാർക്കററിൽ പോകുമ്പോൾ അവരെ ചൂഷണം ചെയ്യുന്ന കവലച്ചട്ടമ്പിമാരുടെ ദുഷിച്ച പ്രവണതകൾ അമർച്ചചെയ്യുന്നതിനുവേണ്ടി പോലീസ് ഔട്ട് പോസ്ററുകൾ സ്ഥാപിച്ചു പ്രവർത്തിക്കുന്നത് അവരുടെ ഭാവനയിൽ മോശമാണെന്നുവരാം. ഏതുഭാഗത്തുനിന്നു നോക്കിയാലും പോലീസ് നിഷ്പക്ഷ മായും നീതിപ്പൂർവ്വകമായും പ്രവർത്തിക്കുന്നതിന്റെ വ്യക്തമായ തെളിവുകൾ കാണാൻകഴിയും. മററു സംസ്ഥാനങ്ങളിലെ സ്ഥിതികളെക്കുറിച്ചൊക്കെ പത്രത്തിൽ വരാറുണ്ട്. ഹരിജനങ്ങളെ മർദ്ദിക്കുന്നു, കൊന്നൊടുക്കുന്നു, അതിനെതിരായി കർശനമായ നടപടി സ്വീകരിക്കാൻ ഇൻഡ്യയിലെ പല സംസ്ഥാനങ്ങളും തയ്യാറാകാതിരിക്കുന്ന ഒരു കാലയളവിൽ നാം അതെങ്ങനെയാണുകൈകാര്യം ചെയ്യുന്നതെന്നുള്ളതിനെപ്പററി ചിന്തിച്ചിട്ട് വിമർശിക്കുന്നതായിരിക്കും നല്ലതെന്നാണെനിക്കു പറയാനുള്ളത്.

ഇപ്പോൾ ഇൻഡ്യയിൽ പൊതുവിൽ മണ്ണെണ്ണയ്ക്ക് ക്ഷാമം ഉണ്ടായിക്കൊണ്ടിരിക്കുന്നു. പത്രത്തിൽ കാണുന്ന കാര്യമാണ്. നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം മണ്ണെണ്ണയ്ക്ക് ക്ഷാമം ഇല്ല. കാരണം എന്താണ്?

<u>ശ്രീ. പി.ബി.ആർ. പിള്ള</u>: സർ ഒരു ചോദ്യം, കേരള കോൺഗ്രസിന്റെ ചെയർമാൻ എന്ന നിലയ്ക്ക് അങ്ങ് അങ്ങയുടെപാർട്ടിക്ക് നിർദ്ദേശം കൊടുക്കുമോ; നമ്മുടെ പാർട്ടിപ്രവർത്തകരാരും ഹരിജന ദ്രോഹ നടപടികൾ സ്വീകരിക്കരുത് എന്ന്.

<u>ശ്രീ. വി. ടി. സെബാസ്ററ്യൻ</u>: ഇൻഡ്യയിലെ പൊതുവായ സ്ഥിതിഗതികൾ ഞാൻ ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. ബീഹാറിൽ നടന്നത് എന്താണെന്നു ഞാൻ പറയാതെതന്നെ പി. ബി. ആർ. പിള്ളയ്ക്ക് അറിയാമല്ലോ?

കഴിഞ്ഞ ഏതാനും മാസങ്ങളായി മണ്ണെണ്ണയുടെ വിൽപ്പനയിൽ ഒരു ലക്ഷത്തിൽപ്പരം ലിററിന്റെ കുറവു വന്നിരിക്കുന്നു. എന്താണ് കാരണം? പെട്രോളിൽ മായം ചേർക്കുന്നത് കർശനമായി തടയുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയതിന്റെ അനുഭവം ആണ് അത്. ഇങ്ങനെ വിൽപ്പനയിൽ ഒരുലക്ഷത്തിൽപ്പരം ലിററർ കുറവു വന്നത് മണ്ണെണ്ണയുടെ ഉപയോഗം കുറഞ്ഞതിന്റെ അടിസ്ഥാനത്തിലല്ല. പെട്രോളിൽ ചേർക്കുന്ന മായം കുറഞ്ഞതിന്റെ അടിസ്ഥാനത്തിലാണെന്നു വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. നമുക്കറിയാം നമ്മുടെ രാജ്യത്ത് ഉദ്യോഗസ്ഥൻമാർക്ക് ശമ്പള വർദ്ധനവ് ഏതുകാലഘട്ടത്തിലെല്ലാം ഉണ്ടായിട്ടുണ്ടോ ആ കാലഘട്ടത്തിലെല്ലാം നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി കുതിച്ചുകയറുന്ന അനുഭവമാണ് ഉണ്ടായിട്ടുള്ളത് എന്ന്. അടുത്തകാലത്ത് ഉദ്യോഗസ്ഥൻമാരുടെ ശമ്പളം വർദ്ധിപ്പിച്ചു. അതുപോലെതന്നെ കേന്ദ്ര ഗവൺമെൻറുകൊണ്ടുവന്ന

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജററിന്റെ അടിസ്ഥാനത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ടോ? സംസ്ഥാന ഗവൺമെൻറാകട്ടെ കേന്ദ്ര ഗവൺമെൻറാകട്ടെ, ബഡ്ജററ് അവതരിപ്പിച്ചാൽ അതിനു ശേഷം കുറെ കാലത്തേക്ക് നമ്മുടെ രാജ്യത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഉണ്ടാകുന്ന ഗണ്യമായ വർദ്ധനവ് ഈ ഘട്ടത്തിൽ ഉണ്ടായിട്ടുണ്ടോ എന്നു നിഷ്പക്ഷമായി വിലയിരുത്തുമ്പോൾ കഴിഞ്ഞകാലത്തെ അപേക്ഷിച്ച് അനാവശ്യമായ വിലവർദ്ധനവ് ഒഴിവാക്കാൻ നമ്മുടെ ഗവൺമെൻറിന് കഴിഞ്ഞുവെന്നത് മനസ്സിലാക്കാൻ സാധിക്കും. ഇങ്ങനെ ഓരോ രംഗത്തെപ്പററിയും നിഷ്പക്ഷമായി വിശകലനം ചെയ്യാനുള്ള മനോഭാവം ഉണ്ടാകണമെന്നാണ് എനിക്കു അഭ്യർത്ഥിക്കുവാനുള്ളത്.

ജില്ലാ ഭരണ ബില്ല് പാസ്സായി. അധികാര വികേന്ദ്രീകരണത്തെ കുറിച്ച് ഈ ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ തീർച്ചയായും ബ്രിട്ടീഷുകാർ തുടങ്ങിവച്ച സിവിൽ സമ്പ്രദായം അഴിച്ചു പണിയാനുള്ള കാര്യത്തെപ്പററി കൂടിആലോചിക്കണമെന്നാണ് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഇന്ന് വില്ലേജ് ആഫീസർ ഏതെങ്കിലും ആവശ്യത്തിനുവേണ്ടി റിപ്പോർട്ട് എഴുതിയാൽ അതു ഗവൺമെൻറിന്റെ പരിഗണനയിൽ വരുന്നതിനു മുമ്പായി എത്ര ഉദ്യോഗസ്ഥൻമാർ അതു കാണേണ്ട സാഹചര്യമാണ് ഉള്ളതെന്ന് നാം ചിന്തിക്കണം. ഇത്രമാത്രം പ്രോസസിംഗ് ഈ പ്രശ്നത്തിൻമേൽ നടത്തേണ്ടതുണ്ടോ എന്നു നാം ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. അതുകൊണ്ട് അധികാര വികേന്ദ്രീകരണം നടത്തുകയും പഴയ സിവിൽ സർവ്വീസ്സ് സമ്പ്രദായം ഭേദഗതി ചെയ്യുകയും ചെയ്തുകൊണ്ട് കൂടുതൽ ആഫീസുകൾ സ്ഥാപിച്ച് ജനങ്ങളുടെ ബുദ്ധിമുട്ടുകളും ഉദ്യോഗസ്ഥൻമാരുടെ ഇറഗുലാരിററിയും കുറയ്ക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. വില്ലേജ് ആഫീസർമാർ എഴുതുന്ന റിപ്പോർട്ട്, ഫർക്ക ആഫീസർ കണ്ട് അതിനുശേഷം കളക്ടറേററിലെ ഉദ്യോഗസ്ഥൻമാർ കണ്ട്, അതിനുശേഷം കളക്ടർ കണ്ട്, അതിനുശേഷം റവന്യൂ ബോർഡിലെ ഉദ്യോഗസ്ഥൻമാർ കണ്ട് അതിനുശേഷം സെക്രട്ടേറിയററിൽ എത്തുന്നു. അങ്ങനെ വില്ലേജാഫീസർ എഴുതുന്ന കടലാസിലെ അക്ഷരത്തിന്റെ ന്യൂനതകൾ കണ്ടുപിടിക്കാൻ നമ്മുടെ ഉദ്യോഗസ്ഥൻമാരുടെ വിലയേറിയ സമയം മിനക്കെടുത്തുന്ന ഈ രീതി മാററണം. ഇത്രയും പ്രോസസിംഗ് ഇല്ലാത്ത രീതിയിൽ ആക്കുകയാണെങ്കിൽ തീർച്ചയായും നമ്മുടെ ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിക്കും, കാലതാമസം ഒഴിവാക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. താമസിച്ചുകിട്ടുന്ന നീതി അനീതിയായി മാത്രമേ ജനങ്ങൾ കാണുകയുള്ളു. കാലതാമസത്തിന്റെ പേരിൽ ബുദ്ധിമുട്ടുകൾ ഉണ്ടായാൽ തീർച്ചയായും ജനങ്ങൾ ഗവൺമെൻറിനെ പഴിക്കും. അതുകൊണ്ട് നമ്മുടെ ഈ ഗവൺമെൻറിന്റെ നല്ല പരിപാടികൾ നടപ്പാക്കുന്നത് ഏററവും വേഗത്തിൽ നടപ്പാക്കുന്നതിനുവേണ്ടി ഒരു അഴിച്ചുപണി ഈ സിവിൽ സർവ്വീസ്സിൽ നടത്തണമെന്ന അഭ്യർത്ഥനയാണ് ഉള്ളത്.

ജനസംഖ്യാവർദ്ധനവിന് അനുയോജ്യമായ രീതിയിൽ റവന്യൂ ഡിപ്പാർട്ടുമെൻറ് പുനഃസംഘടിപ്പിച്ചിട്ടില്ല. മലയോര പ്രദേശത്ത് ജനങ്ങൾ കുടിയേറിപ്പാർത്തതിന്റെ അടിസ്ഥാനത്തിൽ വികസിക്കാത്ത ചില ഡിപ്പാർട്ടുമെൻറുകൾ ഉണ്ടെന്നു പറയാതെയിരിക്കാൻ നിവൃത്തിയില്ല. പഞ്ചായത്തുകളുടെ എണ്ണം വർദ്ധിപ്പിച്ചു, സബ്‌രജിസ്ട്രാർ

LIBRARY ARCHIVES Kerala Legislative Assembly

ആഫീസുകളുടെയും സബ്ട്രഷറികളുടെയും എണ്ണം വർദ്ധിപ്പിക്കുന്നു. അങ്ങനെ ഈ രാജ്യത്ത് വിവിധ ഡിപ്പാർട്ടുമെൻറുകളുടെ എണ്ണം വർദ്ധിപ്പിച്ചപ്പോൾ വില്ലേജാഫീസുകളുടെ എണ്ണം ഇതേവരെ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. താലൂക്കാഫീസുകളുടെ എണ്ണവും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ആ രീതിയിൽ റവന്യൂ ഡിപ്പാർട്ടുമെൻറിൽ ആകെ പൊളിച്ചെഴുത്തു നടത്തണമെന്ന അഭിപ്രായമാണുള്ളത്. കഴിഞ്ഞ പ്രാവശ്യം ഇതിനു മറുപടി പറഞ്ഞപ്പോൾ—മുഖ്യമന്ത്രി ഇതു മനസ്സിലാക്കേണ്ടതുണ്ട്. ഏററവും വേഗം അതിനാവശ്യമായ രീതിയിൽ നടപടികൾ സ്വീകരിക്കുമെന്നു പറഞ്ഞിട്ടുണ്ട്. ആ കാര്യങ്ങൾ താമസംവിനാ നടപ്പിലാക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. അഞ്ചോ ആറോ പഞ്ചായത്തുകൾ ചേർത്ത് പുതിയ താലൂക്കുകൾ രൂപീകരിച്ചാൽ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനും ഉദ്യോഗസ്ഥൻമാരുടെ വർക്കുലോഡ് കുറയ്ക്കാനും കഴിയും. ഒരു പഞ്ചായത്ത് ഒരു വില്ലേജായി മാറിയാൽ ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനങ്ങൾ ഇരട്ടിച്ചുപോകുന്ന സ്ഥിതിയുണ്ടാകും. പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനവും റവന്യൂ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനവും ഏറെക്കുറെ സാമ്യമുള്ളതാണ്. അതുകൊണ്ട് ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുപോകാനുള്ള സംവിധാനത്തെപ്പററി ഗവൺമെൻറ് ആലോചിക്കണം എന്നാണ് പറയുവാനുള്ളത്. വിവിധ ഡിപ്പാർട്ടുമെൻറുകൾ യോജിച്ചു പ്രവർത്തിക്കാത്തതിൻെറ പേരിൽ സാമ്പത്തിക നഷ്ടവും വികസന പ്രവർത്തനങ്ങൾക്കു കാലതാമസവും ഉണ്ടാകുന്നുവെന്നുള്ളത് നാം ചിന്തിക്കണം. ഉദാഹരണമായി പൊതുമരാമത്തു വകുപ്പ് റോഡു നിർമ്മിക്കാനുള്ള പ്രവർത്തനവുമായി മുന്നോട്ടു പോയി റോഡിൻെറ പണി പൂർത്തിയാക്കുന്നു. ടാർ ഇട്ടതിനുശേഷമാണ് പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറുകാർ ശുദ്ധജല വിതരണ നടപടികളുമായി മുന്നോട്ടു വരുന്നത്. ടാർ ഇട്ട് ഭംഗിയാക്കിയ ആ റോഡ് വെട്ടിക്കുഴിച്ച് ശുദ്ധജല വിതരണ പ്രവർത്തനങ്ങളുമായി പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറ് പോകുകയാണ്. ആ റോഡിൽക്കൂടെ ശുദ്ധജല വിതരണം നടത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യമെ ആ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങളുമായി ഏകോപിച്ചു പ്രവർത്തിച്ചിരുന്നുവെങ്കിൽ തീർച്ചയായും സാമ്പത്തികമായ നഷ്ടം ഉണ്ടാകാതെ നോക്കാമായിരുന്നു. ഓരോ ഡിപ്പാർട്ടുമെൻറിൻേറയും പ്രവർത്തനം ഇങ്ങനെ ഏകോപിപ്പിച്ചുകൊണ്ടുപോകണം.

ഗവൺമെൻറ് ആവശ്യത്തിനുവേണ്ടി കെട്ടിടം പണിയുന്നു എന്നിരിക്കട്ടെ. ആ കെട്ടിടത്തിനുവേണ്ടി പണി പൂർത്തിയായതിനുശേഷം പി.ഡബ്ലിയു.ഡി.യിലെ ഇലക്ട്രിക്കൽ വിംഗ് വന്ന് അതിൽ എങ്ങനെ വയറിംഗ് നടത്തണം, എവിടെ ഫാൻ ഫിററു ചെയ്യണം, എവിടെ ട്യൂബ്ലൈററ് ഫിററു ചെയ്യണം എന്നുള്ളതിനെപ്പററി പരിശോധിച്ച് എസ്ററിമേററു തയ്യാറാക്കി പണി നടത്താൻ വരുന്നതുകൊണ്ട്, പണി പൂർത്തിയായ കെട്ടിടം ആറു മാസം വരെ തുറന്നു അതിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നു.

അതുപോലെതന്നെ ഇലക്ട്രിസിററി വിതരണത്തിനുവേണ്ട നടപടികളെല്ലാം എടുത്തതിനുശേഷം ഗ്രാമങ്ങളിൽ ഇലക്ട്രിക് കണക്ഷനുവേണ്ടി വർഷങ്ങളോളം കാത്തുനിൽക്കേണ്ട ഗതികേട് ഉണ്ട്. നമ്മുടെ വികസന രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഡിപ്പാർട്ടുമെൻറുകൾ യോജിച്ചു പ്രവർത്തിക്കാത്തതിൻെറ പേരിൽ അനാവശ്യമായ കാലതാമസവും

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടും പണച്ചെലവും ഉണ്ടാകുന്നത് ഒഴിവാക്കാൻ ഓരോ ജില്ലയിലേയും പ്രവർത്തനങ്ങൾ കോ-ഓർഡിനേററു ചെയ്തുകൊണ്ടു പോകാൻ ഉള്ള സംവിധാനത്തെപ്പററി നമ്മുടെ ഗവൺമെൻറ് കാര്യമായി ചിന്തിക്കുകയാണെങ്കിൽ ഇന്ന് നമ്മുടെ ബഡ്ജററിൽ ചെലവഴിക്കുന്ന അത്രയും തുകകൊണ്ട് ഇതിനെക്കാൾ കൂടുതൽ വികസനപ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

അതുപോലെതന്നെ ഗ്രാമങ്ങളിലെ ജനങ്ങളുടെ പങ്കാളിത്തത്തോടു കൂടി റോഡുകൾ നിർമ്മിക്കുന്നുണ്ട്. ക്രാഷ് പ്രോഗ്രാം അനുസരിച്ചും ഫുഡ് ഫോർ വർക്സ് സ്കീം അനുസരിച്ചും മണ്ണുവേല തീർക്കുന്നതിനു വേണ്ടിയുള്ള തുക അനുവദിക്കാറുണ്ട്. പക്ഷേ ആ റോഡു നിർമ്മാണത്തിന് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറുകാരുടെ സഹകരണം വളരെ കുറവാണ്. അതുകൊണ്ട് ആ റോഡ് പി.ഡബ്ലിയു.ഡി. ഏറെറടുക്കുമ്പോൾ ലൈൻ പലതും മാറേറണ്ടിവരും. അതുകൊണ്ടു കൃഷിക്കാരുടെ അദ്ധ്വാനം വർദ്ധിക്കുന്നു. കടന്നുപോകുന്ന ഭൂമിയിൽ ദേഹണ്ഡം വർദ്ധിക്കുന്നു. ഇങ്ങനെ പല രീതിയിലുള്ള നഷ്ടങ്ങൾ ഒഴിവാക്കാൻ കഴിയുന്നതാണ്. അതുകൊണ്ടു ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്ന ആ കാര്യങ്ങൾ ധൃതഗതിയിൽ കൊണ്ടു പോകുന്നതിന് നമ്മുടെ രാജ്യത്തെ വിവിധ ഡിപ്പാർട്ടുമെൻറുകളുടെ സഹകരണം ഉണ്ടാകുകയാണെങ്കിൽ വേഗത്തിൽ വികസനപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

പ്രധാനമായി പറഞ്ഞ ആക്ഷേപം, തൊഴിലില്ലായ്മ നമ്മുടെ സംസ്ഥാനത്ത് വർദ്ധിക്കുന്നു, അതുപോലെതന്നെ അഴിമതി നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. അത് വളരെ ഗൗരവത്തോടുകൂടി നാം കാണേണ്ട കാര്യമാണ്. ഭരണകക്ഷിയിലുള്ള ആളുകൾക്ക് അഴിമതിയെപ്പററി സംസാരിക്കാൻ അവകാശം ഇല്ല എന്നുള്ള രീതിയിൽ പ്രതിപക്ഷം കാണരുത് എന്നാണ് വിനീതമായി പറയാനുള്ളത്. അഴിമതി തുടച്ചുമാററാൻ വിഘാതമായി നിൽക്കുന്നത് കാലതാമസമാണെന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ഒരാൾ ഒരു കാര്യം നടത്തുന്നതിനുവേണ്ടി തിരുവനന്തപുരത്തു വരുന്നതിന് അമ്പതു രൂപ ചെലവാക്കി എന്നിരിക്കട്ടെ. ഒരു പ്രാവശ്യം വരുമ്പോൾ ആ കാര്യം നടക്കുകയില്ലെന്നു കണ്ടാൽ, രണ്ടാമത്തെ പ്രാവശ്യം വരേണ്ടി വരുന്ന ചെലവ് ഏതു മാർഗ്ഗത്തിലെങ്കിലും ചെലവഴിച്ച് എളുപ്പത്തിൽ കാര്യം നേടിക്കൊണ്ടുപോകാനുള്ള ആളിൻെറ വ്യഗ്രത അഴിമതിക്കു കാരണമായിത്തീരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ രീതിയിൽ ഓരോ കാര്യങ്ങളും നടപ്പാക്കുന്നതിനുവേണ്ടിവരുന്ന കാലതാമസം ഒഴിവാക്കിയാൽ കുറെയൊക്കെ അഴിമതി ഇല്ലാതാക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ന്യായമായ കാര്യങ്ങൾ പരിഹരിച്ചുകൊടുക്കത്തക്കവണ്ണം ഉള്ള സംവിധാനം പുനരാവിഷ്കരിച്ചാൽ അഴിമതി ഒരു പരിധിവരെ തടയാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ആ രീതിയിലുള്ള നടപടികളെപ്പററി ഗവൺമെൻറു ചിന്തിക്കണം. പക്ഷേ അഴിമതിയെ പ്രോൽസാഹിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ ഭാഗത്തു നിന്നു കാണുന്നുണ്ട്. ചില നല്ലകാര്യങ്ങൾ എന്നുള്ള ഭാവനയിൽ ഗവൺമെൻറു ചെയ്യുന്ന കാര്യങ്ങൾ ദുർവ്യാഖ്യാനം ചെയ്യുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായിരിക്കുന്നു. ഈ അടുത്തകാലത്ത് ഉണ്ടായ അനുഭവം ഞാൻ ഓർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്കൂട്ടറിൽ സഞ്ചരിക്കുന്നവർ ഹെൽമററു ധരിക്കുന്നത് അവരുടെ ആയുസ് സംരക്ഷിക്കുന്നതിനുവേണ്ടിയാണ്. സ്കൂട്ടർ വാങ്ങുന്ന ആളിന് ഒരു ഹെൽമെററു വാങ്ങാൻ കഴിയുകയില്ലെന്നു പറഞ്ഞാൽ അതിൽ വലിയ അർത്ഥമൊന്നുമുണ്ടെന്നു തോന്നുന്നില്ല. അവരുടെതന്നെ ജീവൻ രക്ഷിക്കാൻ ഗവൺമെൻറ് ഏർപ്പെടുത്തിയ നിയമത്തെ അവർ എതിർക്കുകയാണ്. ആ ചിന്താഗതിയാണ് ഇന്നു സമൂഹത്തിലുള്ളത്. ഞാൻ ഒരുദാഹരണം ചൂണ്ടിക്കാണിച്ചുവെന്നു മാത്രമേയുള്ളു. അങ്ങനെ ചില മണ്ഡലങ്ങളിലേക്കു തിരിഞ്ഞുനോക്കുമ്പോൾ സാമൂഹ്യവിരുദ്ധ പ്രവണതകളാണിതെന്നു നിഷ്പക്ഷമായി ചിന്തിക്കുന്നവർക്കു തോന്നും. അതിനെ വളർത്തുന്ന ചിന്താഗതി ഇന്നു സമൂഹത്തിലുണ്ട്. ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരെ മോശക്കാരായി ചിത്രീകരിക്കുകയും അലംഭാവം കാണിച്ച് ഉഴപ്പൻമാരായി നടക്കുന്ന സമൂഹമല്ലേ ഇന്നു നമ്മുടെയിടയിലുള്ളത് എന്നുള്ളതിനെപ്പററി മനസ്സിലാക്കിക്കൊണ്ട് ഈ പോരായ്മകൾ തുടച്ചുനീക്കാനുള്ള സഹായസഹകരണങ്ങൾ എല്ലാ ഭാഗത്തുനിന്നും ആ രീതിയിൽ പോകുന്ന ഗവൺമെൻറിൻെറ പ്രവർത്തനം കുറച്ചുകൂടി മെച്ചമാക്കുന്നതിനുള്ള സഹായസഹകരണങ്ങൾ പ്രതിപക്ഷഭാഗത്തുനിന്നുണ്ടാകണമെന്നും അങ്ങനെ ക്രിയാത്മകമായ നിർദ്ദേശങ്ങളോടുകൂടി യോജിച്ചുപോകാൻ തയ്യാറാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ ഉപസംഹരിക്കുകയാണ്.

ശ്രീ. പി. സിറിയക് ജോൺ: സർ, ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് ശ്രീ. ടി.കെ. രാമകൃഷ്ണൻ പ്രസംഗിച്ചപ്പോൾ പഴകിത്തേഞ്ഞ പദങ്ങൾ അദ്ദേഹം വീണ്ടും എടുത്തുപയോഗിച്ചു. ഈ ഗവൺമെൻറ് അഴിമതിനിറഞ്ഞ ഗവൺമെൻറാണ്, അതുകൊണ്ടു രാജിവയ്ക്കണം.-ഇതാണ് അപ്പുറത്തുനിന്നു സ്ഥിരമായി പറയാറ്. അദ്ദേഹം മാത്രമല്ല ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടും കഴിഞ്ഞതവണ വന്നപ്പോൾ അതാവർത്തിച്ചു. നമ്മുടെ ഭരണരംഗത്ത് അഴിമതിയില്ലെന്ന് ആരെങ്കിലുമവകാശപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അഴിമതിയുള്ളതുകൊണ്ടുമാത്രം ഗവൺമെൻറു രാജിവയ്ക്കണമെന്നാണെങ്കിൽ ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടിൻെറ ഗവൺമെൻറ് ഒരു ദിവസം പൂർത്തിയാക്കുന്നതിനുമുൻപു രാജിവയ്ക്കേണ്ടതായിരുന്നില്ലേ? പറഞ്ഞുപറഞ്ഞ് പുതിയ പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പറുടെ നിയമനത്തിൽവരെ അഴിമതിയുണ്ടെന്ന് പറഞ്ഞു. ശ്രീ. പിരപ്പൻകോടു ശ്രീധരൻ നായർ പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പറായി നിയമിക്കപ്പെട്ടതും അദ്ദേഹം ഒടുവിൽ സ്വന്തം നിയോജകമണ്ഡലത്തിൽ തിരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ അനുഭവിക്കേണ്ടിവന്നതും ജനങ്ങൾക്കറിയാം. എന്നുവിചാരിച്ച് മാർക്സിസ്ററുപാർട്ടി മാററത്തിന് തയ്യാറാകുന്നില്ലെന്നു ഞാൻ പറയുന്നില്ല. സർ, അഴിമതി എന്നുള്ള യാഥാർത്ഥ്യത്തിനുനേരെ ആരും കണ്ണടയ്ക്കണ്ട. പക്ഷേ അഴിമതിയുണ്ട് എന്നുള്ളതിൻെറ പേരിൽ മാത്രം ഗവൺമെൻറിനു നിലനിൽക്കാനവകാശമില്ല, രാജിവയ്ക്കേണ്ടതാണ് എന്ന വാദഗതി ഇവിടെ ആത്മാർത്ഥതയുള്ള ആർക്കും ഉന്നയിക്കാൻ അവകാശമില്ല, അർഹതയില്ല. സർ, എന്തുകൊണ്ട് അഴിമതി ഉണ്ടാകുന്നു? സമയമില്ലാത്തതുകൊണ്ട് ഞാനതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. മുതലാളിത്തവ്യവസ്ഥിതി നിലനിൽക്കുന്നിടത്തോളം കാലം അഴിമതിയും അതിൻെറ ഒരു ഭാഗമാണ്; അതു നിർമ്മാർജ്ജനം ചെയ്യാമെന്നു വിശ്വസിക്കുന്നതുതന്നെ മൗഢ്യമാണ്. അപ്പോൾ ഈ വ്യവസ്ഥിതി ഉടച്ചുവാർക്കാൻ യോജിക്കാവുന്നവരൊക്കെക്കൂടി യോജിച്ച് ഒരു സമീപനം സ്വീകരിക്കുകയല്ലേ വേണ്ടത്? അല്ലാതെ ശകാരിച്ചും കുററംപറഞ്ഞും

LIBRARY ARCHIVES Kerala Legislative Assembly

വഴുതിപ്പോകുകയാണോ വേണ്ടത്? അഖിലേന്ത്യാതലത്തിൽത്തന്നെ രാഷ്ട്രീയരംഗത്ത് ഇന്ന് ഈ രാജ്യത്തു നിലനിൽക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പുനർവിചിന്തനം നടക്കുന്നു. കേന്ദ്രം ഭരിക്കുന്ന ജനതാഗവൺമെൻറ് ഈ രാജ്യത്ത് മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളമോ ഭാഷാന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളമോ അതല്ല പിന്നോക്കജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളമോ ഏതെങ്കിലും തരത്തിൽ നീതി എത്തിച്ചുകൊടുക്കുമെന്നു പ്രതീക്ഷിക്കാവുന്ന ഒരു ഗവൺമെൻറാണോ? സർ, ഇത് മൊറാർജി ദേശായി പിൻതിരിപ്പനായതുകൊണ്ടാണെന്നു ഞാൻ കുററപ്പെടുത്തുന്നില്ല. ശ്രീ. ചന്ദ്രശേഖരൻ സോഷ്യലിസ്ററല്ലെന്നോ ആദർശനിഷ്ഠയുള്ള ആളല്ലെന്നോ ഞാൻ കുററപ്പെടുത്തുന്നില്ല. അവരെത്ര ആത്മാർത്ഥതയുള്ളവരായാലും നീതി നിർവ്വഹിക്കുന്ന കാര്യത്തിൽ അവർ നിസ്സഹായരാണെന്നുള്ളതാണു സത്യം. ശ്രീ. പി.ബി.ആർ. പിള്ള മുഖം ചുളിച്ചിട്ടു കാര്യമില്ല. അവരെ നയിക്കുന്നത് ആർ.എസ്.എസ്സുകാരും ജനസംഘക്കാരുമാണ്. ഈ രാഷ്ട്രത്തെ ഹിന്ദുരാഷ്ട്രമാക്കിമാററാൻ പ്രതിജ്ഞാബദ്ധരാണവർ. ഹിന്ദുരാഷ്ട്രമാക്കുക മാത്രമായിരുന്നെങ്കിൽ പോകട്ടെ; തൊണ്ണൂറുശതമാനം ഹിന്ദുക്കളുള്ളിടത്ത് അതിൽ വലിയ ഉത്കണ്ഠയ്ക്കു കാര്യമില്ല. പഴയ ചാതുർവർണ്ണ്യ വ്യവസ്ഥ പുനഃ പ്രതിഷ്ഠിക്കുകയാണവരുടെ ലക്ഷ്യം. ഗുരുജി ഗോൾവാൾക്കറെ ഒന്നും ഞാൻ ഉദ്ധരിക്കുന്നില്ല. ആർ.എസ്.എസ്സിൻെറയും ജനസംഘത്തിൻെറയും നീരാളിപ്പിടിത്തത്തിൽ പെട്ടിട്ടുള്ള ചന്ദ്രശേഖറും ദേശായിയും പി.ബി.ആർ. പിള്ളയും എപ്പോൾ അതിൽനിന്നു പുറത്തുചാടുന്നുവോ അപ്പോൾ മാത്രമേ, ഏതു നിമിഷത്തിൽ ആ തടവറയിൽനിന്നുപുറത്തു ചാടുന്നുവോ, അപ്പോൾ മാത്രമേ അവർക്ക് അടിസ്ഥാനപരമായ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളു.

(തടസ്സം)

വെറുതേ, കാര്യം പറയുമ്പോൾ തുള്ളലിൻെറ ആവശ്യമുണ്ടോ? അടിസ്ഥാനപരമായ പ്രശ്നങ്ങളെ കാണാതിരുന്നിട്ടു കാര്യമില്ല. അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ അഴിമതിയുണ്ട്; പ്രതീക്ഷയ്ക്കനുസൃതമായി ഭരണത്തിൻെറ അനുഭവങ്ങൾ ഉണ്ടാകുന്നില്ലെന്നു വന്നാൽ ഏതെങ്കിലും ഉദ്യോഗസ്ഥനെയോ തലപ്പത്തിരിക്കുന്ന മന്ത്രിയേയോ മാത്രം പഴിപറഞ്ഞാൽ പ്രശ്നത്തിനു പരിഹാരമാവുകയില്ലെന്നാണു ഞാൻ പറഞ്ഞത്. ഇതാണ് കേന്ദ്രം ഭരിക്കുന്ന പാർട്ടിയെ സംബന്ധിച്ചിടത്തോളമുള്ള നിലയെങ്കിൽ മറുഭാഗത്തിരിക്കുന്നവരെപ്പററി പ്രതീക്ഷയ്ക്കു വക എന്തുണ്ട്? മറെറാരു ശക്തിയും ഉരുത്തിരിഞ്ഞു വരുന്നുണ്ട്. ഇന്നലെയും പത്രങ്ങളിൽ വാർത്ത കാണാൻ സാധിച്ചു. ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള പ്രസ്ഥാനം — ആ പ്രസ്ഥാനം എന്തിനെ പ്രതിനിധീകരിക്കുന്നു? ജനാധിപത്യത്തെപ്പററി അവർ പറയും. ഫാസിസത്തിനെതിരായി കുരച്ചുതുപ്പും. പക്ഷേ ഹിററ്ലറും അധികാരത്തിൽ കടക്കുന്നതുവരെ പറഞ്ഞിരുന്നതു സോഷ്യലിസം തന്നെയായിരുന്നു. അത് ചരിത്രമറിയാവുന്നവർക്കറിയാം. അതുപോലെ ശ്രീമതി ഗാന്ധിയും ഫാസിസത്തിനെതിരായി കുരച്ചുതുപ്പുന്നുണ്ട്. പക്ഷേ സഞ്ജയൻെറ വിക്രീയകളോ? അതു പറയുമ്പോൾ ബഹുമാനപ്പെട്ട ബാലനും ബഹുമാനപ്പെട്ട വക്കം പുരുഷോത്തമനും മുഖം ചുളിക്കുന്നുണ്ട്. അവരെ സംബന്ധിച്ചിടത്തോളമൊക്കെ ഈ കാര്യത്തിലുള്ള സമീപനം

LIBRARY ARCHIVES Kerala Legislative Assembly

എന്താണെന്നു ഞങ്ങൾക്കറിയാം. പക്ഷേ ഇന്ന് അവർ അവിടെ ഇരിക്കുകയാണ്. എന്തെല്ലാം വികാരങ്ങളോടുകൂടിയാണ് അവരവിടെ ഇരിക്കുന്നതെന്നോർക്കുമ്പോൾ ഞങ്ങളുടെ പഴയ സുഹൃത്തുക്കളെന്ന നിലയിൽ അവരോടു ഞങ്ങൾക്കു സഹതാപമുണ്ട്.

(തടസ്സം)

ഞാൻ ബാലനെ വളരെയേറെ സ്തുതിച്ചുകൊണ്ടും ബാലനെ മനസ്സിലാക്കിക്കൊണ്ടുമാണു സംസാരിക്കുന്നത്. ബാലനെ അൽപംപോലും പ്രകോപിപ്പിക്കണമെന്നു ഞങ്ങൾക്കു താൽപര്യമില്ല. ബാലന്റെ ചിന്താഗതി എന്തെന്നും ബാലൻ എന്തിൽ വിശ്വസിക്കുന്നുവെന്നും ഉള്ളതിനെപ്പററി ഏറെക്കുറെ അറിയാവുന്നവരാണു ഞങ്ങൾ. ഞാൻ പറഞ്ഞത് അതാണ്. നിങ്ങളൊക്കെ ഈ തടവറയിൽനിന്നു പുറത്തുകടന്ന് ഈ രാജ്യത്തിന്റെ വിശാലമായ താൽപര്യങ്ങളെ ഗൗരവപൂർവ്വം കണക്കിലെടുത്തുകൊണ്ട് ആ താൽപര്യസംരക്ഷണത്തിലുള്ള പ്രശ്നങ്ങളെ പരിഹരിക്കാൻ ഒരു പുതിയ യോജിച്ച മേഖലയിലേക്കു കടക്കണം. ആ പുതിയ വേദിയെ സംബന്ധിച്ചിടത്തോളം ഇന്നു രാഷ്ട്രീയരംഗത്ത് ഇൻഡ്യയിലുടനീളം ഗൗരവമായ ചർച്ചകൾ നടക്കുന്നു. ആ ചർച്ചകൾക്കു മാതൃകയായിട്ടുള്ളത് അതിനു ചൂണ്ടുപലകയായിട്ടുള്ളത് ഈ ഗവൺമെൻറാണ്. അതാണു ഞാൻ പറയുന്നത്. വേറൊരു കാര്യമുണ്ട്, ജനതാഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം മതേതരത്വം, ജനാധിപത്യം, സോഷ്യലിസം ഈ മൂല്യത്രയം ഉരുത്തിരിഞ്ഞുവന്നത് ഏതെങ്കിലുമൊരാളിന്റെ തലച്ചോറിൽനിന്നുമാത്രമല്ല. ചരിത്രപരവും പരമ്പരാഗതവുമായ കാര്യങ്ങൾ, സങ്കീർണ്ണതകൾ, ഈ രാജ്യത്തിന്റെ അഖണ്ഡത നിലനിർത്തൽ ഈ രാജ്യത്തെ സംസ്കാരവിശേഷങ്ങൾ, സാമാന്യജനതയുടെ പ്രത്യേകതകൾ ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഈ ആശയത്രയം, ഈ മൂല്യത്രയം വച്ചുപുലർത്തുന്നതുവഴി മാത്രമേ, അതിൽ മുറുകെപ്പിടിക്കുന്നതുവഴിമാത്രമേ, ഇൻഡ്യ നിലനിൽക്കൂ എന്നറിഞ്ഞതുകൊണ്ടു തന്നെയാണ്. ജനതാപാർട്ടിയെ ആകെ ഞാൻ പറയുന്നില്ല. ശ്രീമാൻ ബാലനും, എന്തിനു പറയുന്നു മൊറാർജി ദേശായി പോലും, ആ മൂല്യങ്ങളിലൊക്കെ വിശ്വസിക്കുന്ന ആളുകളാണെന്നു സമ്മതിക്കാൻ ഞാൻ തയ്യാറാണ്. പക്ഷേ അവരെത്ര വിചാരിച്ചാലും നടക്കാത്ത ചുററുപാടുകളാണു സർ, അവിടെ ഉള്ളത്. ഇതിനെല്ലാം ഒരു മാററമുണ്ടാകണമെങ്കിൽ ഈ ഗവൺമെൻറിനെത്തന്നെ ഒരു മാതൃകയായി കണ്ടുകൊണ്ട് ഈ രാജ്യത്തെ ദാരിദ്ര്യവും അവശതയുമനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ താത്പര്യങ്ങൾക്കുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുന്നതിനുള്ള ഒരു സമീപനം ഉണ്ടാകണം. ആ സമീപനം ഈ ഗവൺമെൻറിന്റെ ഭാഗത്തുണ്ട്; ഇല്ലെന്നു പറയാൻ സാദ്ധ്യമല്ല.

സർ, അഴിമതി ഇല്ലെന്ന് ആരും അവകാശപ്പെടുന്നില്ല. അഴിമതി ജുഡീഷ്യറിയുടെ ഭാഗത്തും ഉണ്ട്. മുൻവിധിയോടു കൂടിയുള്ള വിധികൾ പുറപ്പെടുവിക്കുന്ന ജുഡീഷ്യറിയുടെ കാര്യത്തിൽ അത്തരമൊരു സമീപനം ഇല്ലെന്നു പറയാൻ സാധിക്കുകയില്ല. അതേയവസരത്തിൽ ഈ രാജ്യത്ത് ജനക്ഷേമകരമായ പരിപാടികൾ ഈ ഗവൺമെൻറ് നടപ്പിലാക്കുന്നുണ്ട്. അതേ സമയം ഈ രാജ്യത്ത് മുതലാളിത്തവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും തരത്തിലുള്ള നിക്ഷിപ്ത താൽപര്യക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക്, അൽപമെങ്കിലും ആനുകൂല്യങ്ങൾ കൊടുക്കുന്ന, പ്രോൽസാഹനം കൊടുക്കുന്ന തരത്തിലുള്ള സമീപനം ഈ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടോയെന്നുള്ളതാണ് നോക്കേണ്ടത്. ഈ രാജ്യത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

അവർ വളരെ നാളുകളായി കടംകൊണ്ട് വീർപ്പുമുട്ടുകയാണ്. ഇവിടെ സഹകരണ സ്ഥാപനങ്ങളിൽനിന്നും മററു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടം വാങ്ങിക്കുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആ കടങ്ങൾക്കുപോലും ഭാരിച്ച പലിശ നൽകിക്കൊണ്ടിരിക്കുകയാണ്. ആ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് വളരെയേറെ പ്രയാസങ്ങൾ ഉണ്ടായിരിക്കുകയാണ്. കൃഷിക്കാർ വളരെക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ് പലിശ കുറയ്ക്കണമെന്നുള്ളത്. ഗവൺമെൻറ് വളരെ സാരമായ രീതിയിൽ പലിശ വെട്ടിക്കുറച്ചിരിക്കുകയാണ്. ഈ ഗവൺമെൻറ് ഈ രാജ്യത്ത് പാവപ്പെട്ട കൃഷിക്കാരുടെ താൽപര്യങ്ങൾക്കെതിരായി നിൽക്കുന്ന ഗവൺമെൻറ് ആണെന്ന് എങ്ങനെയാണ് പറയാൻ സാധിക്കുന്നത്.

ഇവിടെയുള്ള 5 വയസ്സിനു താഴെയുള്ള നിർദ്ധനരായ കുട്ടികൾക്ക് ഭക്ഷണത്തിന് വകയില്ലാത്ത പിഞ്ചു കുഞ്ഞുങ്ങൾക്ക് ഭക്ഷണം കൊടുക്കുന്നതിനെപ്പററി ഇവിടെ പലരും പറഞ്ഞു കഴിഞ്ഞതാണ്. ഇതൊരു പ്രതിലോമകരമായ നടപടിയാണോ? ഈ അടിസ്ഥാനത്തിൽ ഈ ഗവൺമെൻറ് രാജിവയ്ക്കണമെന്നാണോ പറയുന്നത്?

സർ, കാര്യക്ഷമതയെപ്പററിയൊന്നും ഞാൻ കൂടുതൽ പറയുന്നില്ല. ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഉദ്യോഗസ്ഥൻമാരിൽ നല്ലൊരു വിഭാഗം—ഉദ്യോഗസ്ഥൻമാരെ അടക്കം ഞാൻ പറയുന്നില്ല— അടിയന്തിരാവസ്ഥ തിരിച്ചു വരണമെന്ന് താൽപര്യം ഉള്ളവരാണ്. ജനങ്ങളുടേതായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവർ നിഷേധാത്മകമായ സമീപനം സ്വീകരിക്കുകയും അതുവഴി ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കാരണം ജനങ്ങൾ സ്വയം അടിയന്തിരാവസ്ഥ വരികയായിരുന്നു ഇതിനേക്കാൾ ഭേദമെന്ന് ചിന്തിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാക്കാനാണ് അവർ ശ്രമിക്കുന്നത്. കാര്യക്ഷമതയെപ്പററി പറയുമ്പോൾ ഉദ്യോഗസ്ഥൻമാരുടേതായ കാര്യക്ഷമതയുണ്ട്. ഇവിടെ ശ്രീമാൻ ഇ.കെ. പിള്ള പറഞ്ഞ കാര്യങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഇവിടെ സ്പെഷ്യൽ സെക്രട്ടറി ഉണ്ട്, സെക്രട്ടറി ഉണ്ട്, അഡീഷണൽ സെക്രട്ടറി ഉണ്ട്. ഓരോരോ തലങ്ങളിലും ഉള്ള ഉദ്യോഗസ്ഥൻമാർക്ക് അവരുടെ കർത്തവ്യ നിർവ്വഹണത്തെ സംബന്ധിച്ചിടത്തോളം അവരുടെ തലത്തിൽ ഇന്നയിന്ന കാര്യങ്ങൾ, ഡെലിഗേഷൻ ഓഫ് പവ്വേഴ്സ് ഡെലിഗേററ് ചെയ്തു കഴിഞ്ഞാൽ ആ തലത്തിൽ അവർ ചെയ്തുകൊള്ളണമെന്നുള്ള നിർദ്ദേശം കൊടുക്കണം. അവർ അതിനെപ്പററി കുറി ഇടുകയും സമാധാനം ചോദിക്കുകയും പിന്നെ അതിനെപ്പററി ഡിസ്കഷൻ വയ്ക്കുകയും ചെയ്തു നീട്ടികൊണ്ടുപോകുന്ന സ്ഥിതിവിശേഷം ഉണ്ട്. ഇത് കഴിവില്ലായ്മയോ കാര്യക്ഷമതയില്ലായ്മയോ ആണ്.

സർ, ഇവിടെ കശുവണ്ടികൃഷിക്കാരെ സംബന്ധിച്ചിടത്തോളം ശ്രീ. നൂറുദ്ദീൻ പറഞ്ഞു. കശുവണ്ടിയുടെ കാര്യത്തിൽ കുത്തക സംഭരണം തന്നെ നിലനിറുത്തേണ്ടത് ഈ രാജ്യത്തെ കർഷകരുടെ താൽപര്യങ്ങൾക്ക് തീർത്തും ആവശ്യമാണ്. കഴിഞ്ഞ വർഷത്തേക്കാൾ ഇപ്പോൾ വില കുറഞ്ഞിരിക്കുന്നു എന്നുള്ളതിന്റെ പേരിൽ കൃഷിക്കാർ അസംതൃപ്തരാണ്. ഇവിടത്തെ വിജിലൻസ് സംവിധാനം കുറെക്കൂടി കരുതലോടുകൂടി പ്രവർത്തിക്കണം. കാരണം ഇവിടത്തെ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാർ തന്നെ പൈലററായി കള്ളക്കടത്ത് ലോറികളുടെകൂടെ പോയി അവർക്ക് കള്ളക്കടത്ത് നടത്തുന്നതിന് സഹായം ചെയ്തുകൊടുക്കുന്നുണ്ടെന്നുള്ള കാര്യം ഗവൺമെന്റ് മനസ്സിലാക്കണം.

മലയോരവികസനത്തെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഈ ഗവൺമെന്റിന്റെ ഭാവനയിൽ ഉള്ളത് വയനാട് മാത്രമാണോയെന്ന് ഞാനിപ്പോൾ ചോദിക്കുകയാണ്. വയനാട് പിന്നോക്കപ്രദേശമല്ലെന്ന് ഞാൻ പറയുന്നില്ല. വയനാട്ടിനേക്കാൾ വളരെ പിന്നോക്കം നിൽക്കുന്ന വയനാടൻ താഴ്‌വരയിലെ ചുരവും സമീപമലയോര പ്രദേശങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു അതോറിട്ടി രൂപീകരിക്കാമെന്ന് ഗവൺമെന്റ് അഷ്വറൻസ് നൽകിയിട്ടുള്ളതാണ്. ആ അതോറിററിയുടെ രൂപീകരണത്തെ സംബന്ധിച്ചിടത്തോളം സജീവമായി പരിഗണിക്കണം. ധനാഭ്യർത്ഥനയെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ.എ. റഹീം: ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. ബഡ്ജററിന്റെ പൊതു ചർച്ചാവേളയിലും പൊതു ഭരണത്തെക്കുറിച്ചുള്ള ഇന്നത്തെ ചർച്ചാവേളയിലും നിരവധി വിമർശനങ്ങൾ ഉണ്ടായി. സർക്കാരിന്റെ ഭാഗത്തുനിന്നും സത്യസന്ധമായി കാര്യങ്ങൾ തുറന്നു പറഞ്ഞവരും പ്രതിപക്ഷത്തുനിന്നും വ്യക്തമായി ഗവൺമെന്റിന്റെ പ്രവർത്തനത്തിലുള്ള പോരായ്മകളെക്കുറിച്ച് ചൂണ്ടിക്കാണിച്ചവരും ഉണ്ട്. പക്ഷേ അത്തരം വിമർശനങ്ങൾകൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടോയെന്ന് സംശയിക്കത്തക്കവിധത്തിലായിരുന്നു ജനറൽ ബഡ്ജററിന്റെ ഡിസ്കഷനു മറുപടി പറഞ്ഞുകൊണ്ട് ഇവിടെ ധനകാര്യമന്ത്രിയും മുഖ്യമന്ത്രിയും ചെയ്ത മറുപടി പ്രസംഗം. അവർ കുററങ്ങളെല്ലാം ഏററു. പരാതികളും പരാജയങ്ങളും എല്ലാം സമ്മതിച്ചു. എങ്കിലും അവർ ശരിക്ക് ഭരിക്കുന്നു എന്ന് അവകാശപ്പെടുകയും ചെയ്തു. ആ ഭരണസമ്പ്രദായങ്ങൾക്കോ രീതികൾക്കോ മാററം വരുത്തിക്കൊണ്ട് ദാരിദ്ര്യരേഖയ്ക്കു കീഴിൽ കഴിയുന്ന 65 ശതമാനം ജനങ്ങളെ ഉദ്ധരിക്കാൻവേണ്ടിയുള്ള ഒരു ഭരണ സമീപനവും കാണാൻ സാധിച്ചില്ല. ആ മറുപടികൾ കേട്ടപ്പോൾ എനിക്ക് പണ്ടത്തെ ഒരു തമിഴ് സിനിമ കണ്ട ഓർമ്മയാണ് വരുന്നത്. എൻ.എസ്. കൃഷ്ണനും ദ്വാരരാജനും പങ്കെടുത്ത ആ ചിത്രത്തിൽ ദ്വാരരാജൻ അദ്ദേഹത്തിന്റെ സ്നേഹിതനോട് [அப்பா மகனை அடிப்பாயா] എന്ന് മൂന്നുനാലു പ്രാവശ്യം ചോദിച്ചു. വീണ്ടും അദ്ദേഹം അടികൊടുത്തു. വീണ്ടും ഇതേ ചോദ്യം ആവർത്തിച്ചു. വീണ്ടും കൂട്ടത്തിൽ ഒന്നുകൂടി ["அப்பா மகனை அடிப்பாயா, அப்பா மகனை அடிப்பாயா" ஆண்பிள்ளை சிங்கமடா] എന്നു പറഞ്ഞു. ഇതുപോലെ ആരു വിമർശിച്ചാലും കേൾക്കുകയും പിന്നെയും കീശയിൽ കൈ ഇട്ടുകൊണ്ട് ["அப்பா மகனை அடிப்பாயா"—ஆண்பிள்ளை சிங்கமடா] എന്നു പറയുകയും ചെയ്യുന്ന..

ശ്രീ. ടി.എ. മജീദ്: ഇതിന്റെ പരിഭാഷ എന്താണ്?

ശ്രീ. എ.എ. റഹീം: പരിഭാഷ എനിക്കറിഞ്ഞുകൂടാ.

സ്പീക്കർ: പരിഭാഷ അറിഞ്ഞുകൂടെങ്കിൽ പിന്നെ എന്തിനാണ് പറയാൻ പോയത്?

ശ്രീ. എ.എ. റഹീം: ബഹുമാനപ്പെട്ട സ്പീക്കർക്ക് പരിഭാഷ അറിയണമെന്നുണ്ടെങ്കിൽ ഞാൻ പറയാം. സ്പീക്കർക്ക് മനസ്സിലായി കാണുമെന്നാണ് ഞാൻ വിചാരിച്ചത്.

[ஸ்பீக்கர் எனக்கு தெரியும்]

ശ്രീ. എ.എ. റഹീം: ഇത് ഉദ്ധരിച്ചുകൊണ്ടുതന്നെ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ടുതന്നെ ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് കഴിഞ്ഞ പ്രാവശ്യം ഇവിടെ വന്ന് പ്രസംഗിച്ചു. ഉത്സവപറമ്പിലെ മുച്ചീട്ട് കളിക്കാരന്റെ ഏർപ്പാടാണ് അദ്ദേഹത്തിന് പലപ്പോഴും ഉള്ളതെന്നാണ് എനിക്കു പറയാനുള്ളത്. തക്കം നോക്കി സന്ദർഭം നോക്കി ഒന്നുവച്ചാൽ രണ്ടു കിട്ടും എന്നുള്ള തരത്തിൽ ഒരു പ്രസംഗം നടത്തും. എന്നാൽ ഇപ്പോഴും പ്രസംഗിച്ചപ്പോഴും രണ്ടു വച്ചാൽ ഒന്നും കിട്ടുകയില്ലെന്നുള്ളതായിരുന്നു പ്രസംഗത്തിന്റെ അവസാനം. അദ്ദേഹം വ്യക്തമായി ഒന്നും പറയാതെ ഒരു കിലുക്കികുത്ത് നടത്തി അവസാനിപ്പിച്ചു.

സർ, ഇവിടെ അദ്ദേഹം വളരെ ശക്തമായി ആർ. എസ്. എസ്സിനെ എതിർക്കുന്നു എന്നു പറഞ്ഞു. ആർ.എസ്.എസ്സിനെ എതിർക്കാൻ അദ്ദേഹം എല്ലാവരേയും കൂട്ടിനു വിളിച്ചു. നേതൃത്വം ഏറ്റെടുക്കാമെന്ന അർത്ഥത്തിലാണ് പറഞ്ഞത്. ശബരിമലയിൽ ഒരു ഏർപ്പാടുണ്ട്. ഭയമുള്ള ഭക്തൻമാരെല്ലാം എന്റെ ചുററും ഇരുന്നുകൊള്ളു എന്ന് ഗുരുസ്വാമി പറയുന്നതുപോലെയാണ് അദ്ദേഹത്തിന്റെ ഏർപ്പാട്. ആർ. എസ്.എസ്സിനോട് വാസ്തവത്തിൽ അദ്ദേഹത്തിന് പരോക്ഷമായി ഒരു സ്നേഹം ഉള്ളതുപോലെയാണ് തോന്നുന്നത്. ശ്രീ. വാജ്പെയുടെ റിഫോമിസം എന്ന വാദത്തിനാണ് അദ്ദേഹം കൂടുതൽ ഊന്നൽ കൊടുത്തത്. Revivalism ത്തെക്കാൾ Reformism ആണ് കൂടുതൽ ആവശ്യമെന്ന് വാജ്പെ പറഞ്ഞതിന്റെ ചുവട് പിടിച്ചുകൊണ്ട് ആണ് അദ്ദേഹം സംസാരിച്ചത്. അടിസ്ഥാന വർഗ്ഗങ്ങളെ കൊന്നൊടുക്കുമ്പോൾ, ഈ സഭയിൽത്തന്നെ നിരവധി അടിയന്തിര പ്രമേയങ്ങൾ അവതരിപ്പിച്ചുകൊണ്ട് തങ്ങളിൽപെട്ട ആളുകളെ കൊന്നൊടുക്കുന്നതിനെപ്പററി ഇവിടെ അഭിപ്രായങ്ങളെല്ലാമുണ്ടായിട്ടും വളരെ ആത്മരോഷത്തോടുകൂടി ആർ.എസ്. എസ്സിനെ നേരിടുന്ന രീതി എന്താണെന്നുള്ള പ്രഖ്യാപനം അദ്ദേഹത്തിൽനിന്നും ഉണ്ടായില്ല. അതിനുള്ള പ്രത്യേകമായ പരിപാടിയൊന്നും അദ്ദേഹം വച്ചില്ല. അതുകൊണ്ട് അദ്ദേഹത്തിന് ആർ.എസ്. എസ്സിനോടുള്ള സമീപനം വ്യക്തമല്ലെന്നാണ് എനിക്കു പറയാനുള്ളത്.

സി.പി.ഐ. കഴിഞ്ഞകാലങ്ങളിലത്രയും ശ്രീമതി ഇന്ദിരാഗാന്ധിയുടെ തണലിലായിരുന്നുവെന്നും ആ ഗവൺമെൻറിനോടു കൂട്ടുകൂടി നിന്നുവെന്നും മററുമാണ് ശ്രീ. നമ്പൂതിരിപ്പാട് ആക്ഷേപമുന്നയിച്ചത്. അതിനു മറുപടി ശ്രീ. പി.കെ. വാസുദേവൻ നായർ പറഞ്ഞുകഴിഞ്ഞു. ജനതാപാർട്ടിയെ കൂട്ടുപിടിച്ചുകൊണ്ട്, ജനതാപാർട്ടിയുടെ തണലിൽ നിന്നുകൊണ്ടാണ് ശ്രീ. നമ്പൂതിരിപ്പാട് ഇവിടെ ആർ.എസ്.എസ്.നെപ്പററി പറഞ്ഞത് എന്നുള്ള കാര്യം അദ്ദേഹം വിസ്മരിച്ചുപോയിയെന്നു തോന്നുന്നു. കേന്ദ്രഗവൺമെൻറിൽ തക്കംനോക്കി പതിയിരിക്കുന്ന എന്റെ സ്നേഹിതൻ ശ്രീ. നമ്പൂതിരിപ്പാട് ഇപ്പുറത്തിരുന്നുകൊണ്ട് അപ്പുറത്തുള്ളവരെ കല്ലെറിഞ്ഞപ്പോൾ അതിനു തക്ക മറുപടി അപ്പുറത്തുനിന്നും ലഭിക്കുകയുണ്ടായി. ശ്രീ. പി.കെ. വാസുദേവൻ നായർ അതിനു തക്ക ഉത്തരം നൽകുന്നത് കേൾക്കുവാൻ ഇടയായി.

LIBRARY ARCHIVES Kerala Legislative Assembly

ബ്രിട്ടനിലെ ചേമ്പർലെയിൻ പറഞ്ഞതുപോലെ ഞങ്ങൾക്ക് സ്ഥിരമായ സുഹൃത്തുക്കളോ ശത്രുക്കളോ ഇല്ല. പക്ഷേ സ്ഥിരമായ താൽപര്യമുണ്ട്. താൽപര്യ സംരക്ഷണമാണ് അവരുടെ ലക്ഷ്യം അതാണ് ഇവിടെയും കാണുന്നത്. താൽപര്യ സംരക്ഷണത്തിനുവേണ്ടി അവിടെ കാണുന്ന കസേരകൾ അവരുടെ അനുയായികളെ സംരക്ഷിക്കുവാനുള്ളതാണ്. അതിന് അവരെ അഭിനന്ദിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ആൻറണി കോൺഗ്രസ്സിൽപെട്ട ആളുകൾ ഇന്ദിരാ കോൺഗ്രസ്സിൽപെട്ട ആളുകളെ ആക്ഷേപിക്കാറുണ്ട്. ശ്രീ. സിറിയക് ജോൺ ഇവിടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. ഇപ്പോൾ അപ്പുറത്തിരിക്കുന്നവരെല്ലാം ശ്രീമതി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൻ കീഴിലിരുന്നുകൊണ്ട് വളരെ നേട്ടമുണ്ടാക്കിക്കഴിഞ്ഞതിനുശേഷം ഇപ്പോൾ ഇതെല്ലാം പറയുന്നതുകേൾക്കുമ്പോൾ അവർക്കുള്ള തൊലിക്കട്ടിയെപ്പററി അംഗീകരിക്കാതിരിക്കുവാൻ നിവൃത്തിയില്ല. അതിനെ ഞാൻ ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിക്കുന്നു.

കേന്ദ്രഗവൺമെൻറിൻെറ—ജനതാ ഗവൺമെൻറിൻെറ—നേതൃത്വം ഉൾക്കൊള്ളുന്ന ശ്രീ. കെ. ചന്ദ്രശേഖരൻ കഴിഞ്ഞ ദിവസം ഒരു പ്രഖ്യാപനം ഇവിടെ നടത്തി. അതായത് റഷ്യയുമായുള്ള കരാറിൻെറ അടിസ്ഥാനത്തിൽ ഇവിടെനിന്നും ഭക്ഷ്യോൽപ്പന്നങ്ങൾ റഷ്യയ്ക്ക് നൽകുന്നുവെന്ന്. ശ്രീ. മൊറാർജി ദേശായിയുടെ ഗവൺമെൻറ് ആണ് ഇതുൽപ്പാദിപ്പിച്ചതെന്നും അങ്ങനെയാണ് കൊടുക്കുവാൻ കഴിഞ്ഞതെന്നും അതുകൊണ്ടാണ് നേട്ടമുണ്ടായതെന്നുമാണ് അദ്ദേഹം സൂചിപ്പിച്ചത്. അദ്ദേഹത്തിനും ആക്ഷേപിക്കുവാനുണ്ടായിരുന്നത് ശ്രീമതി ഗാന്ധിയുടെ പാർട്ടിയിൽപെട്ടവരെപ്പററിയാണ്. ഇങ്ങോട്ട് കൈ ചൂണ്ടിക്കാണിച്ചുകൊണ്ട് അക്ബർ ശങ്കരപ്പിള്ളയെപ്പോലെയാണ് പ്രഖ്യാപനം നടത്തിയത്. കെട്ടിവച്ച പണം പോലും കൊടുക്കുവാൻ പാടില്ലെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ വാദം. അതുകൊണ്ട് ഞാൻ അദ്ദേഹത്തോട് അപേക്ഷിക്കുകയാണ് എവിടെയെങ്കിലും ഒന്ന് തനിയേനിന്ന് മൽസരിക്കണം എന്ന്. ആരുടെയെങ്കിലും പുറകേപോയി, ആരുടെ എങ്കിലും വാലേൽ തൂങ്ങി ഈ അസംബ്ലിയിൽ വന്നിട്ട് ജനങ്ങളുടെ പൂർണ്ണ പിന്തുണയോടുകൂടി തിരഞ്ഞെടുക്കപ്പെട്ടുവന്ന ഒരു രാഷ്ട്രീയപ്പാർട്ടിയിലുള്ള ആളുകളെപ്പററി ഇത്രയധികം ആക്ഷേപിക്കുന്നത് ശരിയാണോ എന്നു ഞാൻ ചോദിക്കുകയാണ്. അദ്ദേഹം വെല്ലുവിളിച്ചു. കെട്ടിവച്ച പണത്തെക്കുറിച്ച് ജനതാപാർട്ടിയിൽപെട്ടവർ ആരുടെയെങ്കിലും കൂടെ കൂട്ടുകൂടാതെ ഏതെങ്കിലും തിരഞ്ഞെടുപ്പിൽ എവിടെയെങ്കിലും നിന്ന് ഒരൊററ സീററെങ്കിലും ഈ നിയമസഭയിലേക്ക് കിട്ടിയിട്ടുണ്ടോ? ജനതയുടെ കാര്യം അവതാളത്തിലാണെന്നാണ് കേൾക്കുന്നത്. ജനതാ ഗവൺമെൻറ് അഞ്ചുകൊല്ലക്കാലവും ഉണ്ടായിരിക്കുമോ? എന്തായാലും ശ്രീ. കെ. ചന്ദ്രശേഖരനെപ്പോലെയുള്ള ഒരു മെമ്പർ ഇപ്രകാരം ആക്ഷേപം ഉന്നയിക്കുന്നത് ശരിയല്ലായെന്നാണ് എനിക്ക് പറയുവാനുള്ളത്.

ഗവൺമെൻറ് ജനക്ഷേമകരങ്ങളായ പല കാര്യങ്ങളും ചെയ്തിട്ടുണ്ട്. അത് പുതിയ ചെയ്തികളാണോ? ഇതിനുമുൻപുള്ള പല ഗവൺമെൻറുകളും ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾക്കുവേണ്ടി പണം ചെലവഴിച്ചിട്ടുണ്ട്. ശ്രീ. ആർ. ശങ്കർ മുഖ്യമന്ത്രിയായിരുന്ന കാലത്തും ഇത്തരം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. അതനുസരിച്ച് ഇപ്പോഴും അധികാരത്തിൽവരുന്ന ഗവൺമെൻറുകൾ ചിലതെല്ലാം ചെയ്യുന്നുണ്ട്. അതിനെ ഇത്രത്തോളം കൊട്ടിഘോഷിക്കേണ്ട കാര്യമുണ്ടോയെന്ന് ആലോചിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പണ്ട് മഹാരാജാക്കൻമാർ ദിവാൻമാരുടെ ഉപദേശമനുസരിച്ചാണ് ഭരണം നടത്തിയിരുന്നത്. അന്നെല്ലാം നമ്മുടെ നാട്ടിലുടനീളം തണൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയും വഴിക്കിണറുകൾ കുഴിപ്പിക്കുകയും ചുമടുതാങ്ങികൾ പണിയിപ്പിക്കുകയും മററും ചെയ്തിട്ടുണ്ട്. ഇപ്പോൾ നമ്മുടെ ധനകാര്യമന്ത്രി ആ പഴയ ദിവാൻജിയുടെ പാരമ്പര്യത്തിൻെറ അടിസ്ഥാനത്തിൽ തന്നെ പുതിയ ചില കാര്യങ്ങൾ ഇവിടെ കൊണ്ടുവന്നു. അതിൽ കുഞ്ഞുങ്ങൾക്ക് കഞ്ഞികൊടുക്കുകയെന്നുള്ളതാണ് പുതിയൊരു നിർദ്ദേശം. പണ്ടത്തെ രാജവാഴ്ചക്കാലത്ത് വഴിനീളെ മോരും വെള്ളം കൊടുക്കുന്ന ഒരു പതിവുണ്ടായിരുന്നു. അതും ഈ ഗവൺമെൻറ് തുടങ്ങുമോയെന്ന് അറിയുകയില്ല.

പല കാര്യങ്ങളും ചെയ്തിട്ടുണ്ട്, ഇനി പല കാര്യങ്ങളും ചെയ്യാനുണ്ട്, ഇതൊരു മിച്ചബഡ്ജററ് ആണ് എന്നൊക്കെയാണ് പറയാറുള്ളത്. നമ്മുടെ രാജ്യത്തെ മൂന്നിൽരണ്ടുഭാഗം ആളുകളും ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നവരാണെന്നാണ് ശ്രീ. ആൻറണിപോലും പറഞ്ഞിട്ടുള്ളത്. എന്നാൽ അവരെ ഉദ്ധരിക്കുകയെന്നുള്ളതാണ് ഗവൺമെൻറിൻെറ ലക്ഷ്യം. ആ ലക്ഷ്യം നിറവേററുവാൻ വേണ്ടി ഈ ബഡ്ജററിൽ എന്തുണ്ട്? അതിനു വേണ്ടി എന്ത് പ്രവർത്തനമാണ് ഇതിലുള്ളതെന്നു ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ബ്രിട്ടീഷ് ഗവൺമെൻറിൻെറ കാലത്തുണ്ടായിരുന്ന ലാൻറ് ആർഡറും റവന്യൂ വകുപ്പും ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ബ്രിട്ടീഷ് ഗവൺമെൻറിന് ഇവിടെ കൊള്ളയടിക്കുവാൻ ലാൻറ് ആർഡറും റവന്യൂ ഡിപ്പാർട്ടുമെൻറും ആവശ്യമായിരുന്നു. അത് ഇന്നും അതിൻെറ പ്രവർത്തനം തുടരുകയാണ്.

ഈ സംസ്ഥാനത്തിൻെറ വികസനപരിപാടികളും പദ്ധതി പ്രവർത്തനങ്ങളും നടത്തുവാൻ വേണ്ടി, അത് ശക്തിപ്പെടുത്തുവാൻവേണ്ടി ഈ ഗവൺമെൻറ് കാര്യമായി ആലോചിച്ചിട്ടുണ്ടോ? ഇത്തരം കാര്യങ്ങൾക്ക് ആവശ്യമായ സത്വരശ്രദ്ധ പതിപ്പിച്ചിട്ടുണ്ടോ എന്നുള്ളതിനെക്കുറിച്ച് സ്വയം ആലോചിക്കണമെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളു.

പ്ലാനിംഗ് ബോർഡിന് സ്ഥിരമായ രൂപം കൊടുത്തു എന്ന് പറയുന്നു. എന്നിട്ട് രണ്ടുകൊല്ലത്തിനിടയിൽ ഈ പ്ലാനിംഗ് ബോർഡ് കൂടിയിട്ടുണ്ടോ? നിരവധി ഉദ്യോഗങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് ഈ ഗവൺമെൻറ് ചെയ്തിട്ടുള്ളത്. ഇത്രയേറെ ഉയർന്ന ഉദ്യോഗസ്ഥൻമാരുള്ള മറെറാരു സംസ്ഥാനവും ഇല്ല. ഉയർന്ന ഉദ്യോഗസ്ഥൻമാർ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എത്ര ഇഞ്ചിനീയറൻമാർ, എത്ര ഐ. ജി. മാർ, എത്ര ഡി. ഐ. ജി. മാരാണ് ഉള്ളത്. അങ്ങനെ പോകുന്നു ഉദ്യോഗസ്ഥൻമാരുടെ തരം.

അതുപോലെതന്നെ വളരെയേറെ നാണംകെട്ട ഒരു ഇടപാടാണ് കോർപ്പറേഷൻ രൂപീകരണം. ഇവിടെ പല കോർപ്പറേഷനുകളും ഉണ്ടാക്കിയിട്ടുണ്ട്. ആ കോർപ്പറേഷനുകളുടെ പ്രവർത്തനംകൊണ്ട് കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ടോ? എം. എൽ. എ. മാർക്ക് കോർപ്പറേഷൻ ചെയർമാൻ സ്ഥാനം കൊടുക്കുവാനുള്ള നാണംകെട്ട ഒരു നിയമം പാസ്സാക്കിയെടുത്തു. അതിൻെറ പുറകിൽ എന്താണുള്ളതെന്നറിയില്ല. എം. എൽ. എ.മാരെ പലരേയും പിടിച്ചുനിറുത്തുവാൻവേണ്ടി എത്ര എത്ര

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷനുകളും എത്രയെത്ര ചെയർമാൻ സ്ഥാനങ്ങളുമാണ് ഉണ്ടാക്കുവാൻ പോകുന്നത് എന്നറിയില്ല. ഭരണപക്ഷത്തുള്ള എല്ലാ എം. എൽ. എ. മാർക്കു ചെയർമാൻ സ്ഥാനം കൊടുക്കുവാൻ വേണ്ടി പല കോർപ്പറേഷനുകളും ഉണ്ടാക്കുവാനുള്ള മൽസരം നടക്കുകയാണ്.

സർ, ഇവിടെ പബ്ലിക് അണ്ടർടേക്കിംഗ്സ് ഉണ്ട്. പബ്ലിക് അണ്ടർടേക്കിംഗ്സിനെപ്പററി കഴിഞ്ഞ തവണ ചില സൂചനകൾ നൽകിയിരുന്നു. നല്ല ഭരണം നടത്തുന്ന, ഭരണകക്ഷിയുടെ ട്രേഡ്‌യൂണിയനുകൾക്ക് അവരെക്കൊണ്ട് ഡിമാൻറ് വാദിപ്പിക്കുകയും അത് അംഗീകരിപ്പിക്കുകയും ചെയ്തതിനുശേഷം ഇഷ്ടംപോലെ പണം വാരിക്കോരി കൊടുക്കുന്ന ഏർപ്പാട് ഉണ്ടെന്നുള്ളത് ഒരു വസ്തുത ആണ്. അതിപ്പോൾ കുറേശ്ശെ സർവ്വീസ് സംഘടനകളിൽ കടന്നു വരികയാണ്.

സർവ്വീസ് സംഘടനകളെ സ്വന്തം പാർട്ടിയുടെ കീഴിൽ കൊണ്ടുവരികയും സർവ്വീസ് സംഘടനകളെ സ്വന്തം പാർട്ടിയുടെ കീഴിൽ കൊണ്ടുവന്നിട്ട് അതാത് രാഷ്ട്രീയ പാർട്ടിക്കാർ ഉൾക്കൊള്ളുന്ന

1 P. M.] സർവ്വീസ് സംഘടനകൾക്ക് അന്യായമായ പ്രമോഷൻ നൽകാനും അവരെ അമിതമായി സഹായിക്കാനുമുള്ള പ്രവണത ആരംഭിച്ചിരിക്കുന്നുവെന്ന് കാണുന്നത് ഖേദകരമാണ്. ഇത്തരം പ്രവണതകൾ പരിഹരിച്ചില്ലെങ്കിൽ ഭരണത്തിൽ വളരെ കടുത്ത പ്രഹരമേൽക്കുമെന്നല്ലാതെ കാര്യക്ഷമമായ ഒരു ഭരണകൂടം കെട്ടിപ്പടുക്കാൻ പ്രയാസമാണ്. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന രാഷ്ട്രീയകക്ഷികളിൽ ഒരേ അഭിപ്രായഗതിയുള്ളവരുണ്ട്. അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ഈ രാജ്യത്തെ ശ്രേയസ് ആണ് ആഗ്രഹിക്കുന്നതെങ്കിൽ എന്റെ സ്നേഹിതൻ പറഞ്ഞതുപോലെ രാഷ്ട്രീയത്തിനതീതമായി രാജ്യനൻമയ്ക്കുവേണ്ടി പ്രവർത്തിക്കാനും മുന്നോട്ടുപോകാനും തയ്യാറാകണം. പ്രമോഷന്റെ കാര്യത്തെപ്പററി പറയുമ്പോൾ അടുത്തകാലത്ത് നടന്നിട്ടുള്ള ചില പ്രമോഷനെപററി പരാതിയുണ്ടായിട്ടുണ്ട്. എല്ലാവിധ നടപടിക്രമങ്ങളേയും കാററിൽ പറത്തികൊണ്ട് പ്രമോഷൻ നടത്തിയിട്ടുണ്ട്. അഡ്മിനിസ്ട്രേഷനെ പററി ഡിസൈഡ് ചെയ്യുന്നതിന് ഒരു ട്രൈബ്യൂണൽ ഉണ്ടാക്കുന്നതിനെപ്പററിയുള്ള സൂചനകേട്ടു. ആ ട്രൈബ്യൂണലിന് ഉടനടി രൂപംകൊടുക്കണം. ഹൈക്കോടതി ജഡ്ജിയുടെ പദവിയുള്ള ഒരാളെ നിയമിച്ചാൽ ഇത്തരത്തിലുള്ള പരാതികൾ ഒഴിവാക്കാൻകഴിയും. കുറെയധികം കൈക്കൂലിയ്ക്കും അഴിമതിയ്ക്കും അതീതമായിട്ടുള്ള സംശുദ്ധമായ ഭരണം കെട്ടിപ്പടുക്കുകയും അവരുടെ പ്രവർത്തനത്തിൽ ആവശ്യമില്ലാതെ കൈകടത്തുകയും ആവശ്യമില്ലാതെ രാഷ്ട്രീയത്തിന്റെ പിണിയാളുകളാക്കുന്ന ഏർപ്പാടിൽനിന്നും മാറിനിൽക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻനായർ): സർ, ഈ സഭയുടെ രണ്ടുഭാഗത്തുനിന്നായി ബഹുമാനപ്പെട്ട പതിനാറ് അംഗങ്ങൾ ചർച്ചകളിൽ പങ്കെടുത്തു. പൊതുഭരണത്തെസംബന്ധിച്ചുള്ള ഈ ധനാഭ്യർത്ഥന ചർച്ചചെയ്യപ്പെടുമ്പോൾ സ്വാഭാവികമായും നമ്മുടെ ഭരണമണ്ഡലത്തിൽ ഇന്ന് പ്രകടമായിട്ടുള്ള കുറവുകളെ സംബന്ധിച്ച് സ്വയം വിമർശനപരമായിതന്നെ ഭരണകക്ഷിയിൽപെട്ട അംഗങ്ങൾ പരിശോധന നടത്തുക സ്വാഭാവികമാണ്. അങ്ങനെതന്നെ ചെയ്യണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. ആ തരത്തിലുള്ള പരിശോധന ബഹുമാനപ്പെട്ട പലമെമ്പർമാരും ഇവിടെ നടത്തി. അവരോടെല്ലാം എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൃതജ്ഞതയുണ്ട്. അവരുടെ പല നിർദ്ദേശങ്ങളും ഗവൺമെൻറ് വളരെ ഗൗരവമായി പരിശോധിക്കുന്നതാണ്. ആവശ്യമായ തീരുമാനമെടുക്കുന്നതാണ്. പ്രതിപക്ഷമെമ്പർമാർ കുററങ്ങൾ ധാരാളം ചൂണ്ടിക്കാണിച്ച് വിമർശനങ്ങൾ വേണ്ടുവോളം നടത്തി. അവർ കുററങ്ങൾ ചൂണ്ടിക്കാണിക്കുന്നതിലും വിമർശനം നടത്തുന്നതിലും എനിക്ക് അശേഷം പരാതിയോ പരിഭവമോ ഇല്ല. ആ വിമർശനത്തേയും കുററപ്പെടുത്തലിനേയും ഞാൻ സ്വാഗതംചെയ്യുന്നുണ്ട്. എന്നാൽ അങ്ങനെയുള്ള വിമർശനങ്ങൾ ഗവൺമെൻറിനെപററിയുള്ള അന്ധമായ ആക്ഷേപമായി തീരുമെന്ന് കാണുന്നതിൽ എനിക്ക് ഖേദമുണ്ട്. ശ്രീ. ടി. കെ. രാമകൃഷ്ണൻെറ നേതാവ് കഴിഞ്ഞദിവസം വളരെ വിസ്തരിച്ച് അദ്ദേഹത്തിൻെറ സ്വതസിദ്ധമായിട്ടുള്ള സാമർത്ഥ്യത്തോടെ പറയാൻ ശ്രമിച്ച കാര്യങ്ങൾ മറെറാരുതരത്തിൽ ടി.കെ.-യ്ക്ക് വശമായിട്ടുള്ള ഭാഷയിലും സ്വരത്തിലും പറഞ്ഞു എന്നേയുള്ളു. പറഞ്ഞത് രണ്ടും ഒരു കാര്യമാണ്. അതിൽനിന്നും വ്യത്യസ്തമായിട്ട് അദ്ദേഹം എന്തെങ്കിലും പറയുമെന്ന്. ഞാൻ പ്രതീക്ഷിച്ചിട്ടുമില്ല. അതിനൊന്നും ഇന്ന് മറുപടി പറയേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ല. കാരണം ഗവൺമെൻറിനെ സംബന്ധിച്ചും ഭരണകക്ഷിയെസംബന്ധിച്ചും ഞങ്ങൾക്കുള്ള പ്രതികരണം അന്ന് വ്യക്തമാക്കിയതാണ്. വേണമെങ്കിൽ അത് ഒരിക്കൽകൂടി ആവർത്തിക്കാം. ഈ ഗവൺമെൻറ് ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച ഒരു പരിപാടി നടപ്പാക്കികൊണ്ടാണ് മുമ്പോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. വിവിധ കക്ഷികൾ തമ്മിലുള്ള യോജിപ്പിൻെറ നിർണ്ണായകമായ അടിസ്ഥാനമാണ് ആ പരിപാടി. ആ പരിപാടി ഞങ്ങളുടെ കഴിവിൻെറ പരമാവധി ഉപയോഗിച്ച് തികഞ്ഞ ആത്മാർത്ഥതയോടുകൂടി ഞങ്ങൾ നടപ്പാക്കും മുമ്പോട്ടുപോകും. അത്തരം കാര്യങ്ങളെ സംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ അത് ഞങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ വിമർശനമുണ്ടെങ്കിൽ എപ്പോൾവേണമെങ്കിലും പറയാം. അത് സ്വാഗതാർഹമാണ്. അത്തരം വിമർശനങ്ങളും ആക്ഷേപങ്ങളും ആ പരിപാടി നടപ്പാക്കുന്നതിൽ ഞങ്ങളെ കൂടുതൽ സഹായിക്കും; ഞങ്ങളെ കൂടുതൽ കർമ്മോൻമുഖരാക്കും. അത്തരത്തിലുള്ള വിമർശനം പ്രതിപക്ഷത്തുനിന്നും ഉണ്ടായിട്ടുണ്ട്. അത്തരം വിമർശനങ്ങളെ സ്വാഗതം ചെയ്യുന്നു. സ്വീകരിക്കാൻ പററാത്ത രാഷ്ട്രീയമായ കാര്യങ്ങളാണ് റഹീം പറഞ്ഞത്. അദ്ദേഹത്തിന് മറെറാന്നും പറയാനുണ്ടായിരുന്നില്ലെന്നുള്ളത് ഖേദകരമാണ്. അതിന് പ്രത്യേകിച്ച് മറുപടിയൊന്നും പറയാൻ എനിക്കില്ല. അദ്ദേഹം കസേരയുടെ കാര്യം പറയുന്നതുകേട്ടു. എപ്പോഴും കസേരയെ പററിമാത്രം ചിന്തിക്കുന്ന ഒരു രോഗം അദ്ദേഹത്തിൻെറ പാർട്ടിയെ ബാധിച്ചിട്ടുണ്ട്. തൻെറ പാർട്ടി മാത്രമല്ല ഏതെങ്കിലുമൊരുപാർട്ടി സ്ഥായിയായ ബന്ധുക്കളും ശത്രുക്കളും ഉണ്ടെന്ന് വിശ്വസിച്ച് പ്രവർത്തിക്കുന്നില്ല. എപ്പോഴും സ്ഥിരമായിട്ട് കസേരമാത്രം ലക്ഷ്യമാക്കുന്നത് ഒരുതരം മനോരോഗമാണ്. അത് ഇപ്പോൾ വളരെ കലശലായി അദ്ദേഹത്തിൻെറ പാർട്ടിയെ ബാധിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ട് മനോരോഗം മററുള്ളവരിലും അദ്ദേഹം കാണുന്നുവെന്നേയുള്ളു. പ്രമോഷൻെറ കാര്യത്തെപററി ഇവിടെ പറഞ്ഞു. പ്രമോഷൻെറ കാര്യത്തിൽ അവിഹിതമായി ഗവൺമെൻറ് പ്രവർത്തിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെയുള്ള കേസ ഉണ്ടെങ്കിൽ അത് പ്രത്യേകമായി പറയണം. ഈ നിയമസഭയിൽവന്ന് പൊതുവായി പ്രമോഷനിൽ കുഴപ്പം കാണിക്കുന്നുവെന്നുപറഞ്ഞാൽ ഇപ്പോൾ മറുപടി പറയാൻ സാധ്യമല്ല. ഇന്ന ഡിപ്പാർട്ടുമെൻറിൽ പ്രമോഷൻെറ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അവിഹിതമായിട്ട് പ്രവർത്തിച്ചുവെന്ന് പറഞ്ഞിരുന്നെങ്കിൽ അതെസംബന്ധിച്ച് അന്വേഷിച്ച് മറുപടി പറയാമായിരുന്നു. പ്രതിപക്ഷപാർട്ടിയുടെ ഉപനേതാവ് ഇങ്ങനെ പൊതുവായി പറഞ്ഞത് നിരാശാജനകമാണ്.

ശ്രീ. എ.എ. റഹീം: വ്യക്തമായ പരാതികരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയാൽ ഗവൺമെന്റ് അതെപ്പററി അന്വേഷിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: അതുതന്നെയാണ് പറഞ്ഞത്. വ്യക്തമായ പരാതികളുണ്ടെങ്കിൽ അറിയിക്കണം. അതു സംബന്ധിച്ച് പരിശോധിക്കാം. ന്യായമായിട്ടുള്ള പരാതികളുണ്ടെങ്കിൽ പരിഹാരമുണ്ടാക്കാം.

അതുപോലെതന്നെ ബഹുമാനപ്പെട്ട മെമ്പർമാർ ചില കാര്യങ്ങരം പറഞ്ഞതുസംബന്ധിച്ച് ഒരു വിശദീകരണം നടത്തേണ്ടതാവശ്യമാണെന്ന് എനിക്ക് തോന്നുന്നു. ശ്രീ. ടി.കെ. രാമകൃഷ്ണൻ ഇവിടെ ഒരു വിജിലൻസ് കമ്മീഷൻ പണ്ട് ഉണ്ടായിരുന്ന കാര്യത്തെപററി പറഞ്ഞു. വിജിലൻസ് കമ്മീഷൻ പിന്നെ പിരിച്ചുവിട്ടുവെന്ന് പറഞ്ഞു. അതെപ്പററി അന്വേഷണം നടത്തിയതിൽനിന്ന് മനസ്സിലാകുന്നത് വിജിലൻസ് കമ്മീഷൻ ഒരു കമ്മീഷൻ എന്നനിലയ്ക്ക് നിയമിച്ചതു സംബന്ധിച്ച് ആർക്കും ആക്ഷേപമില്ലെന്നാണ്. പ്രസ്തുത കമ്മീഷന്റെ നിയമനവും അതേതുടർന്ന് ഉണ്ടായിട്ടുള്ള സംഭവങ്ങളും ഈ രാജ്യത്ത് അന്ന് വളരെയധികം വാദകോലാഹലങ്ങരംക്ക് ഇടയാക്കിയിട്ടുണ്ട്. വിജിലൻസ് കമ്മീഷനായിട്ട് പ്രവർത്തിക്കാനുദ്ദേശിച്ച കമ്മീഷൻ അങ്ങനെ പ്രവർത്തിച്ചതായിട്ടല്ല അന്ന് അനുഭവപ്പെട്ടത്. നേരെമറിച്ച് ആ വിജിലൻസ് കമ്മീഷന് ഉണ്ടായിരിക്കേണ്ട നിഷ്പക്ഷതയും അതുപോലുള്ള സ്വഭാവവിശേഷവും കളഞ്ഞുകുളിച്ച് വാദപ്രതിവാദത്തിന് ഇടയാക്കിയെന്നുള്ളതുകൊണ്ട് അതിനുശേഷംവന്ന ഗവൺമെന്റ് ആ കമ്മീഷനെ അവസാനിപ്പിക്കാൻ ശ്രമിച്ചുവെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. വിജിലൻസ് കമ്മീഷന്റെ ആശയം ആരും നിരാകരിക്കുകയില്ല. പരിഗണിക്കാൻ കഴിയുന്ന ഒരു കാര്യമാണെന്ന് തോന്നുന്നു.

വിജിലൻസിനെപ്പററി പറയുമ്പോരം അതുമായി ബന്ധപ്പെടുത്തി ഇന്നത്തെ ചർച്ചയിൽ ഉയർന്നുവന്ന ഒരു വിഷയത്തെപ്പററി എന്റെ അഭിപ്രായം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അത് അഴിമതിയുടെ പ്രശ്നമാണ്. അത് എല്ലാ ഭാഗത്തുനിന്നും പരാമർശനത്തിന് വിധേയമായി. ഞാൻ എന്റെ റേഡിയോ പ്രഭാഷണത്തിൽ അതേസംബന്ധിച്ച് പരാമർശിച്ചത് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഗവൺമെന്റ് തന്നെ പറയുന്നുണ്ട്, അഴിമതിയുണ്ടെന്ന്. ഗവൺമെന്റല്ല, ഈ രാജ്യത്ത്, ഇൻഡ്യാ രാജ്യത്ത്, കേരളം ഉരംപ്പെടെയുള്ള ഇൻഡ്യാരാജ്യത്ത് ഇതൊരു പ്രശ്നമാണെന്ന് പറയാത്തവർ ആരെങ്കിലുമുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. പിന്നെ ഒട്ടകപക്ഷിനയം അംഗീകരിച്ചു അങ്ങനെ അല്ലെന്നു ആർക്കും നടിക്കാൻ സാധിക്കുകയില്ല. എന്തുകൊണ്ട് ഈ സ്ഥിതിവിശേഷം നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നു, എന്തുകൊണ്ട് കൂടുതൽ സങ്കീർണ്ണമാകുന്നു, വളരുന്നു തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചാണെങ്കിൽ പലർക്കും പല വീക്ഷണങ്ങളുമുണ്ട്. അതിന്റെ കാരണങ്ങളും കാര്യങ്ങളുമൊക്കെ കുറേയൊക്കെ ശാസ്ത്രീയമായി പറയാൻ കഴിയും. കാരണങ്ങരം എന്തായാലും തരക്കേടില്ല, അതിനെതിരായ പോരാട്ടം ആവശ്യമാണ്, അതിനെതിരായി ഗവൺമെന്റു

LIBRARY ARCHIVES Kerala Legislative Assembly

തലത്തിൽ നടപടികൾ ആവശ്യമാണ്, പുറത്തു നടപടികൾ ആവശ്യമാണ്. ഈ കാര്യത്തിൽ അഭിപ്രായഭിന്നതയുള്ളവർ ഇന്നു ഈ സഭയിലുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ രാജ്യത്തുണ്ടാകുമെന്നും വിചാരിക്കുന്നില്ല. അതിന് ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഞാൻ പറഞ്ഞ കാര്യം, എന്റെ റേഡിയോ പ്രഭാഷണത്തിൽ ഞാൻ പറയുകയുണ്ടായി, ഇന്നു നിലവിൽ ചില സംവിധാനങ്ങളുണ്ടെന്ന്. ഇവിടെ ഒരു വിജിലൻസ് കമ്മീഷൻ ശ്രീ. ടി.കെ. രാമകൃഷ്ണൻ പറഞ്ഞതുപോലെ നേരത്തെ ഏർപ്പെടുത്തിയിരുന്നു. പിന്നെ അതു ദുരുപയോഗപ്പെടുത്തി കുഴപ്പം..................................

ശ്രീ. ടി.കെ. രാമകൃഷ്ണൻ: അങ്ങനെയാണെങ്കിൽ ഞങ്ങളുടെ ഭാഗത്തുനിന്നു സംസാരിച്ചപ്പോൾ പറഞ്ഞത്, ഒരാളിനോട് പ്രത്യേക വിരോധം കാണാം, അയാൾ ദുരുപയോഗപ്പെടുത്തിയപ്പോൾ ഈ ഏർപ്പാട് വേണ്ട എന്നു വയ്ക്കുകയല്ലേ ചെയ്തത്? ആ ഏർപ്പാട് പിന്നെ ഉണ്ടാക്കിയിട്ടില്ല.

ശ്രീ. പി.കെ. വാസുദേവൻനായർ: ഇതേ ഏർപ്പാടില്ലാതെതന്നെ ഇവിടെ സ്ഥിരമായ ഒരു വിജിലൻസ് സംവിധാനമുണ്ട്. ആ വിജിലൻസ് സംവിധാനംകൊണ്ട് പല നടപടികളും സ്വീകരിക്കുന്നുണ്ട്. ഞങ്ങൾ ഇപ്പോൾ ആലോചിക്കുന്നത്, ഏതു നിയമവും മതിയാകും, കുറേക്കൂടി ശക്തിപ്പെടുത്തണമെന്നുള്ളതാണ്, നിയമപരമായി കുറേക്കൂടി ശക്തി ആർജ്ജിക്കണമെന്നുള്ള കാര്യമാണ്. എന്റെ അനുഭവത്തിൽ പലപ്പോഴും കാണുന്നത് കുററവാളികൾക്കാണ് ഏതാണ്ട് അവസാനം വരുമ്പോൾ രക്ഷപ്പെടാനുള്ള പല പഴുതുകളുമുള്ളതെന്നാണ്. ഇന്നത്തെ നിയമസമ്പ്രദായത്തെ സംബന്ധിച്ചും ജുഡീഷ്യറിയെ സംബന്ധിച്ചും ഞാൻ അഭിപ്രായമൊന്നും പറയുന്നില്ല. ശ്രീ. ചന്ദ്രശേഖരനെപ്പോലുള്ള ആളുകൾ ഇവിടെ ഇരിക്കുന്നുണ്ട്. പക്ഷേ അതു ആലോചിക്കേണ്ടി വരും. നാം ബ്രിട്ടീഷ് പാരമ്പര്യത്തിൽനിന്നും അവരുടെ നിയമസമ്പ്രദായങ്ങളിൽനിന്നുമെല്ലാം സ്വീകരിച്ച് പലതും ഇന്നു ഇവിടെ നടപ്പാക്കിയിരിക്കുന്നു. നിയമങ്ങളും നടപടികളുമൊക്കെ അവസാനം വരുമ്പോൾ The benefit of doubt കുററവാളികൾക്ക് എന്നു പറയുന്ന സമ്പ്രദായം ഇന്നു നിലനിൽക്കുകയാണ്. അതിൽ അൽപ്പമെങ്കിലും ഒന്നു മാററം വരുത്താതെ എങ്ങനെയാണ് ഫലപ്രദമായി ഈ തരത്തിൽ കുററം ചെയ്യുന്നവരെ ഒന്നു ശിക്ഷിക്കുകയെങ്കിലും ചെയ്യുക. ഇതെല്ലാം ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ആലോചിക്കുന്ന കൂട്ടത്തിൽ ശ്രീ. ടി. കെ. രാമകൃഷ്ണൻ നിർദ്ദേശിച്ചതുപോലെ ഒരു പുതിയ സംവിധാനം വേണമോ ഇന്നത്തെ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തിയാൽ മതിയോ എന്നതുൾപ്പെടെ ആലോചിക്കണം. എന്തായാലും തരക്കേടില്ല, ഇന്നത്തെക്കാൾ കൂടുതൽ ബുദ്ധിപൂർവ്വം ഈ ആപത്തിനെതിരായി, ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ ക്യാൻസർപോലെ വളർന്നു വരുന്നു എന്നു പറഞ്ഞു, അതിനെതിരായ നടപടി സ്വീകരിക്കണം: നിഷ്കരുണമായി നടപടിയെടുക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അടുത്തകാലത്ത് സെക്രട്ടറിമാരുടെയും ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷൻമാരുടെയും ഒരു സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് അവരോട് ഞാൻ ആവശ്യപ്പെട്ട ഒരു കാര്യം, നമ്മുടെ ഡിപ്പാർട്ടുമെൻറുകളിലും ഉദ്യോഗസ്ഥമണ്ഡലത്തിലും പലതരത്തിലുള്ള വീഴ്ചകൾ ഉണ്ടാകും, അറിഞ്ഞും അറിയാതെയും മനഃപൂർവ്വവും മനഃപൂർവ്വമല്ലാതെയും

LIBRARY ARCHIVES Kerala Legislative Assembly

പല വീഴ്ചകളും ഉണ്ടാകും, അപ്പോൾ സെക്രട്ടറിമാരും ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻമാരും മനസ്സിൽ കരുതേണ്ട ഒരു കാര്യം അങ്ങനെയുള്ള വീഴ്ചകളുടെ കൂട്ടത്തിൽ, തെററിൻെറ കൂട്ടത്തിൽ അഴിമതി കാണിച്ച അനുഭവമുണ്ടായാൽ യാതൊരു ദാക്ഷിണ്യവും കാരുണ്യവും അങ്ങനെ അഴിമതികാണിച്ച ഉദ്യോഗസ്ഥൻമാരോട് കാണിക്കാൻ പാടില്ല എന്നാണ്. മററു എന്തു വേണമെങ്കിലും കുറെയൊക്കെ മാപ്പു കൊടുക്കുക, മറന്നുകളയുക, ക്ഷമിക്കുക, പക്ഷേ ഈ അഴിമതിക്കാരുടെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഉണ്ടാകാൻ പാടില്ല, അതു കർശനമായി നടപ്പാക്കാനുള്ള നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. ഈ അടിസ്ഥാനത്തിലാണ് ഞാൻ ഈ പ്രശ്നത്തെ സംബന്ധിച്ച് പരാമർശിച്ചിട്ടുള്ളത്. അതേസമയത്ത് ഈ പ്രശ്നങ്ങൾ കേവലം ഉദ്യോഗസ്ഥൻമാരുടെ അഴിമതിയുടെ പ്രശ്നം മാത്രമല്ല. ഈ പ്രശ്നം തീർച്ചയായും നമ്മുടെ സമൂഹത്തിൽത്തന്നെയുള്ള ഇന്നത്തെ ഏററവും ഗുരുതരമായ പ്രശ്നമാണ്. അതു വളർന്നു വരുന്നതിന് പല കാരണങ്ങളുമുണ്ട്. ഒരു കാര്യംമാത്രം പറയാം. ഈ രാജ്യത്ത് കുന്നുകൂടിയിട്ടുള്ളതുപോലെ കള്ളപ്പണം എവിടെയുണ്ട്? മററു രാജ്യങ്ങളിൽ ഉണ്ടാകാം. എന്നാൽ സ്വാതന്ത്ര്യം പ്രാപിച്ച് മുപ്പതു മുപ്പത്തിരണ്ട് കൊല്ലം കഴിഞ്ഞിട്ടുള്ള ഒരു രാജ്യത്ത് ഇന്നു **സമൂഹത്തിൽ** ഏററവും വലിയ പ്രശ്നമാണ് കള്ളപ്പണം. എല്ലാ അഴിമതിയുടേയും ഉറവിടം കള്ളപ്പണമാണെന്നു പറയാം. നമ്മുടെ രാജ്യത്ത് അഴിമതിയുടെ പ്രധാന ഉറവിടം, കള്ളപ്പണമാണ്. ഈ പ്രശ്നം ഭരണകക്ഷിയും പ്രതിപക്ഷവും ഒരുമിച്ച് കൈകാര്യം ചെയ്യണം. നമ്മുടെ ജനതാ മദ്ധ്യത്തിൽത്തന്നെ ഇതിനെതിരായ ബോധം വളർത്തിക്കൊണ്ടുവരേണ്ടത് ആവശ്യമാണ്. അതിനാവശ്യമായിട്ടുള്ള എല്ലാ നടപടികളും ആശയപരമായ പ്രവർത്തനങ്ങളും നമ്മൾ ഒരുമിച്ച് കൈക്കൊള്ളണം. വന്നുവന്നു നമ്മുടെ ആളുകളുടെ ഇടയിൽ ഇങ്ങനെയൊക്കെ നടക്കുകയുള്ളു, ഇങ്ങനെയൊക്കെ നിലനിൽക്കുകയുള്ളു എന്നൊരു മനോഭാവം വളർന്നുവന്നിട്ടുണ്ട്. അങ്ങനെ വന്നുകൂടാ. അതു അവസാനിപ്പിക്കാൻ ശ്രമിക്കണം. ഇതു മുഴുവൻ നിർമ്മാർജ്ജനം ചെയ്യാൻ കഴിയും. നാളെ നേരം വെളുക്കുമ്പോൾ എന്നു പറയുന്നില്ല. ഈ സഭ ഈ കാര്യത്തിൽ ഏകകണ്ഠമായ ഒരു നിലപാട് സ്വീകരിക്കണം. അതിനു വേണ്ടി ഗവൺമെൻറ് ആവുന്നത്ര നടപടികൾ ആത്മാർത്ഥമായി സ്വീകരിക്കും, അതിനുള്ള നിർദ്ദേശങ്ങളുമായി മുന്നോട്ടുവരും, ആ സമയത്ത് എല്ലാ ഭാഗത്തു നിന്നുമുള്ള പിൻതുണ ഉണ്ടാകണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

അഴിമതിക്കെതിരായ സംവിധാനത്തെ സംബന്ധിച്ച്, മെഷിനറിയെ സംബന്ധിച്ച് ഇവിടെ പല പരാമർശനങ്ങളും ഉണ്ടായി. ഇത്തരം വിമർശനം കേൾക്കുമ്പോൾ തെററിദ്ധാരണ ഉണ്ടാകരുതെന്നു ഞാൻ അപേക്ഷിക്കുകയാണ്. അതായത് നമ്മുടെ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചുള്ള വിമർശനങ്ങൾ ഇവിടെ നടക്കുന്നുണ്ട്. അത് ഉദ്യോഗസ്ഥൻമാരെ അടച്ച് ആക്ഷേപിക്കാൻ ആരും ആഗ്രഹിക്കുന്നതുകൊണ്ട് നടത്തുന്ന വിമർശനമല്ലെന്ന് നമുക്ക് എല്ലാവർക്കും അറിയാം. നേരെമറിച്ച് ഈ കാര്യങ്ങളെ സംബന്ധിച്ച് ചരിത്രപരമായ ഒരു വസ്തുതകൂടിയുള്ളത് ഓർക്കുന്നത് നല്ലതാണ്. നമ്മുടെ കയ്യിൽ പകർന്നുകിട്ടിയിട്ടുള്ള ഈ സംവിധാനം ഈ നാട്ടിൽ മറെറാരു ദേശത്തിനു വേണ്ടി ഉണ്ടാക്കിയ സംവിധാനമാണ്. ബ്രിട്ടീഷ് ഭരണകാലത്ത്, നാട്ടുരാജാക്കൻമാരുടെ ഭരണകാല ത്ത് ജനങ്ങളെ അടക്കിഭരിച്ച് അമർത്താൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിയ ഒരു സംവിധാനം നമുക്ക് പകർന്നുകിട്ടി. അതിൽ പല മാററങ്ങളും ഉണ്ടായിട്ടുണ്ട്, പതുക്കെപ്പതുക്കെ കുറെയേറെ മാററങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കമ്മിററികൾ വച്ചു, കമ്മീഷനുകൾ വച്ചു, റിപ്പോർട്ടുകൾ വന്നു. എങ്കിൽപ്പോലും 100, 150, 200 കൊല്ലക്കാലം ഈ രാജ്യത്തു നിലനിന്ന ഒരു മർദ്ദക ഭരണയന്ത്രം, ജനങ്ങളെ അടക്കി ഭരിക്കാൻവേണ്ടി പ്രത്യേകമായ ഉന്നംവച്ച് ഉണ്ടാക്കിയ ഒരു ഭരണയന്ത്രം തികച്ചും വ്യത്യസ്തമായ ഉദ്ദേശത്തിനുവേണ്ടി, കടകവിരുദ്ധമായ ഉദ്ദേശത്തിനുവേണ്ടി ഉപയോഗിക്കണം. ഇന്നത്തെ ഭരണയന്ത്രത്തിന്റെ മുഖ്യമായ കടമ ഈ രാജ്യത്തെ ജനങ്ങൾക്ക് ഉപകാരപ്രദമായ പരിപാടികൾ ഗവൺമെന്റ് ആസൂത്രണം ചെയ്യുന്നത് എത്രയും കാര്യക്ഷമമായും കാലതാമസവുമില്ലാതെ ആത്മാർത്ഥമായി നടപ്പാക്കുക എന്നതാണ്. പരിപാടികൾ ആവിഷ്കരിക്കുന്നതുപോലെയോ അതിനേക്കാൾ കൂടുതലോ പ്രധാനമാണ് ആ പരിപാടികൾ നടപ്പാക്കുന്ന കാര്യമെന്നത് തീർച്ചയായും ഞാൻ സമ്മതിക്കുന്നു. അതു സമ്മതിക്കാതെതന്നെ സ്വയം സിദ്ധമായിട്ടുള്ള കാര്യമാണ്. അവിടെ തീർച്ചയായും പോരായ്മകളുണ്ട്, അത് ആർക്കാണ് അറിഞ്ഞുകൂടാത്തത്? ഇല്ലെന്നു പറയുന്നില്ല. അതു എല്ലാവർക്കും അറിവുള്ള കാര്യമാണ്. ബഹുമാനപ്പെട്ട മെമ്പറൻമാരിൽ പലരും അതു ഈ ഭാഗത്തുനിന്നും ചൂണ്ടിക്കാണിച്ചതാണ്. അങ്ങനെ പറഞ്ഞാൽ പ്രതിപക്ഷത്തിരിക്കുന്നവർ അതേ ചാടിപ്പിടിച്ച് ഇതാ ഭരണകക്ഷിക്കാർ പറയുന്നതു കേട്ടില്ലേ, സിറിയക് ജോൺ പറയുന്നതു കേട്ടില്ലേ, കല്ലട നാരായണൻ പറയുന്നതു കേട്ടില്ലേ, നിങ്ങൾ രാജിവയ്ക്കൂ എന്നു പറയും. സിറിയക് ജോൺ പറയുന്നതുകേട്ടില്ലേ, അതുകൊണ്ട് നിങ്ങൾ രാജിവയ്ക്കൂ എന്നുള്ള മനഃപാഠം പഠിച്ചിരിക്കുകയാണ്. രാജിവയ്ക്കൂ എന്നുള്ളത് കാണാപാഠം പഠിച്ചിരിക്കുകയാണ്. അങ്ങനെയൊരു ഉദ്ദേശം ഈ പറഞ്ഞതിൽ ഇല്ല എന്നു നമുക്കെല്ലാവർക്കും അറിയാം.

നേരെമറിച്ച് ഈ ഭരണകക്ഷി അംഗങ്ങൾ ഈ കാര്യങ്ങളൊക്കെ അവരുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ പറയണമെന്നുതന്നെയാണ് പറയുന്നത്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. ആ അനുഭവങ്ങൾ വിലപിടിച്ച അനുഭവങ്ങളാണ്. എന്നുതന്നെയുമല്ല ഇവിടെ ബഹുമാനപ്പെട്ട മുസ്ലീംലീഗു മെമ്പറും അതുപോലെ മററു സാമാജികൻമാരും നിർദ്ദേശിച്ചു, മന്ത്രിമാർ ജില്ലകളിൽ പോയി ജനങ്ങളെ നേരിട്ടു കാണണം. അങ്ങനെയൊരു തീരുമാനം ഉണ്ടായിരുന്നു. ആ തീരുമാനം നിർഭാഗ്യവശാൽ വേണ്ടതുപോലെ നടപ്പിലായിട്ടില്ല. ശ്രീ. സ്ബാസ്റ്റ്യനും മററും ഇവിടെ പറഞ്ഞു. അതുപോലെ ജില്ലാ ഉദ്യോഗസ്ഥൻമാർ പഞ്ചായത്തുകളിലൊക്കെ കൂടുതൽ പോകണം. ജനങ്ങളുമായി നേരിട്ടു ബന്ധം വേണം. അതിന്റെകൂടെ ശ്രീ. ടി.കെ. രാമകൃഷ്ണൻ പറഞ്ഞു- അതൊരു വൈരുദ്ധ്യമാണ്—മന്ത്രിമാരെ ഇവിടെ കാണാനില്ല. പലപ്പോഴും ഒരു മന്ത്രിപോലും ഇവിടെ ഇല്ല എന്ന്. പലരും എപ്പോഴും സർക്കീട്ടാണെന്നു പറഞ്ഞു. പലരും എപ്പോഴും സർക്കീട്ടാണെന്നു പറയുന്നതൊക്കെ വസ്തുതകൾ വച്ചുപരിശോധിക്കണം. ആ കാര്യത്തിൽ ഞങ്ങൾക്കും ചില തീരുമാനങ്ങളൊക്കെയുണ്ട്. ഞങ്ങളും ചില തീരുമാനങ്ങളൊക്കെ എടുത്തിട്ടുണ്ട്. ഇല്ലെന്ന് ആരും വിചാരിക്കേണ്ട. ഒരാഴ്ചയിൽ ഇത്ര ദിവസമെങ്കിലും തലസ്ഥാനത്ത് ഉണ്ടായിരിക്കണം. ഇത്ര ദിവസത്തിൽ കൂടുതലൊന്നും യാത്ര പാടില്ല, ഇതിനെക്കുറിച്ചൊക്കെ ഞങ്ങൾക്കൊന്നും അറിഞ്ഞുകൂടാത്ത കൊച്ചുകുട്ടികളാണോ?

ശ്രീ. പി.ബി.ആർ. പിള്ള: ഈ മന്ത്രിസഭ തീരുമാനമെടുത്തു എന്നു പറഞ്ഞു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ അഖിലലോക പര്യടനം നടത്തിയത്?

ശ്രീ. പി.കെ. വാസുദേവൻനായർ: ഞാൻ പറയാൻ ഉദ്ദേശിച്ചതല്ലെങ്കിലും ശ്രീ. പി.ബി.ആർ. പിള്ളയോട് ഒരുകാര്യം പറയാം. ഇങ്ങനെ മന്ത്രിമാർ വല്ലപ്പോഴും വിദേശയാത്ര നടത്തുന്നത് മഹാപാപമൊന്നുമല്ല. ഏതെങ്കിലും ആവശ്യത്തിനുവേണ്ടി മന്ത്രിമാർ വല്ല സ്ഥലത്തും പോകുന്നത് കുററമായിട്ടും തെററായിട്ടും ഒന്നും ഞാൻ ധരിച്ചിട്ടില്ല. ഒരു മഹാപാപവും അതിനകത്തില്ല. ആവശ്യമുള്ള കാര്യങ്ങൾക്കൊഴിച്ച് അനാവശ്യമായ യാത്രകൾ ഒഴിവാക്കണമെന്നു പറയുന്നതോടൊപ്പം ജില്ലകളുമായി ബന്ധപ്പെടുകയും ജനങ്ങളുമായി കൂടുതൽ ബന്ധപ്പെടുകയും ചെയ്യുകയെന്നത് വളരെ ആവശ്യമുള്ള കാര്യങ്ങളാണ്. നമ്മുടെ ഇന്നത്തെ ഭരണയന്ത്രത്തിന്റെ സ്വഭാവത്തിൽ മാററംവരണം, അതിന്റെ സമീപനത്തിൽ മാററംവരണം, ആ അടിസ്ഥാനത്തിലാണ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പലരും പലതും പറഞ്ഞത്. അതുമായി ബന്ധപ്പെട്ട രണ്ടു കാര്യങ്ങളാണ് ഉള്ളത്, ഒന്ന് ഭരണഭാഷയുടെ കാര്യം. ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്ന് ഇവിടെ ഉന്നയിക്കപ്പെടേണ്ട പ്രശ്നമായിരുന്നു. അപൂർവ്വം ചില ബഹുമാനപ്പെട്ട മെമ്പർമാർ പറയുകയും ചെയ്തു. ജനങ്ങളുടെ ഭരണമെന്നു പറഞ്ഞാൽ അവരുടെ ഭാഷയിൽക്കൂടിതന്നെയായിരിക്കണം, അടിമുടി. അതിനുവേണ്ടിയുള്ള തീരുമാനങ്ങൾ നമ്മൾ എടുത്തിട്ടുണ്ടെങ്കിലും ആ തീരുമാനങ്ങൾ ഉദ്ദേശിക്കുന്നപോലെ വേഗത്തിൽ നടപ്പിലാക്കാൻ കഴിയുന്നില്ല എന്ന പരാതിക്കാരനാണ് ഞാൻ തന്നെ. ശ്രീ. എം.വി. രാഘവൻ ചോദിക്കുന്നു പിന്നെ എന്തിനാണെന്ന്. അതുകൊണ്ട് ആ നയം തെററാണെന്നല്ല. ആ നയം ശരിയാണ്. ആ നയം എത്രയുംവേഗം നമ്മളെല്ലാവരും ചേർന്ന് നടപ്പാക്കണം.

അതുപോലെതന്നെ ജില്ലാതലത്തിലുള്ള ആസൂത്രണം. ജില്ലാ തലത്തിലുള്ള ആസൂത്രണത്തെപ്പററി ഇവിടെ പ്രതിപക്ഷത്തുനിന്ന് പല മെമ്പർമാരും ചോദിച്ചു, ജില്ലാ തലത്തിലുള്ള ആസൂത്രണം എവിടെവരെയായി എന്ന്. മൂന്നു ജില്ലകളിൽ നമുക്ക് ജില്ലാ പ്ലാനിംഗ് ആഫീസർമാരെ നിയമിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി എട്ടു ജില്ലകളിലും അടുത്ത രണ്ടുമാസത്തിനുള്ളിൽ—അതിൽക്കവിഞ്ഞ സമയം എടുക്കേണ്ടിവരുമെന്നു തോന്നുന്നില്ല—ജില്ലാ പ്ലാനിംഗ് ആഫീസർമാരെ നിയമിക്കാൻകഴിയും. ഈ ജില്ലകളിലെ പ്ലാനിംഗ് സംവിധാനം എങ്ങനെ ആയിരിക്കണമെന്ന് പ്ലാനിംഗ് കമ്മീഷൻതന്നെ നിർദ്ദേശിച്ചിട്ടുണ്ട്. അവർ ദണ്ഡവതേ കമ്മിററിയെ നിയമിച്ച് അതിനെസംബന്ധിച്ച് അന്വേഷണം നടത്തി....

ശ്രീ. ഇ. അഹമ്മദ്: പ്ലാനിംഗ് ആഫീസർമാരായി ഐ.എ.എസ്സ് ആഫീസർമാരെത്തന്നെ നിയമിക്കണമെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ടോ?

ശ്രീ. പി.കെ. വാസുദേവൻനായർ: ഗവൺമെന്റ് അങ്ങനെയാണ് ആദ്യം തീരുമാനിച്ചത്. എന്നാൽ ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരെ ആ ഉദ്യോഗങ്ങൾക്കുവേണ്ടി വേണ്ടത്ര ഇപ്പോൾ ലഭിക്കാത്തതുകൊണ്ട് അതിനു കാത്തുനിൽക്കാതെതന്നെ ഈ ഗവൺമെന്റിലുള്ള ഏതു ഡിപ്പാർട്ടു

LIBRARY ARCHIVES Kerala Legislative Assembly

മെന്റിൽ നിന്നും ഡെപ്യൂട്ടേഷനായിട്ടോ കോൺട്രാക്ട് അടിസ്ഥാനത്തിലോ പ്രധാനമായി ഡെപ്യൂട്ടേഷൻ ആയിട്ട്—ഈ ഉദ്യോഗങ്ങൾക്കു പററുന്നവരെ ഇപ്പോൾ തിരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഉടൻതന്നെ അങ്ങനെയുള്ളവരെ തിരഞ്ഞെടുക്കുന്നതും അവരെ പോസ്ററു ചെയ്യുന്നതുമാണ്. അങ്ങനെ ജില്ലാ സംവിധാനം 11 ജില്ലകളിലും ഉടൻതന്നെ ഞങ്ങൾ തീരുമാനിക്കുന്നതാണ്.

സർ, അതുപോലെതന്നെ ഇവിടെ മന്ത്രിമാരുടെ പേഴ്സണൽ സ്ററാഫിനെപ്പററിയൊക്കെ വീണ്ടും ശ്രീ. ഭാസ്കരൻ നായർ പറഞ്ഞു. ഇഷ്ടംപോലെ മന്ത്രിമാർ പേഴ്സണൽസ്ററാഫിനെ നിയമിക്കുന്നു എന്നു പറഞ്ഞു. ഞാൻ ഇവിടെ മുമ്പൊരു ചോദ്യത്തിന് ഉത്തരം പറഞ്ഞു, അങ്ങനെ ഒരു മന്ത്രിക്കും ഇഷ്ടംപോലെ വയ്ക്കാൻ പററുകയില്ല എന്ന്. അതിന് ഗവൺമെൻറിന് വ്യക്തമായ തീരുമാനങ്ങളുണ്ട്, പാറ്റേണുണ്ട്. ആ അടിസ്ഥാനത്തിലുള്ള നിയമനമല്ലാതെ മന്ത്രിമാർ തോന്നിയതുപോലെ ഇഷ്ടം പോലെ വയ്ക്കുന്നു എന്ന പ്രസ്താവന ശരിയല്ല, ഒന്ന്. രണ്ട് കേരളത്തിലെ മന്ത്രിമാർക്കുള്ള പേഴ്സണൽ സ്ററാഫ് ഇൻഡ്യയിൽ മറെറവിടെയും ഇല്ലാത്ത സ്ററാഫാണ്, ഒരു സൈന്യംപോലെയുണ്ട് എന്ന് ചില പരാമർശനങ്ങൾ ഈ സഭയിലും പുറത്തും നടക്കാറുണ്ട്.

<u>ശ്രീ. എൻ. ഭാസ്കരൻ നായർ</u>: ഒരു അപ്പൻഡിക്സിൽ എട്ട് മലയാളം ടൈപ്പിസ്ററിനെ ഒരു മന്ത്രിയുടെ പേഴ്സണൽ സ്ററാഫിൽ എടുത്തതായി കണ്ടു. അതു ശരിയാണോ; അങ്ങനെയുണ്ടെങ്കിൽ അത് കൂടുതലാണെന്നു തോന്നുന്നുണ്ടോ?

<u>ശ്രീ. പി.കെ. വാസുദേവൻ നായർ</u>: തീർച്ചയായിട്ടും അത് തെററായ ഒരു വസ്തുതയാണ്. അങ്ങനെ ഒരിക്കലും സംഭവിക്കുകയില്ല. എവിടെയാണെന്നു പറഞ്ഞാൽ പരിശോധിക്കുകയും ചെയ്യാം. അങ്ങനെ ഒരിക്കലും നടക്കുകയില്ല. സർ, ഞാൻ അതും പരിശോധിക്കാൻ ശ്രമിച്ചു; ചില പത്രങ്ങളിൽ എഴുതിയതുകൊണ്ട്. മററു സംസ്ഥാനങ്ങളിലെ വിവരം കുറേയധികം ശേഖരിച്ചു. എല്ലാ സംസ്ഥാനങ്ങളിലേയും വിവരം ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല, പല സംസ്ഥാനങ്ങളിലേയും വിവരം ശേഖരിച്ചപ്പോൾ എനിക്കു കാണാൻ കഴിഞ്ഞത് മിക്ക സംസ്ഥാനങ്ങളെയും അപേക്ഷിച്ച് കേരളത്തിൽ പേഴ്സണൽ സ്ററാഫിൻെറ വലിപ്പം കുറവാണെന്നാണ്. അപ്പോൾ അതും തെററായ ഒരു ധാരണയാണ്.

സർ, അതുപോലെ ശ്രീ. രാമപ്പ ഇവിടെ പണ്ടും പലപ്പോഴും പറയാറുള്ള ഒരു കാര്യം ഒരുമിച്ചു പറഞ്ഞു, അതായത് കാസർകോട് പ്രദേശത്തിൻെറ പിന്നോക്കാവസ്ഥ. അതിൻെറ വികസനത്തിനുവേണ്ടി ഗവൺമെൻറ് ഒരു കമ്മിററിയെ നിയമിച്ചു. ചന്ദ്രഭാനു കമ്മിററി. ആ കമ്മിററിയുടെ നിർദ്ദേശങ്ങൾ ഇപ്പോഴും ശരിക്കു നടപ്പിലാക്കുന്നില്ല. അദ്ദേഹത്തിനുതന്നെ അറിയാം. അദ്ദേഹം അടുത്തകാലത്ത് ഞങ്ങളെ എല്ലാവരേയും കണ്ട് കാര്യങ്ങൾ ധരിപ്പിച്ചതാണ്. കാസർകോടുനിന്ന് ഒരു പ്രതിനിധിസംഘം വന്നിരുന്നു. ഗവൺമെൻറ് കഴിയുന്നത്ര വേഗത്തിൽ ആ നിർദ്ദേശങ്ങളെല്ലാം നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. അതിൽ കൂടുതലും നടപ്പിലാക്കാൻ ഗവൺമെൻറ് പ്രതിജ്ഞാബദ്ധമാണ്. വിദ്യുച്ഛക്തിയുടെ കാര്യത്തിൽ എനിക്കു

2/463—15

തന്നെ അതിന്റെ ചുമതലയുള്ളതുകൊണ്ട് എനിക്ക് നേരിട്ടറിയാം. നിർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമാണ്. മലബാർ ഭാഗത്തേക്ക് ഉദ്യോഗസ്ഥൻമാരെ സ്ഥലംമാററിയാൽ പലരും അങ്ങോട്ടുപോവുകയില്ല. അവിടെയുള്ള ഉദ്യോഗങ്ങൾ പലതും ഒഴിഞ്ഞുകിടക്കുകയാണ്. ഈ സഭയിലും മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ട്. ഇത് അവസാനിപ്പിക്കണം. ശ്രീ. പി. ഭാസ്കരൻ മലബാറിനെ, പ്രത്യേകിച്ച് കണ്ണൂരിനെ അവഗണിക്കുന്ന കാര്യം പറഞ്ഞു. നിർഭാഗ്യകരമായ ഒരു പ്രസ്താവനയാണ് അത്. ഈ ഗവൺമെൻറിന്റെയോ മന്ത്രിമാരിൽ ആരുടെയെങ്കിലുമോ മനസിന്റെ ഒരു കോണിൽപ്പോലും ഇങ്ങനെ ഒരാശയം ഇല്ല. കേരളത്തെ മുഴുവൻ ഒന്നായിക്കണ്ട് പ്രത്യേകിച്ചും പിന്നോക്കം കിടക്കുന്ന പ്രദേശങ്ങൾക്ക് പരിഗണന നൽകി വികസനപ്രവർത്തനങ്ങൾ ഏറെറടുത്തു നടത്തുകയാണ് ഈ ഗവൺമെൻറിന്റെ നയം. സമീപകാലത്ത് കാസർകോട്, വയനാട്, അട്ടപ്പാടി, ഇടുക്കി എന്നീ പിന്നോക്കം കിടക്കുന്ന പ്രദേശങ്ങൾക്കുവേണ്ടി പ്രത്യേകം പണം നീക്കിവയ്ക്കാനും അവിടെയുള്ള പ്രവർത്തനങ്ങൾ നടത്താനും ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്. അതുകൊണ്ട് കണ്ണൂർ ജില്ലയേയോ മലബാർ പ്രദേശത്തെയോ മലമ്പ്രദേശത്തെയോ ഒന്നും അവഗണിക്കുന്ന പ്രശ്നമില്ല. നമ്മുടെ കഴിവിന്റെ പരമാവധി ഉപയോഗിച്ച് തീർച്ചയായും ഈ പരിപാടികൾ നടപ്പാക്കും. ആ കൂട്ടത്തിൽ ഇലക്ട്രിസിററിയെ സംബന്ധിച്ച് പലപ്പോഴും അൽപ്പം ബുദ്ധിമുട്ടുണ്ട്. 100 ഉദ്യോഗസ്ഥൻമാർ വേണ്ടിടത്ത് 50 പേർ പോലും ഇല്ലാത്തസ്ഥിതിയാണുള്ളത്. ഗവൺമെൻറല്ലേ നിങ്ങൾക്കു ചെയ്തുകൂടേ എന്നൊക്കെ ചോദിച്ചാൽ അതിന് പല തീരുമാനങ്ങളും എടുത്തിട്ടുണ്ട്. ഞങ്ങൾ അവസാനം ഒരു തീരുമാനമെടുത്തത് മൂന്നുകൊല്ലമെങ്കിലും അങ്ങോട്ട് ഉദ്യോഗസ്ഥൻമാരെ അയച്ചാൽ അവർ അവിടെ ഇരിക്കണം, യാതൊരു കാരണവശാലും, അത്ര വലിയ ഒരു കാര്യമാണെങ്കിൽ ഒരുപക്ഷേ ഞങ്ങളെല്ലാവരുംകൂടി ആലോചിച്ചുവേണം തിരിച്ച് ഇങ്ങോട്ട് മാററം കൊടുക്കാൻ എന്ന് ഞങ്ങൾ ആലോചിക്കുകയാണ്. അല്ലാതെ ഒരു മന്ത്രിപോലും ഒററയ്ക്കു തീരുമാനിക്കുന്നത് ചിലപ്പോൾ ഞങ്ങൾ മാററിവച്ചേക്കും. അവിടെ ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നുണ്ട്. കാസർകോടു പ്രദേശത്തുള്ള എല്ലാ ഗ്രാമങ്ങളിലും ഈ 31-ാം തീയതിക്കുമുമ്പ് വെളിച്ചം എത്തും. അതു ഞാൻ നേരത്തെ പറഞ്ഞിട്ടുള്ള ഒരു കാര്യമാണ്. അത്തരത്തിലുള്ള നടപടി സ്വീകരിക്കുന്നതാണ്. തെററിദ്ധാരണയൊന്നും വേണ്ട, കേരളത്തിലുള്ള വൈദ്യുതീകരിക്കപ്പെടാത്ത ഗ്രാമങ്ങളിൽ ഈ 31-ാം തീയതിക്കു മുൻപായി വൈദ്യുതി എത്തിച്ചേരും. അതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

പൊതുഭരണത്തെസംബന്ധിച്ച ചർച്ചയിൽ മുഖ്യമായി ഉയർന്നുവന്ന ആശയങ്ങളെ ഞാൻ വളരെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുന്നു. ഗവൺമെൻറ് ആവിഷ്കരിക്കുന്ന പരിപാടികളെ സംബന്ധിച്ചുള്ള സവിസ്തരമായ ചർച്ച ഇവിടെ ബഡ്ജററിന്റെ പൊതുചർച്ചയിൽ നടന്നു. ആ പരിപാടികൾ ഗവൺമെൻറു ആവിഷ്കരിച്ചിട്ടുള്ളത് ദുർബല ജനവിഭാഗങ്ങളെ പ്രധാനമായും മനസ്സിൽ കണ്ടുകൊണ്ടാണ്. കാർഷിക വ്യാവസായിക മേഖലകൾക്കു മുൻതൂക്കം നൽകിക്കൊണ്ടുള്ള പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. സമഗ്ര കാർഷികവികസന പദ്ധതിയെസംബന്ധിച്ചു ഞാൻ പറഞ്ഞു. ഈ പദ്ധതികളെല്ലാം ഫലപ്രദമായി ജനങ്ങൾക്കു എത്രയും പെട്ടെന്നു പ്രയോജനം കിട്ടത്തക്ക വിധത്തിൽ നടപ്പിലാക്കാൻവേണ്ടി നമ്മുടെ ഭരണസംവിധാനത്തെ ഉടച്ചു

LIBRARY ARCHIVES Kerala Legislative Assembly

വാർക്കാനും അതിനാവശ്യമായ മാററങ്ങരം ഉണ്ടാക്കാനും ഈ സഭയുടെ പിന്തുണയോടുകൂടി ഗവൺമെൻറു പരിശ്രമിക്കുന്നതാണ്. ആ പരിശ്രമത്തിൽ ഗവൺമെൻറു വിജയിക്കുമെന്നു എനിക്ക് പൂർണ്ണവിശ്വാസമുണ്ട്. അതുകൊണ്ട് ഈ ധനാഭ്യർത്ഥന സഭ പാസ്സാക്കിത്തരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

The cut-motion moved by Shri N. I. Devassikutty was put and lost.

The cut-motion moved by Shri M. P. Gangadharan was put and lost.

The cut-motion moved by Shri V. Eacharan was put and lost.

The cut-motion moved by Shri T. K. Ramakrishnan was put and lost.

Shri T. K. Ramakrishnan: Sir I demand a poll.

A poll was taken when the House divided as follows:

Ayes 39

1. ശ്രീ. ടി.കെ. അബ്ദു..
2. ഡോക്ടർ കെ.ജി. അടിയോടി
3. ശ്രീ. കെ. അനിരുദ്ധൻ
4. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
5. ശ്രീ. പി. ബാലൻ
6. ശ്രീ. പി. ഭാസ്ക്കരൻ
7. ശ്രീ. എൻ. ഭാസ്ക്കരൻ നായർ
8. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
9. ശ്രീ. കെ. ചന്ദ്രശേഖരൻ
10. ശ്രീ. ചടയൻ ഗോവിന്ദൻ
11. ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി
12. ശ്രീ. വി. ഈച്ചരൻ
13. ശ്രീ. പി.പി. എസ്തോസ്
14. ശ്രീ. കെ.ജെ. ജോർജ്
15. ശ്രീ. കെ. കരുണാകരൻ
16. ശ്രീ. പി. കരുണാകരൻ
17. ശ്രീ. എം.കെ. കൃഷ്ണൻ
18. ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള
19. ശ്രീ. എ.പി. കുര്യൻ
20. ശ്രീ. പി.പി.വി. മൂസ്സ.
21. ശ്രീ. ടി.എച്ച്. മുസ്തഫ
22. ശ്രീ. ഇ. നാരായണൻ നായർ
23. ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി
24. ശ്രീ. വക്കം പുരുഷോത്തമൻ
25. ശ്രീ. എം.വി. രാഘവൻ
26. ശ്രീ. കെ. രാഘവൻ മാസ്ററർ
27. ശ്രീ. എ.എ. റഹീം
28. ശ്രീ. എം.വി. രാജൻ
29. ശ്രീ. ടി.കെ. രാമകൃഷ്ണൻ
30. ശ്രീ. കെ.പി. രാമൻ

LIBRARY ARCHIVES Kerala Legislative Assembly

31. ശ്രീ. പി.ബി.ആർ. പിള്ള
32. ശ്രീ. പി.ആർ. കുറുപ്പ്
33. ശ്രീ. പി.കെ. ശങ്കരൻ കുട്ടി
34. ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി
35. ശ്രീ. എസ്. തങ്കപ്പൻ പിള്ള
36. ശ്രീ. പി.ജെ. തോമസ്
37. ശ്രീ. സി. വാസുദേവമേനോൻ
38. ശ്രീ. പിണറായി വിജയൻ
39. ശ്രീ. സേവ്യർ അറയ്ക്കൽ

Noes 66

1. ശ്രീ. എം.പി. എം. അബ്ദുള്ളാ കുരിക്കൾ
2. ശ്രീ. ഇ. അഹമ്മദ്
3. ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി
4. ശ്രീ. ആര്യാടൻ മുഹമ്മദ്
5. ശ്രീ. ബേബി ജോൺ
6. ശ്രീ. കെ.കെ. ബാലകൃഷ്ണൻ
7. ശ്രീ. യു.എ. ബീരാൻ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. കെ.ജെ. ചാക്കോ
10. ശ്രീ. പി.കെ. ചാത്തൻമാസ്റ്റർ
11. ശ്രീ. ജെ. ചിത്തരഞ്ജൻ
12. ശ്രീ. സിറിയക് ജോൺ
13. ശ്രീ. ദാമോദരൻ കാളാശ്ശേരി
14. ശ്രീ. ഈപ്പൻ കണ്ടക്കുടി
15. ശ്രീ. ഈപ്പൻ വർഗ്ഗീസ്
16. ശ്രീ. പി.ആർ. ഫ്രാൻസീസ്
17. ശ്രീ. പി.കെ. ഗോപാലകൃഷ്ണൻ
18. ശ്രീ. ഇ.പി. ഗോപാലൻ
19. ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാർ
20. ശ്രീ. എം.കെ. ഹേമചന്ദ്രൻ
21. ശ്രീ. എ.എൽ. ജേക്കബ്
22. ശ്രീ. ടി.എം. ജേക്കബ്
23. ശ്രീ. ടി.എസ്. ജോൺ
24. ഡോക്ടർ കെ.സി. ജോസഫ്
25. ശ്രീ. പി.സി. ജോസഫ്
26. ശ്രീ. പി.ജെ. ജോസഫ്
27. ശ്രീ. വി.ജെ. ജോസഫ്
28. ശ്രീ. ഇ.കെ. പിള്ള
29. ശ്രീ. എം.കെ. കേശവൻ
30. ശ്രീ. കിട്ടപ്പ നാരായണസ്വാമി
31. ശ്രീ. കെ.ടി. കുമാരൻ
32. ശ്രീ. കാന്തലോട്ടു കുഞ്ഞമ്പു
33. ശ്രീ. സി.എ. കുര്യൻ
34. ശ്രീ. ലോനപ്പൻ നമ്പാടൻ

LIBRARY ARCHIVES Kerala Legislative Assembly

35. ശ്രീ. ഒ. ലൂക്കോസ്
36. ശ്രീ. ടി.എ. മജീദ്
37. ശ്രീ. കെ. എം. മാണി
38. ശ്രീ. എം.വി. മാണി
39. ശ്രീ. കെ.എ. മാത്യു
40. ശ്രീ. എൻ.പി. മൊയ്തീൻ
41. ശ്രീ. സി.എച്ച്. മുഹമ്മദുകോയ
42. ശ്രീ. കെ. നാരായണക്കുറുപ്പ്
43. ശ്രീ. കല്പട നാരായണൻ
44. ശ്രീ. കെ.പി. നൂറുദ്ദീൻ
45. ശ്രീ. ഉമ്മൻ ചാണ്ടി
46. ശ്രീ. കെ. പങ്കജാക്ഷൻ
47. ശ്രീ. ടി.എ. പരമൻ
48. ശ്രീ. കെ. പി. പ്രഭാകരൻ
49. ശ്രീ. എം.കെ. രാഘവൻ
50. ശ്രീ. വി.കെ. രാജൻ
51. ശ്രീ. കണിയാപുരം രാമചന്ദ്രൻ
52. ശ്രീ. എം. രാമപ്പ
53. ശ്രീ. പി. ശങ്കർ
54. ശ്രീ. കെ. ശങ്കരനാരായണൻ
55. ശ്രീ. വി.ടി. സെബാസ്റ്റ്യൻ
56. ശ്രീ. ബി.എം. ഷെറീഫ്
57. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്കൽ
58. ശ്രീ. പി.എസ്. ശ്രീനിവാസൻ
59. ശ്രീ. സി.എം. സുന്ദരം
60. ശ്രീ. തോമസ് ജോസഫ്
61. ശ്രീ. ത്യാഗരാജൻ
62. ശ്രീ. ആർ.എസ്സ്. ഉണ്ണി
63. ശ്രീ. കെ.സി. വാമദേവൻ
64. ശ്രീ. പി.കെ. വാസുദേവൻ നായർ
65. ശ്രീ. എ.എൻ. യൂസഫ്
66. ശ്രീ. സ്റ്റീഫൻ പാദുവ

Neutrals—Nil

Mr. Speaker:	For the Cut-motion	:	39
	Against the cut-motion	:	66
	Neutrals	:	Nil

The cut-motion moved by Shri T. K. Ramakrishnan was declared lost.

The cut-motion moved by Shri C. Vasudeva Menon was put and lost.

The cut-motion moved by Shri M. K. Krishnan was put and lost.

The cut-motion moved by Shri A. Neelalohithadasan Nadar was put and lost.

LIBRARY ARCHIVES Kerala Legislative Assembly

The question that Government be granted a sum of Rs. 4,50,55,000 under Demand II. Heads of States, Ministers and Headquarters Staff were put and carried.

The Demand was passed and the grant was made.

Mr. Speaker: Order..............Order......................The House will now adjourn to meet again tomorrow at 8.30 a.m.

1979 മാർച്ച് 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്ക് 1.37 ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly